യൂണി ഭാരവാഹികളുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രിൻസിപ്പൽ പ്രൊഫ. **മേജർ ഐസക് തോമസ്** സത്യവാചകം ചൊല്ലിക്കൊടുത്തു. **ഡോ. ഫിലിപ്പ് ജോൺ** യൂണിയൻ അഡ്വൈസറായും **ശ്രീ. വി. എ. പോൾ** യൂണിയൻ ട്രഷററായും. **ശ്രീ സി എം. ജോർജ്** ആർട്സ് ക്ലബ് ഡയറക്ടറായും ചുമതലയേറ്റു.

28—10—1997 ൽ യൂണിയൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 97—98 അധ്യയന വർഷത്തെ യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം **ശ്രീ വേളൂർ കൃഷ്ണൻകുട്ടി** നിർവ്വഹിച്ചു. അഡ്വ. **കൊച്ചുറാണി.** ആശംസാപ്രസംഗം നടത്തി.

കൊച്ചിൻ കലാഭവന്റെ **മിമിക്സ് പരേഡ്** ഉൽഘാടനത്തോടനുബന്ധിച്ച് നടത്തി.

10—11—97 ൽ ആർട്ട്സ് ക്ലബിന്റെ പ്രവർത്തനോദ്ഘാടനം സിനിമാ താരം കുമാരി ദിവ്യ ഉണ്ണി നിർവ്വഹിച്ചു. തുടർന്ന് വോയ്സ് ഓഫ് ദേവമാതാ ഗാനമേള അവതരിപ്പിച്ചു.

യൂണിയൻ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു 'റിപ്പബ്ലിക്ക '98'. 26—1—98 ൽ റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച പ്രസ്തുത ചടങ്ങിൽ പൊതുയോഗവും യോഗാനന്തരം വർണ്ണാഭമായ റാലിയും നടന്നു. ചിന്തോദ്ദീപകമായ നിശ്ചല ദൃശ്യങ്ങൾ റാലിയെ മോടിപിടിപ്പിച്ചു. കോളേജ് മാനേജർ വെരി. റവ. ഫാ. ഈനാസ് ഒററത്തെങ്ങുങ്കൽ പതാക ഉയർത്തി. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. കെ. വി. കുര്യൻ റിപ്പബ്ലിക് ദിനസന്ദേശം നൽകി. വെരി. റവ. ഫാ. മാനേജർ റാലിയും ഫ്ളാഗ് ഓഫ് ചെയ്തു. അസോസിയേഷൻ അടിസ്ഥാനത്തിൽ ക്രമീകരിക്കപ്പെട്ട റാലിയിൽ അദ്ധ്യാപകരുടെ സാന്നിധ്യവും എൻ.സി.സി. കേഡററുകളുടെ മാർച്ചും ശ്രദ്ധേയമായി. മികച്ച റാലിയ്ക്കും നിശ്ചലദൃശ്യത്തിനും ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു.

ആർട്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ വിവിധ കലാമത്സരങ്ങൾ നടത്തുകയും വിജയികൾക്ക് സർട്ടിഫിക്കററുകൾ വിതരണം ചെയ്യുകയും ചെയ്തു.

വർണ്ണാഭമായ സ്പോർട്സ് മീററും ഉണ്ടായിരുന്നു.

# സ്നേഹത്തിൻെറ മുള്ളുകൾ

വീശിയടിച്ച ശീതകാററിനോടൊപ്പമാണവൻ വന്നത്... "അലോഷ്യസ്", ഇലകൊഴിയും ശിശിരത്തിലെ ഒരു സന്ധ്യയിൽ... കാററിലവൻെറ ചെമ്പൻ മുടിയിഴകൾ ഉലഞ്ഞാടി. പിഞ്ഞിത്തുന്നിയ ജീൻസിനപ്പോൾ ചെമ്മണ്ണിൻെറ നിറം... അലോഷിയുടെ നിറമിഴികളിൽ വേട്ടയാടപ്പെടുന്ന മാൻകുഞ്ഞിൻെറ ഭയവിഹ്വലതകൾ.

നാട്ടുപാതകളിലപ്പോൾ ആരുമുണ്ടായിരുന്നില്ല. മൈതാനങ്ങൾ ഉപേക്ഷിച്ച് കുട്ടികൾ ഗൃഹപാഠങ്ങളിലേക്ക് മടങ്ങിയിരുന്നു. എരിഞ്ഞു തുടങ്ങിയ 'ഫയർ പ്ലേസുകൾ'— അതിനു ചുററുമിരുന്ന് നാട്ടുവർത്തമാനങ്ങൾ പറഞ്ഞിരിയ്ക്കുന്ന പുരുഷന്മാർ, അടുക്കളയിൽ തങ്ങളുടെ പ്രിയപ്പെട്ടവർക്ക് അത്താഴമൊരുക്കുന്ന തിരക്കിലായിരുന്നു വീട്ടമ്മമാർ. കാററിൽ വിഭവങ്ങളുടെ ആസ്വാദ്യകരമായ ഗന്ധം പടരുമ്പോൾ...

ജാലക വാതിലടയ്ക്കാനെത്തിയ ഒരു കുട്ടിയാണവനെ ആദ്യം കണ്ടത്. ഇലകൊഴിഞ്ഞ ഒരു വൃക്ഷത്തിനു താഴെ ഒരാൾ... കാലം തെററി 'ജിപ്സി' കളിലൊരുവൻ ഗ്രാമത്തിലെത്തിയിരിക്കുന്നുവെന്നാണവൻ വിചാരിച്ചത്. ജിപ്സികളെ കുഞ്ഞുങ്ങൾക്കേറെയിഷ്ടമായിരുന്നു. അവരുടെ നിറംപിടിപ്പിച്ച ദേശാടനകഥകൾ, സംഗീതം, മാറാപ്പിലെ കൗതുകവസ്തുക്കൾ...ഒക്കെ.

അഭയം തേടി അവനൊരു വൃക്ഷച്ചുവട്ടിൽ തളർന്നിരുന്നു. അവനെ ആരൊക്കെയോ ചേർന്ന് ഗ്രാമത്തലവൻെറ കുടിലിലെത്തിച്ചു. അവനു ബോധം തെളിഞ്ഞപ്പോൾ ചുററും നിന്ന ഗ്രാമവാസികളെയാണവൻ കണ്ടത്. അവരോടവൻ പറഞ്ഞുതുടങ്ങി. ഞാനാ, നദിമുറിച്ച്, കാടുതാണ്ടി, ഒത്തിരി കാതങ്ങൾക്കപ്പുറത്തുനിന്ന്, ഈ ഗ്രാമത്താഴ്വരയിലേക്ക് ഓടിയെത്തിയവൻ. എൻെറ പിന്നാലെ വേട്ടനായ്ക്കൾപ്പോലെ പട്ടാളക്കാർ, ദാ എൻെറ തൊട്ടു പിന്നാലെ...പിന്നെ ഹിസ്റ്റീരിയ രോഗിയെപ്പോലെയവൻ വിളിച്ചുപറഞ്ഞു. "എനിയ്ക്കഭയം തരൂ...എനിയ്ക്കഭയം തരൂ... ഈ രാവിലെയെങ്കിലും". അവൻെറ വാക്കിൻെറ ചീളുകൾ ഗ്രാമത്തലവൻെറയും ഗ്രാമവാസികളുടെയും മനസ്സിൻെറ മൃദുലതകളിൽ മുറിവായി...നാട്ടുമൂപ്പൻ നടന്നുവന്നു അവനെ തന്നോട് ചേർത്ത് പിടിച്ച് തലോടിക്കൊണ്ട് പറഞ്ഞു "കുഞ്ഞേ നിനക്കു ഞങ്ങളുണ്ടല്ലോ...എൻെറ പേരക്കുട്ടികളിലൊരുവനെപ്പോലെ നീയും...ശാന്തനാകൂ കുട്ടീ ശാന്തനാകൂ...അവൻെറ കണ്ണുകൾ ആ സ്നേഹസ്പർശനങ്ങളാൽ നിറഞ്ഞൊഴുകി. അവൻെറ നാവിൽ നിന്നും രണ്ടുവാക്കുകൾ അടർന്നുവീണു മുത്തച്ഛാ... ഞാൻ... ആ വൃദ്ധൻെറ കണ്ണുകളും സജലങ്ങളായി. ആ സ്നേഹത്തിനു മുമ്പിൽ പതറിനിന്ന ഗ്രാമവാസികളുടെ കണ്ണുകളും ഈറനണിഞ്ഞു.

രാവ് പിന്നെയും ചെന്നപ്പോൾ കയ്യിലൊരു റാന്തൽ വിളക്കും മറുകയ്യിലവന് അത്താഴവുമായി ഒരു പെൺകുട്ടിയവൻെറ നിശാഗൃഹത്തിലെത്തി. അലിവോടവൾ അവനത്താഴം വിളമ്പി കൊപ്പ

യിലൊഴിച്ചുകൊടുത്ത ചൂടുള്ള കൂൺ സൂപ്പ് രണ്ടാം തവണയും ആർത്തിയോടെ കുടിച്ചതിനുശേഷം മാത്രമാണ് കൗതുകത്തോടെ തന്നെയുറ്റുനോക്കുന്ന പെൺകുട്ടിയോടൊന്നും ചോദിച്ചിട്ടില്ലായെന്ന് ഒല്പ് ജാള്യതയോടെ അവനോർമ്മിച്ചത്.

''വല്ലാത്ത വിശപ്പായിരുന്നു''— ക്ഷമാപണപൂർവ്വമവൻ പറഞ്ഞു. അവൾ സാരമില്ല എന്ന അർത്ഥത്തിൽ പുഞ്ചിരിച്ചു.

നദീജലവും കാട്ടുകിഴങ്ങുകളുമായിരുന്നല്ലോ കഴിഞ്ഞ ഒരാഴ്ചത്തെ ഭക്ഷണം. അതുകൊണ്ടുതന്നെ ലളിതമായ ഈ അത്താഴമവന് വിരുന്നായി മാറി. വിഭവങ്ങളുടെ ബാഹുല്യമല്ല... വിളമ്പുന്ന കൈകളിലെ സ്നേഹവും, മനസ്സിലെ നന്മയുമാണ് വിരുന്നിന് രുചി തീർക്കുന്നതെന്നവൻ വെറുതെയോർമ്മിച്ചു. അത്താഴത്തിനുശേഷം പാത്രങ്ങളടുക്കിക്കൊണ്ടിരുന്ന പെൺകുട്ടിയോടവൻ ചോദിച്ചു.

''നിന്റെ പേരെന്താണെന്നാണ് പറഞ്ഞു''' ഞാൻ മറന്നുപോയി... ''അതിന ഞാൻ പേരു പറഞ്ഞില്ലായിരുന്നല്ലോ റാന്തലിന്റെ വെളിച്ചത്തിൽ കുസൃതിയുടെ മിന്നലാട്ടമുള്ള പുഞ്ചിരി.

പിന്നെ പറഞ്ഞു 'ആൻ മരിയ'

ശുഭരാത്രി ആശംസിച്ചവൾ പിരിഞ്ഞു. റാന്തൽ പാതയോരങ്ങളിലൂടെയകന്ന്, ഒരു മിന്നാമിന്നിയായി, പിന്നെ ഇരുളിൽ ലയിക്കുന്നതവൻ നോക്കിനിന്നു.

വൈക്കോലടുക്കിയവൻ കിടക്കയുണ്ടാക്കി. പിന്നെ കാവൽ മാലാഖമാരോട് ദുഃസ്വപ്നങ്ങളകറ്റിത്തരണമെന്ന് കുരിശു വരച്ച് പ്രാർത്ഥിച്ചു.

ആ രാത്രിയിൽ അവനൊരു സ്വപ്നം കണ്ടു. മാലാഖമാരും, പൊട്ടിച്ചിരിക്കുന്ന പൈതങ്ങളും, പൂക്കളും കത്തുന്ന മെഴുകുതിരികളുമൊക്കെ കടന്നുവന്നു. മെഴുകുതിരിയേന്തി പുഞ്ചിരിച്ചു നിൽക്കുന്ന മാലാഖമാരിലൊന്നിന്, ആൻ മരിയയോട് സാമ്യം!

കാൽപ്പെരുമാറ്റം കേട്ടാണ് മയക്കത്തിൽ നിന്നവൻ ഉണർന്നത്. 'മുത്തച്ഛനായിരുന്നു'. അയാളുടെ കയ്യിൽ ഒരു കമ്പിളിപ്പുതപ്പ്. അയാളതവനെ പുതപ്പിച്ചു. പിന്നെയവന്റെ നെറ്റിത്തടത്തിൽ ചുംബിച്ചു മന്ത്രിച്ചു. 'മധുര സ്വപ്നങ്ങൾ പാവം കുഞ്ഞേ'

അവനാകട്ടെ കമ്പിളിപ്പുതപ്പ് വലിച്ച് മുഖം കൂടി മറച്ച് തേങ്ങിത്തുടങ്ങി. ദൈവമേ, ഈ സ്നേഹ തീർത്ഥങ്ങൾ എനിക്ക് നഷ്ടമാകരുതേ.

ഒരു ദുഃസ്വപ്നത്തിലൂടെ ഇടറി നീങ്ങുകയായിരുന്ന ആൻ മരിയ അപ്പോൾ അവൻ അന്തിയുറങ്ങുന്ന വൈക്കോൽ പുരയ്ക്കാരോ തീ കൊളുത്തിയെന്ന്......... ഞെട്ടിയുണർന്ന അവളാണാദ്യം താഴ്വരയിൽ നിന്ന് കുതിരപട്ടാളക്കാരുടെ ആരവങ്ങൾ കേട്ടത്.

ഗ്രാമം മുഴുവനും ഉണർന്നിരിക്കുന്നു. കുതിരപട്ടാളക്കാർ പെരുമ്പറ മുഴക്കി. ചുറ്റിനും ഒത്തുകൂടിയ ഗ്രാമീണരോട് കമാൻഡർ അലറി.

'ആ കൊച്ചുതെമ്മാടി ഈ ഗ്രാമത്തിലുണ്ടെന്ന് ഞങ്ങൾക്കറിയാം നാളെ പ്രഭാതത്തിനു മുമ്പ് അവനെ ഞങ്ങൾക്ക് കൈമാറിയില്ലെങ്കിൽ, പുരുഷന്മാരെ ഞങ്ങൾ തടവിലാക്കും. ഈ ഗ്രാമം മുഴുവൻ ഞങ്ങൾ അഗ്നിക്കിരയാക്കും. നിങ്ങളുടെ

പെൺകുഞ്ഞുങ്ങളും പട്ടാളക്കാരുടെ ഗന്ധമറിയും......ഓർത്തു കൊള്ളുക......നാളെ പ്രഭാതത്തിന് മുമ്പ്......

ആ രാത്രി ഗ്രാമീണർക്ക് ഉറക്കമില്ലാത്തതായിത്തീർന്നു. അവർക്കറിയില്ലായിരുന്നു ഈ പാവം പയ്യനെ പട്ടാളക്കാർക്ക് കൈമാറണോ വേണ്ടയോ എന്ന്. അവസാനം അവർ ഒരു തീരുമാനത്തിലെത്തി ഫാദർ ഷീനുവിനെ ഇതിനൊരു പോം വഴി കണ്ടെത്താനാവൂ.

വാതിലിൽ നിർത്താതെയുള്ള മുട്ട് കേട്ടാണ് ഫാദർ ഷീനുണർന്നത്. നാട്ടുമൂപ്പൻ അദ്ദേഹത്തോട് എല്ലാം വിവരിച്ചു. ഗ്രാമത്തിലെത്തി കുട്ടി, രാത്രി സത്രം, പട്ടാളക്കാർ, പെരുമ്പറ എല്ലാം.

ഫാദർ ഷീനും എന്തുചെയ്യണമെന്ന് ഒരൂഹവും കിട്ടിയില്ല. അവസാനം അദ്ദേഹം സക്രാരി വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ വേദപുസ്തകം തുറന്ന് ഇങ്ങനെ വായിച്ചു. "ഒരു ജനതയ്ക്കുവേണ്ടി ഒരുവൻ മരിക്കുന്നതിൽ യാതൊരപാകതയുമില്ല."

പുറത്ത് തന്നെകാത്ത് നിന്നിരുന്നവരോട് ഫാദർ ഇങ്ങനെ പറഞ്ഞു. തിരുവചനത്തിൽ ഞാനിങ്ങനെ വായിച്ചു. ഒരു ജനതയ്ക്കുവേണ്ടി ഒരുവൻ മരിയ്ക്കുന്നതിൽ യാതൊരപാകതയുമില്ലയെന്ന്. നിങ്ങളവനെ പട്ടാളക്കാർക്ക് വിട്ടുകൊടുക്കുക. ഇതാണ് ദൈവഹിതം. നാളെ പ്രഭാതത്തിനു മുൻപ് നാമവനെ പട്ടാളക്കാർക്കു കൈമാറുന്നു.

പിറ്റേന്ന് പ്രഭാതം. ബലിയ്ക്കായി സങ്കീർത്തിയിൽ പൂജാവസ്ത്രങ്ങളണിയുന്ന പുരോഹിതൻ. പട്ടാളക്കാർ ഫാദർ കാൺകെയാണ് അലോഷിയെ പിടിച്ചിഴച്ചും കൊണ്ടുപോയത്. അപ്പോഴും അവൻ തിരിഞ്ഞ് ഫാദർ ഷീനിനു നേരേ നോക്കി. അവന്റെ നീലക്കണ്ണുകൾ......

അന്നു രാവിൽ ഗ്രാമമൊരു കാർണിവൽ ആഘോഷിച്ചു. ഗ്രാമത്തെ ദുരന്തത്തിൽ നിന്നു രക്ഷിച്ച പുരോഹിതന്റെ ബഹുമാനാർത്ഥം. ഈ കാർണിവലിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി ഒരാൾ നിന്നിരുന്നു. അടുത്തു ചെന്നപ്പോഴാണ് അവൾ കരയുകയാണെന്നു മനസ്സിലായത്.

ആൻ മരിയ! നിനക്കെന്തു പറ്റി? അവൾ വിതുമ്പിത്തുടങ്ങി. "പറയൂ ഫാദർ അലോഷിയെ പട്ടാളക്കാർക്ക് ഏൽപ്പിച്ചു കൊടുക്കുകയെന്നതായിരുന്നോ ദൈവഹിതം."? ഫാദർ ഷീൻ തലതാഴ്ത്തി, അവളെ ആശ്വസിപ്പിക്കുവാൻ വാക്കുകളില്ലാതെ അയാൾ കുഴങ്ങി. ആൻ മരിയയുടെ കണ്ണുകളിൽ വിലപ്പെട്ടതെന്തോ നഷ്ടപ്പെട്ടതിന്റെ സങ്കടം. ആ ഗ്രാമത്തിലെ ആഘോഷങ്ങളെല്ലാം ഫാദറിന്റെ മനസിൽനിന്ന് ഓടിയകന്നു. ഇപ്പോഴും മുന്നിൽ അലോഷിയുടെ നീലക്കണ്ണുകൾ.

ഈ രാവിൽ ഷീനുറങ്ങാനാവില്ല. ക്രൂശിതരൂപത്തിനു മുന്നിൽ കണ്ണീരോടെ ഷീൻ പ്രാർത്ഥിക്കുകയായിരുന്നു.

'ജീസസ് പറയൂ... എന്തായിരുന്നു നിന്റെ ഹിതം, എനിക്കു തെറ്റുപറ്റിയോ' കണ്ണീരിൽ നനഞ്ഞ് ഷീന്റെ ഹൃദയം

സുതാര്യമായ ഏതോ വേളയിൽ അയാൾ ജീസസിന്റെ സ്വരം കേട്ടു. വ്യക്തമായി.

'ഷീൻ പ്രിയപ്പെട്ട ഷീൻ ആ രാവിൽ നിന്നെ തേടിയെത്തിയ ഗ്രാമീണരോടൊത്ത് നീയാ വൈക്കോൽ പുരയിലേക്ക് പോയിരുന്നെങ്കിൽ, അവന്റെ മിഴികളിൽ നോക്കിയിരുന്നെങ്കിൽ ആ കാതര നയനങ്ങളിൽ തെളിയുമായിരുന്നല്ലോ എന്റെ ഹിതം'.

പോവുക, ഏതോ തടവറയിൽ ഒരു കുഞ്ഞ് അലിവുള്ള പദനിസ്വനങ്ങൾക്ക് വേണ്ടി കാത്തിരിക്കുന്നു. അവനെ നിന്റെ മാറോട് ചേർത്തുപിടിച്ച് മൂർധാവിൽ ചുംബിക്കുക...'

ആ രാത്രിയിൽ തന്നെ ഫാദർ ഷീൻ ദേവാലയം ഉപേക്ഷിച്ചു. നാടായനാടുകളിലൂടെ അയാൾ അലയുകയാണ് അവനെത്തേടി...

'ആൻ മരിയ' ഇന്നും കാത്തിരിക്കുന്നു അലോഷിയുടെ തിരിച്ചുവരവിനുവേണ്ടി..

ഷിനോമോൻ ജോസഫ്
I DC Eng.

# എന്റെ ശാരികയ്ക്ക്–

31 ഏപ്രിൽ 1987
ഫേൺഹിൽ.

എന്റെ മാത്രം ശാരികക്കു്......,

നിനക്കു് സുഖമെന്നു് കരുതുന്നു......!

നീയെന്നോടു് പറയാതെ പോയതിൻ പരിഭവം എന്റെ മനസിൽ ഒരു കുറുമ്പായി അവശേഷിക്കുന്നു ഇപ്പോഴും... എന്തേ! നീ ഇത്ര പൊടുന്നനെ എന്നെ ഉപേക്ഷിച്ചു് കടന്നുകളഞ്ഞതു്...? സ്നേഹം കൊണ്ടു് വീർപ്പുമുട്ടിക്കുന്ന എന്റെ വികാരപ്രകടനങ്ങൾ നിനക്കു് അരോചകമായോ...? നിനക്കതു് ഇഷ്ടമായില്ലെന്നുണ്ടോ...? ജീവിതത്തിലെ ജയാപജയങ്ങളുടെ കുത്തൊഴുക്കിൽ നിന്റെ കൈകാലുകൾ കുഴഞ്ഞുവോ...?

എന്തിനെന്നെ ഈ വിധം ശിക്ഷിക്കുന്നു നീ...? ഇനിയെങ്കിലും നിന്റെയീ കുട്ടിത്തം ഉപേക്ഷിച്ചു് നീ തിരിച്ചു് വരൂ. നിന്റെ സ്വനം കേൾക്കാതിരിക്കുന്ന ഓരോ നിമിഷവും എന്റെ സിരകളിലെ രക്തചംക്രമണം പോലും നിലക്കുന്നു. നീ പോയിക്കഴിഞ്ഞു്, ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇതു് പന്ത്രണ്ടാമത്തെ കത്താണു്. ഇതിനെങ്കിലും ഒരു മറുപടി നീ എഴുതുമോ...? ...ദൈവം നമുക്കായ് ഒരുക്കിവച്ചിരിക്കുന്ന ഈ ഇടത്താവളത്തിലെ, നിറപ്പകിട്ടാർന്ന നല്ല നാളുകൾ സമ്മാനിച്ച

---

അനിൽകുമാർ ഇ. കെ.
ഒന്നാം വർഷ മലയാള സാഹിത്യം

---

ഒരുപിടി അനർഘ നിമിഷങ്ങൾ ഇന്നെന്റെ ഓർമ്മയിൽ മാത്രം നിറയുന്നതു് നീ അറിയുന്നുവോ...?! ഈ മധുരമായ ഉദ്യാനം നമ്മുടെ ക്രീഡകൾക്കായ് അണിഞ്ഞൊരുങ്ങി നില്ക്കുന്നതു് നീ അറിയുന്നില്ലേ ശാരികേ...? പകലിന്റെ വിരസതകളിലും, സായന്തനത്തിന്റെ വീർപ്പുമുട്ടലുകളിലും തനിച്ചിരിക്കുമ്പോൾ കൂട്ടിരിക്കാൻ ഓർമ്മകൾ നൽകിയിട്ടു് നീയെങ്ങോട്ടു് പടിയിറങ്ങി?...! ...ഓർമ്മകളുടെ തൂവലുകൾ കൊഴിയുമ്പോൾ മനസിൽ സൂക്ഷിച്ച വിശുദ്ധപ്രേമത്തിൻ മയിൽപീലി, മാനം കണ്ടു് വിളറും എന്നു് ഓർമ്മിപ്പിക്കാൻ എന്തേ നീ വരാത്തൂ...?

...ഇലപൊഴിയുന്ന ശിശിരത്തിൽ കാററാടി മരച്ചില്ലയിൽ കൊക്കുരുമ്മിയിരിക്കാൻ രണ്ടു മോഹപ്പക്ഷികളായി മാറണമെന്ന് പറഞ്ഞത് ഇത്രവേഗം നീ മറന്നുവോ...? നിനക്കെപ്പോഴും മറവിയാണ്......

ഓ... നിന്റെ മറവിയുടെ കാര്യം പറഞ്ഞപ്പോഴാ ഞാൻ ഇത്രനാളും മറന്ന സത്യത്തെക്കുറിച്ച് ബോധവാനാകുന്നത്. ഓർക്കാൻ മടിക്കുന്ന സത്യമാണത്. ഓർമ്മകൾ ചിതറുമ്പോൾ കരളിൽ മുള്ളുകൾ തറക്കുന്നു. ഹൃദയം ഉരുകുന്ന അത്യുത്കടമായ, വേദന കോറിയിടുന്ന ഓർമ്മകളായി അവ മാറുകയാണിന്നും....... ഛേ... ഞാനെന്തൊരു വിഡ്ഢിയാണ്...? നിനക്കിനി എന്റടുത്ത് വരാൻ സാധിക്കില്ലെന്ന സത്യം ഞാൻ മറന്നുപോയി... എന്നോട് ക്ഷമിക്കൂ... ശാരികേ... നീയിപ്പോഴും ഇവിടുണ്ടെന്നേ എനിക്കു തോന്നിയുള്ളൂ... നീ കളിനിർത്തി അരങ്ങിൽ നിന്ന് തിരശീലക്കു പിന്നിലേക്കു മറഞ്ഞതും ഓർക്കാതെ ഞാൻ നിനക്കുവേണ്ടി എന്തൊക്കെയോ കുറിച്ചു... എന്നന്നേക്കുമായി നീയെന്നെ പിരിഞ്ഞ ദിവസം ഞാൻ ഓർക്കുന്നു. അന്നൊരു വെള്ളിയാഴ്ചയായിരുന്നു. അതിന്റെ ഒരു നരച്ച ചിത്രം ഇന്നുമെന്റെ ഹൃദയത്തിൽ വേദനയോടെ മിടിക്കുന്നു... ഇടനെഞ്ചു പൊട്ടിക്കരയാൻപോലും അർഹതയില്ലാതെ എപ്പോഴോ ഞാൻ തളർന്നുറങ്ങി. ആരൊക്കെയോ തിക്കിതിരക്കി എന്നെ വിളിച്ചുണർത്തിയപ്പോൾ, നീ, വെള്ളത്തുണിയിൽ പൊതിഞ്ഞ് കിടക്കുകയായിരുന്നു, നിന്റെ കുഴിയുടെ കരയിൽ, നിന്റെയും എന്റെയും സുഹൃത്തുക്കൾ എന്നെ കരയാതെ കൊണ്ടുനടന്നതാണ്... പക്ഷേ... അവസാന നിമിഷം സർവ്വ നിയന്ത്രണങ്ങളുടെയും കടിഞ്ഞാൺ പൊട്ടിയപ്പോൾ നിന്റെ നിർജ്ജീവമായ കവിളുകളിൽ മുത്തം തരാതിരിക്കാൻ എനിക്കായില്ല. ആ ഓർമ്മകൾ, ഇന്നും എന്റെ കരളിൽ വേദനയുടെ കനലാട്ടം നടത്തുന്നു......

നിനക്ക് മറുപടിയെഴുതാനാവില്ലെന്നറിയാം... എങ്കിലും നിനക്കുവേണ്ടി എന്തെങ്കിലും കുത്തിക്കുറിക്കാതിരിക്കാൻ എനിക്കാവുന്നില്ല... നീയിന്നും എന്റെ അന്തരാത്മാവിൽ ജീവിക്കുന്നു......

തൽക്കാലം നിർത്തട്ടെ—!

പ്രതീക്ഷയുടെ നറുനിലാവ് ഇന്നുമെൻ ഉള്ളിൽ നിർത്തിയിട്ട്, അന്യതയെന്തെന്ന് അറിയിച്ചുകൊണ്ട് നീ യാത്രയായി, എങ്കിലും.. എന്റെ... അന്തരാത്മാവിന്റെ ചിതയിൽനിന്നും...... ഒരു ഫീനിക്സ് പക്ഷിയായി ഉയിർത്തെഴുന്നേല്ക്കും...... നിന്റെ ഓർമ്മകൾ........!

സ്നേഹപൂർവ്വം,

നിന്റെ മാത്രം,

ശരത്.

# സൗന്ദര്യ ദർശനത്തിന്റെ വ്യാക്ഷേപകങ്ങൾ

മാന്യവായനക്കാരാ, ഇവിടെ ആമുഖം ഒരു സമസ്യയാകുന്നു, ആമുഖ ലക്ഷ്യം അപ്രസക്തവും. എന്താണ് ആമുഖം അർഹിക്കുന്നതു് കൈരളിയുടെ കഥാകാരൻ ഒ. വി. വിജയനും അദ്ദേഹത്തിന്റെ സൃഷ്ടികളുമല്ല അത് തീർച്ച പിന്നെ എന്റെ കണ്ടെത്തിരിവുകളാണോ? ചോദ്യങ്ങളുടെ ഘോഷയാത്ര പരിമിത വിവേകതയുടെ നിഴൽ തേടുന്നുവോ?

ഒ. വി. വിജയന്റെ കഥാലോകത്തിൽ നിയതമായ മാനസിക നില പുലത്തുന്ന ജനതയില്ല. ആ കഥകളിൽ ഭ്രാന്തിന്റേതായ ഒരന്തരീക്ഷം നിലനില്ക്കുന്നു. അതെ കഥാ നിർമ്മാണ വേളയിൽ; ക്ഷമിക്കണം; വിജയന്റെ കഥകൾ നിർമ്മിക്കപ്പെടുന്നവയല്ല സങ്കീർണ്ണമായ അനേകം തലങ്ങളിൽ നിന്ന് ആവിർഭവിക്കപ്പെടുന്നവയാണ്, മേൽപ്പറഞ്ഞ തലങ്ങളിലേക്ക് ഒരു പ്രേതാധിനിവേശം ഉണ്ടാകുമായിരിക്കണം.

ആരാണ് ഒ. വി. വിജയൻ. ഡി. എച്ച്. ലോറൻസിന്റെ മതത്താൽ; സന്ന്യാസിയേക്കാളും, ശാസ്ത്രജ്ഞനേക്കാളും, തത്വചിന്തകനേക്കാളും, കവിയേക്കാളും വലിയവനായ ഒരു നോവലിസ്റ്റ്. സങ്കീർണ്ണതകൾ കണ്ടറിയാൻ മടിച്ച്, കേവല നിർവ്വചനത്തിൽ എത്താൻ ആഗ്രഹമില്ല. ഏറെക്കുറെ ആസക്തിയിലധിഷ്ഠിതമായ ജീവിതവും, യുക്തിയിലധിഷ്ഠിതമായ സമൂഹ വ്യവസ്ഥിതി നിർമ്മാണവും തമ്മിലുള്ള അടിസ്ഥാന വൈരുദ്ധ്യങ്ങളെ വിജയൻ നേരത്തെ കണ്ടറിഞ്ഞു എങ്കിലും താൻ താലോലിച്ച അതിമമതയുടെ പ്രത്യയ ശാസ്ത്രങ്ങളുടെ മൂല്യങ്ങൾ തനിക്കിന്നും പവിത്രങ്ങളാണ് എന്നു പ്രഖ്യാപിക്കുമ്പോൾ വിജയൻ തന്റെ ദാർശനിക സത്യസന്ധത വെളിപ്പെടുത്തുന്നതിനോടൊപ്പം ബാല്യകാല പ്രേമത്തിന്റെ കാല്പനിക വ്യഥപേറുന്ന ഒരു ex - വിപ്ളകാരിയായി സ്വയം അധഃപതിക്കാതിരിക്കുകയും ചെയ്യുന്നു.

പാതി വഴിയിൽ നിർത്തിവെച്ച വിപ്ലവത്തെ വിജയൻ സ്വ ഭാഷയിൽ കുടിയിരുത്തുന്നു. ആ കാവ്യ ഭാഷയ്ക്ക് വിമർശകർ കണ്ടെത്തുന്ന സെൻഷ്വസ് സൗന്ദര്യം ഉണ്ട്. അത് കുഞ്ഞാമിനയിലൂടെ, രവിയിലൂടെ ഖസാക്കിന്റെ മുഖ്യധാരയിലേക്ക് കടക്കുന്നു. നന്മ തിന്മകളെ ഏകത്വത്തിന്റെ ഭാഗമായി കാണുന്ന ആ സൃഷ്ടികളിൽ ലോകമെമ്പാടും കോളനി വാഴ്ച്ചയും, അധിശത്വവും സൃഷ്ടിക്കുന്നു. അരിമ്പാറകളുടെ ബീഭത്സതയുണ്ട്, അതിനെതിരെയുള്ള പാഞ്ചജന്യങ്ങളുണ്ട്.

തലമുറകളിലൂടെ, കേരളത്തിലെ സാമ്പ്രദായിക വ്യവഹാരങ്ങളിലൂടെ, ചാരമിയാരപ്പനിലൂടെ, വേലപ്പനിലൂടെ, ചന്ദ്രനിലൂടെ സഞ്ചരിച്ച് കാലത്തിന്റെ പരിക്രമണം സൃഷ്ടിക്കുന്ന പ്രത്യയശാസ്ത്ര ജീർണ്ണതയും, നേടിയെടുത്ത് ബ്രാഹ്മണ്യത്തിന്റെ നിരർത്ഥകതയും ദർശിച്ച് വിജയൻ വ്യവഹാരങ്ങളുടെയും വാണിഭങ്ങളുടെയും നഗരത്തിൽ വേട്ടയാടപ്പെട്ട വംശങ്ങളുടെ, വൻകരകളുടെ പുത്രനും തലമുറകളുടെ പാപഭാരംപേറാത്തവനുമായ തിയഡോർ വേൽ വാഗ്നറെ സൃഷ്ടിക്കുന്നു.

വിജയൻ കൃതികളിൽ എളിയ ബുദ്ധിയാലും, വായനയാലും (വെറും വായന!) തെളിയുന്ന 'വ്യാക്ഷേപകങ്ങൾ' ആണിവ അസ്തിത്വ സമസ്യകളിലേക്കെത്തിനോക്കാത്ത ഈ ഉപരിപ്ലവങ്ങൾക്ക് മാപ്പ്. എങ്കിലും വിജയനും സൃഷ്ടികളും എന്നിലാരോ അടിച്ചേൽപ്പിച്ച ഇമേജാകുന്നു, സൗന്ദര്യ ദർശനമാകുന്നു.

SHINE P. S.
No. 307
II nd P. D. C.
4th Batch



(ധനം സമ്പാദിക്കുമ്പോഴും ദുഃഖം ; ധനം സംരക്ഷിക്കുമ്പോഴും ദുഃഖം ; ധനം ലഭിക്കുമ്പോഴും ദുഃഖം ; ധനം നഷ്ടപ്പെടുമ്പോഴും ദുഃഖം—കഷ്ടം, ധനം ദുഃഖത്തിന്റെ ഇരിപ്പിടമാണ്.)

# കെമിസ്ട്രി അസ്സോസിയേഷൻ

അസ്സോസിയേഷന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 1997 നവംബർ 21-ാം തീയതി വെള്ളിയാഴ്ച നമ്മുടെ കോളേജിന്റെ മിനി ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ച വർണ്ണാഭമായ ചടങ്ങിൽവച്ച് പാലാ സെന്റ് തോമസ് കോളേജിലെ കെമിസ്ട്രി വിഭാഗം അദ്ധ്യാപകനും യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറുമായ പ്രൊഫ. ജോർജ്ജ് ഫ്രാൻസിസ് സാർ നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ അസ്സോസിയേഷൻ സെക്രട്ടറി പ്രവീൺ കുമാർ ആദ്ധ്യക്ഷം വഹിച്ചു. ഉദ്ഘാടന സമ്മേളനത്തെത്തുടർന്ന് Spectroscopy യെ സംബന്ധിച്ച് ഉദ്ഘാടകൻ വിദ്യാർത്ഥികൾക്കുപകാരപ്രദമായ വിധത്തിൽ ക്ലാസ്സെടുക്കുകയുണ്ടായി.

അസ്സോസിയേഷന്റെ പ്രവർത്തനങ്ങളുടെ മുഖ്യാകർഷണമായ, Deva Matha Trophy-ക്കു വേണ്ടിയുള്ള Inler Collegiate 'Chemi–Quiz' Competition മുൻ വർഷങ്ങളേക്കാൾ ഗംഭീരമായിത്തന്നെ നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. പ്രസ്തുത മത്സരത്തിൽ നമ്മുടെ കോളേജിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത മൂന്നാംവർഷ വിദ്യാർത്ഥികളായ ജയ്സൺ രമേഷ് എന്നിവരുൾപ്പെട്ട ടീമിന് ഒന്നാം സ്ഥാനം ലഭിച്ചു എന്നതു് നമുക്കേവർക്കും അഭിമാനകരമായ വസ്തുതയാണ്.

ഓണാഘോഷ പരിപാടികളോടനുബന്ധിച്ച് N. S. S.-ന്റെ ആഭിമുഖ്യത്തിൽ നടത്തിയ അത്തപ്പൂക്കള മത്സരത്തിൽ ശക്തരായ പ്രതിയോഗികളെ പിന്തള്ളി ഒന്നാം സ്ഥാനം നേടാൻ നമ്മുടെ അസ്സോസ്സിയേഷന് സാധിച്ചു. ഇത് അംഗങ്ങൾക്കേവർക്കും അഭിമാനകരമായ കാര്യമാണ്. അതുപോലെതന്നെ കോളജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ജനവരി 26 ന് സംഘടിപ്പിച്ച REPUBLICA-98 ലും അസ്സോസിയേഷന്റെ നേതൃത്വത്തിൽ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയുണ്ടായി. കൂടാതെ College Arts Festi-val ൽ ഈ അസ്സോസിയേഷനിലെ അംഗങ്ങൾ ഊർജ്ജിതമായി പങ്കെടുക്കുകയും മെച്ചപ്പെട്ട പ്രകടനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്തിട്ടുണ്ട്. അസ്സോസിയേഷന്റെ പ്രവർത്തനങ്ങളെ ഇപ്രകാരം സജീവമാക്കിയ എല്ലാ അംഗങ്ങളെയും അഭിനന്ദിയ്ക്കുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

ഒരു പാട് പ്രതീക്ഷകളുമായി, ഏവരിലും പ്രതീക്ഷയുണർത്തി കടന്നുവന്ന ഒന്നാം വർഷ വിദ്യാർത്ഥികളെ യഥോചിതം സ്വീകരിയ്ക്കാനും പിരിഞ്ഞു പോകുന്ന നമ്മുടെ അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട രീതിയിൽ ഒരു യാത്രയയപ്പ് നൽകാനും അസ്സോസിയേഷൻ ശ്രമിച്ചിട്ടുണ്ട്. ഇതിനെല്ലാം ഉപരിയായി, ദീർഘകാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ഈ വർഷം സർവ്വീസിൽ നിന്ന് വിരമിച്ച, നമുക്കേവർക്കും പ്രിയങ്കരനായ; നമ്മുടെ H. O. D. നമ്പൂതിരി സാറിന്

ഉചിതമായ ഒരു യാത്രയയപ്പ് നൽകാൻ അസ്സോസിയേഷന് സാധിച്ചു എന്നതിൽ ഞാൻ കൃതാർത്ഥനാണ്. 1998 മാർച്ച് 30-ാം തീയതി സംഘടിപ്പിച്ച ഈ യാത്രയയപ്പ് യോഗത്തോടുകൂടി അസ്സോസിയേഷന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് പരിസമാപ്തിയായി.

അസ്സോസിയേഷന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ഇപ്രകാരം ഭംഗിയായി നടപ്പാക്കാൻ എന്നോട് സഹകരിച്ച എന്റെ എല്ലാ സുഹൃത്തുക്കൾക്കും അദ്ധ്യാപകർക്കും വിശിഷ്യാ C. P. Joy സാറിന് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊണ്ട്.

നിങ്ങളുടെ സെക്രട്ടറി
**P. പ്രവീൺകുമാർ**

(വിദ്യാസമ്പന്നനും ശ്രേഷ്ഠനുമായ ഒരു സത്പുത്രനെക്കൊണ്ടുതന്നെ ചന്ദ്രനാൽ രാത്രിയെന്നപോലെ, ഒരു വംശം മുഴുവൻ പ്രകാശമാനമാവുന്നു.)

# ഓററ്ററി ക്ലബ്ബ്

സമൂഹത്തെപ്പററിയും സമകാലീന സംഭവങ്ങളെപ്പററിയുമുള്ള തുറന്ന ചർച്ചകളിലൂടെ അന്വേഷണശീലവും വീക്ഷണ സമന്വയവും ബൗദ്ധിക സാഹോദര്യവും വളർത്തിയെടുക്കുവാനും അതിലൂടെ പ്രഭാഷണ ചാതുര്യം വികസിപ്പിക്കാനും വേണ്ടി പ്രവർത്തിച്ചുവരുന്ന ഓററ്ററി ക്ലബ്ബിന്റെ 28-ാമത്തെ വാർഷിക റിപ്പോർട്ടാണിത്. എല്ലാ ബുധനാഴ്ചയും ക്ലാസുകൾക്കുശേഷം പരിശീലന പരിപാടികൾ നടത്തിവരുന്നു. കൂടുതൽ അംഗങ്ങൾ സന്നിഹിതരാകുന്ന ദിവസങ്ങളിൽ സൗകര്യപ്രദമായ രണ്ടോ മൂന്നോ യൂണിററുകളായി തിരിഞ്ഞാണ് പരിപാടികൾ നടത്തുന്നത്. ക്ലബ്ബ് ഡയറക്ടർ Prof. K.M. ചാക്കോ, ശ്രീ എം. എസ്. മൈക്കിൾ എന്നിവർ യോഗങ്ങളിൽ പങ്കെടുത്ത് അംഗങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

ക്ലബ്ബിൽ പരിശീലനം ലഭിച്ച ഡിബേററിംഗ് ടീമംഗങ്ങൾ ഈ വർഷവും ധാരാളം സമ്മാനങ്ങൾ നേടുകയുണ്ടായി. ധന്യ ജോർജ് III D.C., ലിസാ P. ലൂക്കോസ് III D. C., ടീം നിരവധി ഇൻറർ കോളീജിയേററ് ഡിബേററ് മൽസരങ്ങളിൽ ട്രോഫി കരസ്ഥമാക്കി.

ഡിബേററിംഗ് ടീമംഗങ്ങളായ സ്മിതാ സിറിയക് II PDC, ആനന്ദ് K. J. I D C, എന്നിവരും ഏതാനും മത്സരങ്ങളിൽ വിജയം നേടുകയുണ്ടായി.

ഈ വർഷത്തെ ബാബു ചാഴികാടൻ സ്മാരക ദേവമാതാ ട്രോഫി ഡിബേററ് മൽസരത്തിന്റെ പ്രമേയം 'ക്ലാസ്സുമുറികളിൽ രക്ഷാകർത്താക്കൾക്ക് സന്ദർശക സീററുകൾ അനുവദിക്കണം' എന്നതായിരുന്നു. ഏററവും നല്ല ഡിബേററർക്കുള്ള 1001 രൂപാ സമ്മാനം മന്നാനം K. E. കോളജിലെ V. Dileep കരസ്ഥമാക്കി. കാഞ്ഞിരപ്പള്ളി S. D. കോളജിലെ Nasheena I, K.E. കോളജിലെ Little Treesa Majo എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മന്നാനം K.E. കോളജ് ഏററവും നല്ല ടീമിനുള്ള ദേവമാതാ ട്രോഫി നേടി.

ബോബിപോൾ പ്രസംഗ പ്രതിഭാ മൽസരത്തിൽ ഒന്നാം സ്ഥാനക്കാരനുള്ള 2000 രൂപാ തേവര S. H. കോളജിലെ Prasanth V.G. നേടി. കാഞ്ഞിരപ്പള്ളി S. D. കോളജിലെ Amala Jose, മഹാരാജാസ് കോളജിലെ തോമസ് പീററർ എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. Prof M. തോമസ് മാത്യു ബോബിപോൾ സ്മാരക പ്രഭാഷണം നടത്തി. ''ഇരുപതാം നൂററാണ്ടിന്റെ ധൈഷണിക കാലാവസ്ഥയും മലയാള സാഹിത്യവും'' എന്നതായിരുന്നു പ്രഭാഷണ വിഷയം.

ക്ലബ്ബിന് എല്ലാവിധ പ്രോൽസാഹനങ്ങളും അനുഗ്രഹങ്ങളും നൽകിയിട്ടുള്ള മുൻ പ്രിൻസിപ്പൽ പ്രൊഫ. ഐസക് തോമസ് സാറിനും പുതിയ പ്രിൻസിപ്പൽ പ്രൊഫ. K. V. കുര്യൻ സാറിനും ക്ലബ്ബ് ഡയറക്ടർ Prof. K. M. ചാക്കോ സാറിനും M. S. മൈക്കിൾ സാറിനും ക്ലബ്ബിന്റെ പ്രവർത്തന വിജയത്തിന് സഹായിച്ചിട്ടുള്ള എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ജോബി തോമസ് II B. Sc.
സെക്രട്ടറി

# മാനസാന്തരം

തിരു ഹൃദയ ദേവാലയത്തിൽ ആരാധനയ്ക്കുള്ള മണിമുഴങ്ങിയപ്പോൾ ഫാദർ ഫ്രാൻസിസ് സംസാരം നിർത്തി എഴുന്നേറ്റു. ശരി ദീപക്, ഫാദർ ദീപക്കിന്റെ കൈകവർന്നു എന്നിട്ട് പറഞ്ഞു ദീപക് താൻ ഒന്നുകൊണ്ടും വിഷമിക്കേണ്ടതില്ല കേട്ടോ. കഴിഞ്ഞതിനെക്കുറിച്ച് ഒന്നും ചിന്തിക്കേണ്ട, ഈശ്വരനിൽ വിശ്വസിച്ച് ജീവിക്കുക. തനിക്ക് നല്ലതേ വരൂ. ഫാദർ പള്ളി മേടയിലേക്ക് നടന്നു. ആരാധനയിൽ പങ്കെടുക്കുമ്പോൾ ദീപക്കിന് തന്റെ മനസ്സിൽ സമാധാനം കൈവന്നതുപോലെ തോന്നി.

ആരാധനയ്ക്കുശേഷം ദീപക് തന്റെ മുറിയിലെത്തി. അവൻ ജനലഴികളിൽ പിടിച്ച് വെറുതെ പുറത്തേക്ക് നോക്കി നിന്നു. മരത്തോപ്പിൽ നിറയെ തളിരിലകൾ കൊഴിഞ്ഞു കിടക്കുന്നു. തളിരിലകളിലും പുൽനാമ്പുകളിലും വെൺമുത്തുകൾ പോലെ മഞ്ഞുതുള്ളികൾ, അവയിൽ ഈ പ്രപഞ്ചം പ്രതിഫലിക്കുന്നതുപോലെ ദീപക്കിന് തോന്നി. ദീപക് ഓർമ്മകളിലേയ്ക്ക് വഴുതിവീണു. ഇന്നു താൻ ഇവിടം വിടുകയാണ്, തന്റെ നാട്ടിലേക്ക്. വർഷങ്ങൾക്കുശേഷം താൻ നാട്ടിലേക്ക് തിരിക്കുന്നു. അവിടെ തന്നെ കാത്ത് ഒരേ ഒരാൾ മാത്രം ''അമ്മ.'' ആരുടെയൊക്കെയോ ഉച്ചത്തിലുള്ളസംസാരം ദീപക്കിനെ ഓർമ്മകളിൽനിന്നുമുണർത്തി. അയാൾ മുറിക്ക് വെളിയിലിറങ്ങി.

ഉറക്കെ സംസാരിച്ചുകൊണ്ട് ദീപക്കിന്റെ മുറിയിലേക്കവർ നടന്നുവരുന്നു, ഡോക്ടർ സംഗീത മൂർത്തി, ഡോക്ടർ ആൽബർട്ട്, ഫാദർ ഫ്രാൻസിസും പിന്നെ ബ്രദർ സിറിയക്കും. അവർ ദീപക്കിനെ വിഷ് ചെയ്തു. ദീപക് തിരിച്ചും. ഓ.....ഇന്നു ദീപക് മടങ്ങുകയാണല്ലോ. ഡോക്ടർ സംഗീത അന്വേഷിച്ചു. അയാൾ വെറുതെ തലയാട്ടി. ദീപക് ഒന്നോർത്ത് വിഷമിക്കേണ്ട കേട്ടോ. തനിക്ക് ഞങ്ങളൊക്കെയില്ലേ. എന്താവശ്യമുണ്ടെങ്കിലും പറയാൻ മടിക്കേണ്ട. ഡോക്ടർ ആൽബർട്ട് പറഞ്ഞു. വല്ലപ്പോഴും ഇവിടേയ്ക്ക് വരണം. സംഗീതപറഞ്ഞു. ദീപക് അവരുടെ മുഖത്തേയ്ക്ക് നോക്കി. കട്ടി കണ്ണടയ്ക്കുള്ളിൽ സ്നേഹവും അനുകമ്പയും വഴിഞ്ഞൊഴുകുന്നമുഖം. ദീപക് ഇനി സമയം കളയേണ്ട പോയിവരൂ. ഫാദർ പറഞ്ഞു. ദീപക് തന്റെ പെട്ടിയെടുത്ത് എല്ലാവരോടുമായി യാത്ര ചോദിച്ചു. ഫാദർ അവന്റെ തോളിൽതട്ടി. ദീപക്കിന് തന്റെ കണ്ണുകളിൽ മൂടൽമഞ്ഞു ബാധിച്ചപോലെതോന്നി. കണ്ണുകൾ നിറഞ്ഞുവന്നു. അവൻ സാവധാനം പടിക്കെട്ടുകൾ ഇറങ്ങി തുടങ്ങി. താഴെയെത്തിയ ദീപക് ഒന്നുതിരിഞ്ഞു നോക്കി. ഒരു സ്നേഹസാന്ത്വനം പോലെ മുകളിൽ നിന്നും അവർ കൈവീശിക്കാണിച്ചു. അവൻ മെല്ലെ നടന്നകന്നു.

ബസ് സ്റ്റാൻഡിൽ ദീപക്കിനുള്ള വണ്ടികിടന്നിരുന്നു. അയാൾ ബസ്സിലിരുന്ന് തന്റെ ഓർമ്മകളിലേക്ക് മടങ്ങി. പാവം അമ്മ, തന്നെയോർത്തു എന്തുമാത്രം വിഷമിച്ചുകാണും. അച്ഛൻ മരിക്കുമ്പോൾ തനിക്ക് പത്തുവയസ്സുമാത്രം. അമ്മ തൊണ്ടുതല്ലിയാണ് തന്നെ വളർ

ത്താനും പഠിപ്പിക്കുവാനുമുള്ള പൈസ ഉണ്ടാക്കിയത്. സമയം കിട്ടുമ്പോഴും താൻ അമ്മയെ സഹായിക്കുമായിരുന്നു. സ്കൂൾ ഫൈനൽ നല്ല മാർക്കോടുകൂടി പാസായ തന്നെ നല്ലൊരു കോളേജിൽ ചേർത്തു പഠിപ്പിച്ചു. പ്രീഡിഗ്രി പാസായതും നല്ല മാർക്കിൽ തന്നെ. ആ വർഷം തന്നെ, തനിക്ക് എം ബി ബി എസ് ന് അഡ്മിഷൻ കിട്ടിയപ്പോഴം അമ്മയ്ക്കെന്തൊരു സന്തോഷമായിരുന്നു. ബസ്സ് ഓടാൻ തുടങ്ങിയതിന്റെ സൂചനയായി അനുഭവപ്പെട്ട നേരിയ കുലുക്കം അവനെ ഓർമ്മകളിൽ നിന്നുണർത്തി. പിന്നിലേയ്ക്കോടി മറയുന്ന ദൃശ്യങ്ങൾ നോക്കിയിരിക്കവേ അവന്റെ മനസ്സിലേയ്ക്ക് ഓർമ്മകൾ വീണ്ടും ഓടിയെത്തി. താനും പലപ്പോഴും സ്വപ്നം കണ്ടിരുന്നു. ഡോക്ടർ ദീപക്ക് ദാസ് പക്ഷേ... വണ്ടി ഒരു കുലുക്കത്തോടെ നിന്നു. ദീപക്ക് ചുറ്റും നോക്കി, തനിക്ക് ഇറങ്ങേണ്ട സ്ഥലമാണ്. നാടിന്റെ മുഖച്ഛായ തന്നെ മാറിയിരിക്കുന്നു. എട്ടുവർഷത്തിനുശേഷം ഒരു മടങ്ങി വരവ്.

ടാറിട്ട റോഡിൽ നിന്നും ചെമ്മൺ പാതയിലേക്കിറങ്ങിയപ്പോൾ എന്തോ ഒരു പ്രത്യേകത തോന്നി ദീപക്കിന്. തലേന്ന് പെയ്ത മഴയാൽ മണ്ണിന് നനവുണ്ടായിരുന്നു. വഴിയരുകിൽ നിൽക്കുന്ന മരങ്ങളിൽ നിന്നും മഴത്തുള്ളികൾ ഇററിറ്റു വീണുകൊണ്ടിരുന്നു. ചെമ്മൺ പാത താണ്ടി ദീപക്ക് തന്റെ വീട്ടിലേക്കുള്ള വഴിയിലെത്തി. ഡോക്ടറാകാൻ പോയ തന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പററി ചിന്തിക്കുകയായിരുന്നു അവൻ. ക്ലാസ്സ് ഫസ്റ്റായിരുന്ന താൻ പ്രൊഫസർമാരുടെ കണ്ണിലുണ്ണിയായിരുന്നു. തന്റെ പ്രിയ സുഹൃത്ത് ആഷിഷ്, കോൺട്രാക്ടർ അനന്തകൃഷ്ണന്റേയും ഡോക്ടർ ഗീതാകൃഷ്ണന്റേയും ഏക പുത്രൻ. സമ്പത്തിന്റെ പരമോന്നത കോടിയിലുള്ള ജീവിതം. ക്ലാസ്സിലെ നം. ദീപക്കിനുതാഴെയായിരുന്ന ആഷിഷ് പുറമേ സന്തോഷം പ്രകടിപ്പിക്കുമെങ്കിലും അയാൾക്ക് തന്നോട് അസൂയയായിരുന്നുവെന്നു മനസ്സിലാക്കാൻ വൈകിപ്പോയി. തന്നോട് കാണിച്ച സ്നേഹവും, തനിക്ക് നൽകിയ സൽക്കാരങ്ങളും ഒരു കെണിയായിരുന്നുവെന്ന മനസ്സിലായപ്പോഴേക്കും വളരെവൈകിയിരുന്നു. അവൻ തനിക്ക നൽകിയ സൽക്കാരങ്ങളിലൂടെ തന്നെ ഒരു ഡ്രഗ്ഗ് അഡിക്റ്റ് ആക്കി. മയക്കുമരുന്നിന്റെ ലഹരിയിൽ ജീവിതം ആസ്വദിക്കുമ്പോഴും തന്നെ പിന്നിട്ട് ആഷിഷ് ഒന്നാം സ്ഥാനം കരസ്ഥമാക്കുകയായിരുന്നു. പിന്നീടുള്ള കാര്യങ്ങൾ എത്ര ഭയാനകമായിരുന്നു. ലഹരിമരുന്നു കിട്ടാതായപ്പോഴം മനസ്സിന്റെ സമനില തെററി. അന്നൊക്കെ ദയ തോന്നിയ ഏതാനും സുഹൃത്തുക്കളും, പ്രൊഫസർമാരും അഗതികളുടെ അമ്മയായ മദർ തെരേസയുടെ പേരിൽ ഹോസ്പിറ്റലിൽ എത്തിച്ചു. അവിടെ സ്നേഹം നിറഞ്ഞവരുമായി ഫാദർ ഫ്രാൻസിസും ഡോക്ടർ സംഗീതയും ആൽബർട്ടും അവരുടെ സ്നേഹനിർഭരമായ പെരുമാററത്തിൽ നിന്നും തനിക്ക് ഒരു പുനർ ജീവിതം കിട്ടി. ഇക്കാലമത്രയും തന്റെ ഒരു വിവരവുമറിയാതെ എല്ലാം എല്ലാമായ അമ്മ വിഷമിച്ചു കാണും. ഓരോന്നു ആലോചിച്ചും അവൻ വീടിന്റെ മുന്നിലെത്തിയതറിഞ്ഞില്ല.

വീട്ടിലേയ്ക്ക് കടന്ന ദീപക്ക് ഒരു നിമിഷം തരിച്ചുനിന്നു, മുററംനിറയെ ആളുകൾ, അവർക്കിടയിലൂടെ അറിയപ്പെടാത്തവനെപ്പോലെ കടന്നുചെന്ന ദീപക്ക് ആ കാഴ്ച കണ്ടുഞെട്ടിത്തെറിച്ചു. ഭൂമി കീഴ്മേൽ മറിയുന്നതായി അവനുതോന്നി. അവിടെ കണ്ടകാഴ്ച

നിലത്തിട്ട തൂശനിലയിൽ അവന്റെ പ്രിയപ്പെട്ട അമ്മ, തലയ്ക്കൽ കത്തിനിൽക്കുന്ന നിലവിളക്ക്, ചുറ്റുമിരിക്കുന്ന സ്ത്രീകളുടെ കണ്ഠങ്ങളിൽ നിന്നും നാമജപം ഒഴുകിയെത്തുന്നു. ആരോ അവനെ തിരിച്ചറിഞ്ഞു. അയാളും അവനെ കൂട്ടിക്കൊണ്ടുപോയി. ഏതായാലും താൻ ഈ നേരത്തെങ്കിലും വന്നല്ലോ? ആ സ്ത്രീ തന്നെക്കാണാൻ വല്ലാതെ ആഗ്രഹിച്ചിരുന്നു. താൻ വലിയ ആളായപ്പോൾ സ്വന്തം അമ്മയെ മറന്നു. എല്ലാം ഒരു മരവിപ്പോടെ കേട്ടുനിൽക്കാനേ അവനു കഴിഞ്ഞുള്ളൂ. ആരോ പറഞ്ഞു ശവം ചിതയിലേയ്ക്കെടുക്കാം. അമ്മയുടെ നിർജ്ജീവ ശരീരത്തിൽ തീകൊടുക്കുമ്പോൾ വിങ്ങിപ്പൊട്ടാതിരിക്കാൻ ദീപക് പ്രയത്നിച്ചു. അഗ്നിനാമ്പുകൾ ആർത്തിയോടെ ചിതയെ പുൽകിയപ്പോൾ അവൻ മനസ്സിൽ ഒരു ദൃഢപ്രതിജ്ഞയെടുത്തു. "മനുഷ്യജീവിതം നശിപ്പിക്കുന്ന ലഹരി എന്ന രാക്ഷസനെ ഈ ലോകത്തിൽ നിന്നു ഇല്ലാതാക്കുവാൻ വേണ്ടി മാത്രമായിരിക്കും ഇനിയുള്ള തന്റെ ജീവിതം" ലോകനന്മയ്ക്കായി പ്രവർത്തിക്കുവാനുള്ള തീരുമാനം എടുത്തപ്പോൾ ഉയരങ്ങളിലിരുന്നു അമ്മ തന്നെ നോക്കി പുഞ്ചിരിക്കുന്നതായും ആ പുഞ്ചിരിയിലൂടെ അമ്മ തന്റെ എല്ലാ തെറ്റുകൾക്കും മാപ്പു നൽകിയതായും അവനു തോന്നി.

BINDU. A
III DC ZOOLOGY



# കൂമ്പുചീയൽ ബാധിക്കുന്നത്

**ജോബി ജോസഫ്**
രണ്ടാം വർഷ മലയാള സാഹിത്യം

നാല്പത്തിയേഴിനും തൊണ്ണൂററിയേഴിനുമിടയിൽ നമ്മളെത്ര ദൂരം നടന്നു എന്ന ചിന്തയിലാണ് നമ്മുടെ ബുദ്ധിജീവികൾ. ഗാന്ധിസവും സോഷ്യലിസവും കമ്മ്യൂണിസവും ഒരേ വായിൽ ചവയ്ക്കുന്ന അവർ ഇടയ്ക്കിടെ ഒരുപിടി അവ്യക്തമായ ആശയങ്ങളെ ഛർദ്ദിക്കുന്നു. ഇവരുടെ തിരുമൊഴികൾക്കു മുന്നിൽ സാധാരണ ജനം അസ്പൃശ്യരാണ്. ആഹാരത്തിനും വസ്ത്രത്തിനും കിടപ്പാടത്തിനും വേണ്ടി പൊതുജനം ഭരണവർഗ്ഗത്തിനു നേരെ തിരിയുമ്പോൾ അവർ ചൈനയിലേക്കും ക്യൂബയിലേക്കും കൈകൾ ചൂണ്ടി വാഗ്ദത്ത ഭൂമിയെ കുറിച്ചുള്ള സ്വപ്നങ്ങൾ കാണാൻ പറയുന്നു. ഭരണ വർഗ്ഗത്തിന്റെ കുഴലൂത്തുകാർ നമുക്കു മുന്നിൽ വരച്ചിട്ട ഭാരതത്തിന്റെ ചിത്രം നമ്മെ ആശയക്കുഴപ്പത്തിലാക്കുന്നു. അതെന്തുമാകട്ടെ ഒരു സാധാരണ പൗരന്റെ മുന്നിലെ സമകാലിക ഭാരതത്തിന്റെ ചിത്രം എന്താണ്. അമ്പതു വർഷങ്ങളുടെ ദീർഘമായ ചരിത്രത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തുമ്പോൾ നമ്മുടെ മനസ്സിലെ പല വിഗ്രഹങ്ങളും ഉടയാൻ തുടങ്ങുന്നു. ലാഭനഷ്ടങ്ങളുടെ ബാക്കിപത്രം വൈരുദ്ധ്യങ്ങളുടെ കൂമ്പാരമാണ്. പ്രശ്നങ്ങളും പ്രതിസന്ധികളും വെല്ലുവിളികളും ഇനിയുമവസാനിക്കാത്ത ഭാരതം. രാഷ്ട്രപിതാവിന്റെ സ്വപ്നങ്ങൾ മിഥ്യകളായി അവശേഷിച്ച ഭാരതത്തിന്റെ ചിത്രം അസുന്ദരമാണ്, അപൂർണ്ണമാണ്. ബുദ്ധിയും മനസ്സും വികാരങ്ങളും ലോക ബാങ്കിനു പണയപ്പെടുത്തിയ നമ്മൾ നഷ്ടങ്ങളുടെ മൊത്ത വ്യാപാരികളാണിന്ന്. ഒരു രണ്ടാം സ്വാതന്ത്ര്യസമരം അനിവാര്യമായിരിക്കുന്നു. നമുക്കു ലഭിച്ച അമിത സ്വാതന്ത്ര്യം ദുരുപയോഗം ചെയ്തതിന്റെ ഫലമായി നമ്മൾ തന്നെ സൃഷ്ടിച്ചെടുത്ത അസ്വാതന്ത്ര്യത്തിനെതിരെയുള്ള സമരം. ഇനിയും വൈകിയിട്ടില്ലെന്നു തോന്നുന്നു. മനസ്സിലർപ്പണബോധവും സിരകളിൽ വിപ്ലവ വീര്യവും അവസാനിക്കാത്ത കുറച്ചു പേരെങ്കിലും വംശനാശം വരാതെ നമ്മുടെ ഇടയിലുണ്ട് ഇവർ ശ്രമിച്ചാൽ വളർന്നു വരുന്ന പുതിയ തലമുറയെങ്കിലും തലയും മുറയും തിരിഞ്ഞുപോകാതെവളരും. ഇന്ത്യ രാഷ്ട്രത്തിന്റെ സമസ്തമേഖലകളും ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ ആശയകുഴപ്പത്തിന്റെയും അലസതയുടെയും പിടിയിലാണ്. ഈ അവസരത്തിൽ നമ്മുടെ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പരിതസ്ഥിതികളിലേക്ക് കണ്ണോടിയ്ക്കുന്നതു നന്നായിരിക്കുമെന്ന് തോന്നുന്നു.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ ആഹ്ളാദ തിമിർപ്പിലും ഉത്സവലഹരിയിലും പങ്കെടുക്കാത്ത ഒരു ഇന്ത്യാക്കാരനുണ്ടായിരുന്നു.... ഗാന്ധിജി. വർഗ്ഗീയതയുടെ വിഷവിത്തുകൾ പൊട്ടി മുളച്ച് പുതിയ അപ്പോസ്തലൻമാർ വിഭജനത്തിനു മുറവിളികൂട്ടിയപ്പോൾ അദ്ദേഹം പറഞ്ഞു.

“ഇതായിരുന്നില്ല ഞാൻ സ്വപ്നം കണ്ട സ്വാതന്ത്ര്യം”

പിന്നെയും കാലമെത്രയോ കടന്നുപോയി. ഗാന്ധിജിയെ നമ്മൾ നമ്മുടെ ചെയ്തികളുടെ മൂകദൃക്സാക്ഷിയായി പൊതുനിരത്തിലും യൂണിവേഴ്സിററി വളപ്പുകളിലും കാക്കയ്ക്കും പട്ടിയ്ക്കുമായി വിട്ടുകൊടുത്തു. ഒരു ജനതയുടെ ഉന്നമനത്തിന് ഒരു പാർട്ടി എന്ന ഗാന്ധിയൻ സ്വപ്നത്തെ പാടെ തിരസ്കരിച്ച് ഒരോരുത്തർക്കും ഓരോപാർട്ടി എന്ന സോഷ്യലിസ്ററ് ചിന്താഗതിയുടെ പാതയിലായി നമ്മൾ. ഇന്ത്യയിലിന്ന് മൂലധനമില്ലാതെ വമ്പൻ ലാഭംകൊയ്യാവുന്ന രണ്ടു വ്യവസായങ്ങളേ ഉള്ളൂ. രാഷ്ട്രീയവും ഭക്തിയും. രണ്ടിന്റേയും ലക്ഷ്യവും മാർഗ്ഗവും ദർശനങ്ങളും വ്യത്യസ്തമാണെങ്കിൽ ഇന്നുരണ്ടും ഏതോ ഒരു അനുപാതത്തിൽ അതല്ലെങ്കിൽ അനുപാതരാഹിത്യത്തിൽ പരസ്പരം സങ്കീർണ്ണമായി കൊരുത്തുകിടക്കുന്നു. കവിയുടെ മാസ്മരികതയിലും അന്തരീക്ഷത്തിൽ നിന്നു സൃഷ്ടിക്കപ്പെടുന്ന വിഭൂതിയുടെ ശ്രമങ്ങളിലും മയങ്ങിയിരിക്കുമ്പോൾ ഇവരുടെ കാപട്യവും അധികാരകിടമത്സരവും നമറിയുന്നില്ല. ചന്ദ്രസ്വാമിയും പ്രേമാനന്ദയും പോലെ ഉടയാനുള്ള അനേക വിഗ്രഹങ്ങൾ ഇനിയും നമ്മുടെ ഇടയിലുണ്ട്.

ഒരു കൊച്ചുകഥയിൽ തുടങ്ങാം....

“സംഗീതം കൊണ്ട് രോഗം മാററുമത്രെ. കൊള്ളാമല്ലോ പരിപാടി... രോഗി നേരെ രോഗം മാററുമെന്നു കേട്ട സ്ഥലത്തേക്കു നടന്നു. രോഗിചെന്നപ്പോൾ രോഗം മാററുന്ന ഡോക്ടർ ആദ്യം ഓടക്കുഴലൂതി. രോഗശമനമുണ്ടായില്ല. ഉടനെ ഡോക്ടർ വയലിനും തബലയും അവസാനം പിപ്പിവരെയും പരീക്ഷിച്ചു നോക്കിയിട്ടും രോഗിയുടെ അസുഖത്തിനുമാത്രം മാററമുണ്ടായില്ല. ഉടനെ ഡോക്ടർ രോഗിയോട് അസുഖത്തെക്കുറിച്ച് വിശദമായി അന്വേഷിച്ചു. അപ്പോഴാണ് ഡോക്ടർക്ക് മനസ്സിലായത്, രോഗിയുടെ അസുഖം ചെവികേൾക്കില്ല എന്നുള്ളതാണ്...”

ആരുടേയോ ഒരു നർമ്മഭാവനയാണിത്. പക്ഷേ ഈ കൊച്ചുകഥ ഒരുപാടു രഹസ്യങ്ങളെ തുറന്നുവിടുന്നുണ്ട്. ഈ കഥയിലെ രോഗിയും ഡോക്ടറും നമുക്കു ചുററിലുമുണ്ട്. രോഗി ഈ സമൂഹംതന്നെയാണ് ഡോക്ടർ ഈ സമൂഹത്തിലെ രാഷ്ട്രീയ സാമൂഹ്യ സംഘടനകളും. നമ്മുടെ സമൂഹമനസാക്ഷിയെ എത്രമാത്രംരോഗങ്ങൾ ബാധിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ ഇവിടെ സ്ഥിരമായി പെൺ വാണിഭവും, കാലുവാരലും, ബലാത്സംഗവും അരങ്ങേറുന്നു. ഇവിടെയുള്ള ഓരോ സംഘടനകളും യഥാർത്ഥ രോഗമന്വേഷിക്കാതെ ചികിത്സിക്കുന്നവരാണ്. അവർ സമൂഹത്തിന്റെ മൂല്യശോഷണത്തിനെതിരെ കുത്തിയിരുപ്പും, ഉപവാസവും ജാഥയും സംഘടിപ്പിക്കുന്നു. പക്ഷേ ഇതെല്ലാം വെറും കെട്ടുകാഴ്ചകളായി, പുതിയ വരേണ്യവർഗ്ഗത്തിന്റെ പൊങ്ങച്ചകാഴ്ചകളായി അവശേഷിക്കുന്നു. സാമൂഹിക അസമത്വങ്ങൾക്കെതിരെ കൊടി പിടിക്കുന്ന ഓരോ വ്യക്തിയും ആത്മ-പരിശോധനക്കുമുതിർന്നാൽ നമ്മുടെ സമൂ

ഹത്തിലെ പകുതി പ്രശ്നങ്ങൾക്കു പരിഹാരമാകും.

രാഷ്ട്രീയപാർട്ടികൾ തങ്ങളുടെ പ്രത്യയശാസ്ത്രങ്ങളെ അലമാരകൾക്കുള്ളിൽ എറുമ്പിനും പുഴുക്കൾക്കുമായി വിട്ടുകൊടുത്തിരിക്കുന്നു. അവർക്കാവശ്യം ജീവിച്ചിരിക്കുന്ന മഹാത്മാക്കളെയല്ല. മരിച്ച് ചില്ലിട്ടുവച്ചുമൊരു ഫോട്ടോയും ലൈബ്രറികളെ അലങ്കരിക്കാൻ 'സത്യാന്വേഷണ പരീക്ഷണ'ങ്ങളുമാണ്. ഇന്ത്യയിന്നു നേരിടുന്ന ഏറ്റവും വലിയ പ്രശ്നം രാഷ്ട്രീയ അരാജകത്വമാണ്. വിഘടനത്തിന്റെ മുൾമുനയിൽ നിൽക്കുന്ന രാഷ്ട്രീയപാർട്ടികൾ, അഴിമതിയുടെ ഡയറിക്കുറിപ്പുകളിൽ കുരുങ്ങി ജയിലിൽ വിശ്രമമെടുക്കുന്ന നേതാക്കന്മാർ, നേതൃത്വമേതെന്നറിയാതെ പരസ്പരം ചേരിപ്പോരുനടത്തുന്ന അണികൾ, രാഷ്ട്രീയം കഠിനമായ ഒരു ഊഷരതയെ പ്രാപിച്ചിരിക്കുന്നു. ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന ഗൂഢാലോചനയുടെ കേന്ദ്രമായി പാർലമെന്റ് അധഃപതിച്ചിരിക്കുന്നു. ഒരു വശത്ത് പാർലമെന്റ് നടപടികളരങ്ങേറുമ്പോൾ മറുവശത്ത്കോട്ടുവായിട്ടിരുന്ന് ചർച്ചനടത്തുന്ന ജനപ്രതിനിധികളെ നമ്മൾ ദൂരദർശനിൽ കാണാറുണ്ട്. ഇന്ത്യയുടെ ഭരണ തലത്തിലുള്ള മുഴുവൻ അലസതയും ഇവരിലൂടെ നമുക്കു കാണാം. ചൂണ്ടിക്കാണിക്കാനായി ഒരു നല്ല നേതൃത്വം ഇന്നു നമുക്കില്ല. അല്ലെങ്കിൽ എല്ലാവരും നേതാവാകാൻ ശ്രമിക്കുന്നു. നാലു പാർലമെന്റംഗങ്ങളുണ്ടെങ്കിൽ തൊണ്ണൂറു കോടി ജനങ്ങളെ ഭരിയ്ക്കാമെന്നുള്ള വ്യാമോഹം ഓരോ ഈർക്കിലി പാർട്ടിയേയും ആവേശിച്ചിരിക്കുന്നു. ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികളുടെ വളർച്ചയിൽ ഒരു നിർണ്ണായ പങ്കാണു് അവർക്കുവേണ്ടി സൃഷ്ടിക്കപ്പെടുന്ന രക്തസാക്ഷികൾക്കുള്ളത്. ഏതെങ്കിലുമൊരു നിരപരാധി ചിതറുന്ന വെടിയുണ്ടകൾക്കോ പാളുന്ന കത്തികൾക്കോ ഇരയായാൽ മൃതദേഹത്തിനു പാർട്ടിയംഗത്വം നൽകി പ്രത്യയശാസ്ത്രത്തിന്റെ നിറമുള്ള പതാകപുതപ്പിക്കാൻ മടിയില്ലാത്തവരാണു് നമ്മുടെ രാഷ്ട്രീയ പാർട്ടികൾ. ഇന്ത്യയിലെ ജുഡീഷ്യറി പോലും രാഷ്ട്രീയക്കാരന്റെ പോക്കറ്റിലാണു്. ഹവാലക്കേസുകൾക്കിടയിൽ സുപ്രീംകോടതി ചീഫ്ജസ്റ്റിസ് ജെ. എസ്. വർമ്മ നടത്തിയ പരാമർശങ്ങൾ ആരെയും ഞെട്ടിയ്ക്കും. സുപ്രീംകോടതിയിൽ ഹവാലകേസിന്റെ വാദം നടക്കുമ്പോൾ തന്റെയും സഹപ്രവർത്തകരുടേയും മേൽ സമ്മർദ്ദമുണ്ടായിരുന്നെന്ന് അദ്ദേഹം പറഞ്ഞപ്പോൾ ഞെട്ടിയത് ജുഡീഷ്യറിയിൽ വിശ്വസിച്ച പൊതുജനമാണ്.

അഴിമതി സാർവ്വത്രിക പ്രതിഭാസമായപ്പോൾ പൊതുജനങ്ങളും സർക്കാരും അതിനെ അംഗീകരിച്ചു. ജനാധിപത്യത്തേയും ഉദ്യോഗസ്ഥമേധാവിത്വത്തേയും ഒരുപോലെ പിടികൂടിയ ഈ കരാള ഹസ്തത്തെ ഉന്മൂലനം ചെയ്യാനുള്ള നടപടികളൊന്നും മാറിമാറി വരുന്ന സർക്കാരുകൾ സ്വീകരിക്കുന്നില്ല. ഇവിടെയാണ് യുവജനങ്ങളുടെ ശ്രദ്ധേയമായപങ്ക് ഉപയോഗപ്പെടുത്തേണ്ടത്. ആദർശാധിഷ്ഠിതമായ ഒരു ജീവിത വീക്ഷണം യുവതലമുറക്കുണ്ടെങ്കിൽ സമൂഹത്തിലെ അഴിമതിയെ ഒരു പരിധിവരെ തടയാൻ ഇവരുടെ പ്രവർത്തനങ്ങൾക്കു കഴിയും. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ ഇന്നു നമ്മുടെ യുവതലമുറ ചിന്താകുഴപ്പത്തിന്റെ അനിശ്ചിതത്വത്തിലാണ്. പ്രവർത്തന ശേഷിപോലെതന്നെ പ്രധാനപ്പെട്ടതാണ് പ്രതികരണശേഷിയും. എന്നാലിതു രണ്ടും യുവതലമുറയ്ക്കില്ല. അന്നന്നത്തേയ്ക്കു വിശപ്പുമാറ്റാനുള്ള ആഹാരവും പുതയ്ക്കാനൊരു കമ്പിളിത്തുണ്ടും കിട്ടിയാലവർ

തൃപ്തരായി. അപ്പോഴവർ പ്രവർത്തനശേഷിയും പ്രതികരണശേഷിയും കൈമോശം വന്ന് സ്വന്തം തുരുത്തുകളിലേക്ക് ഒതുങ്ങിപ്പോകുന്നു. എന്നാലിന്ന് നാം ചെയ്യേണ്ടത് യുവശക്തിയെ ക്രിയാത്മകപ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടുകയാണ്. രാഷ്ട്രപുനർനിർമ്മാണത്തിൽ അവർക്കുള്ള പങ്ക് വ്യക്തമാക്കിക്കൊടുത്ത് രാഷ്ട്രഭരണത്തിൽ അവർക്ക് പങ്കാളിത്തം നൽകണം. ഇതിനായും വൃദ്ധനേതൃത്വങ്ങളെ സമ്പൂർണ്ണമായി കുടിയൊഴിപ്പിച്ച് അപകടമായയുവശക്തിയെ അവിടെ പ്രതിഷ്ഠിക്കണം. എന്നല്ല നമ്മുടെ രാഷ്ട്രീയയോഗങ്ങളിൽ വച്ച് കുത്തിവയ്ക്കപ്പെടുന്ന മാരകമായ ചിന്താഗതികളുമായി യുവതലമുറ ഹിംസാത്മകപ്രവർത്തനങ്ങളിലേക്ക് തിരിയുന്നതിനെ തടയാൻ നമുക്ക് കഴിയണം. ഇല്ലെങ്കിൽ നമുക്ക് നഷ്ടമാകുക ഒരു രാഷ്ട്രത്തിന്റെ യൗവ്വനവും മുമ്പോട്ടുള്ള കുതിപ്പുമായിരിക്കും. യുവജനപ്രസ്ഥാനങ്ങൾ സയറിലും കാബൂളിലും നടക്കുന്ന കൂട്ടക്കുരുതികൾക്കെതിരെ മുദ്രാവാക്യം മുഴക്കുകയും ഓസോൺ പടലത്തിനു സംഭവിച്ച വിള്ളലിനെയോർത്ത് പരിതപിക്കുകയും ചെയ്യുന്നതിനൊപ്പം ചുറ്റുപാടുമരങ്ങേറുന്ന അസമത്വങ്ങൾക്കെതിരെ പ്രതികരിക്കുന്നതു നന്നായിരിക്കും.

ഇന്ത്യക്കൊരു മഹത്തായ ജനാധിപത്യ പാരമ്പര്യമുണ്ട്. പക്ഷേ ഇന്നത് പുതിയതലമുറയുടെ പാഠപുസ്തകങ്ങളിലെ തിളക്കം നഷ്ടപ്പെട്ട അദ്ധ്യായങ്ങളായി അവശേഷിച്ചിരിക്കുന്നു. ഇന്നുള്ള നമ്മുടെ ജനപ്രതിനിധികളിൽ കൂടുതൽപേരും ക്രിമിനലുകളാണ് എന്ന് ലജ്ജയോടെയാണെങ്കിലും നാം സമ്മതിക്കേണ്ടിയിരിക്കുന്നു. നെഹ്റുവും, ശാസ്ത്രിയുമിരുന്ന കസേരകളിൽ ക്രിമിനലുകളെ സ്ഥാനാരോഹണം ചെയ്യുന്നതുതടയാനും വ്യാപകമായിനടക്കുന്ന കസേരകളി അവസാനിപ്പിക്കാനും നാം യത്നിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ ബന്ദു നടത്തുന്നത് നിരോധിച്ചുവെങ്കിലും പണിമുടക്കുകളും സമരങ്ങളും അവാർഡ് തിരസ്കരണം പോലെ പുതുമ നഷ്ടപ്പെട്ടതൊന്നായി മാറിയിരിക്കുന്നു. പാർട്ടിയാഫീസിലിരുന്ന നേതാക്കളുടെ പകൽക്കിനാവിലെ കണ്ടെത്തലുകളാണ് ബന്ദും പണിമുടക്കുമെല്ലാം. മതത്തെ ഉൾപ്പെടെ സകല രാഷ്ട്രീയ പ്രശ്നങ്ങളേയും രാഷ്ട്രീയവൽക്കരിച്ച് വോട്ടുബാങ്കുകളാക്കി മാറ്റുകയാണ് രാഷ്ട്രീയ ചാണക്യൻമാർ. സൂര്യനെല്ലിയും വിതുരയും രാഷ്ട്രീയ മുതലെടുപ്പിന് വിധേയമായപ്പോൾ ഇവിടുത്തെ ഫെമിനിസ്റ്റുകൾ കണ്ണടച്ചിരുന്നു. സ്ത്രീ സ്വാതന്ത്ര്യവാദം തെരുവുകളിൽ പ്രസംഗിച്ചതുകൊണ്ട് ഇന്ത്യയിലെ സ്ത്രീത്വം സംരക്ഷിക്കപ്പെടില്ല. പാർലമെന്റിൽ മുപ്പത്തിമൂന്നുശതമാനം സംവരണം കൈയടിച്ച് പാസാക്കിയതുകൊണ്ട് ശരാശരി ഇന്ത്യൻ സ്ത്രീയുടെ പരിതസ്ഥിതികളിൽ മാറ്റമുണ്ടാകുന്നില്ല. സ്ത്രീകൾ പുരുഷനെ അന്ധമായി അനുകരിക്കുന്ന വ്യർത്ഥവ്യായാമത്തിന്റെ പൊള്ളത്തരങ്ങൾ ഇനിയെങ്കിലും മനസ്സിലാക്കി അവരുടെ പരിമിതികളിൽനിന്നുകൊണ്ട് എത്താവുന്ന മേഖലകളിലേക്ക് കടന്നുവരേണ്ടിയിരിക്കുന്നു.

ഇതുവരെ നമ്മൾ രാഷ്ട്രീയ അനിശ്ചിതത്വത്തിലേക്കും സാമൂഹ്യ പരിതസ്ഥിതികളിലേക്കും നോക്കി. ഇനി നമ്മുടെ സാമ്പത്തികരംഗം കാട്ടിത്തരുന്ന ദൃശ്യമെന്താണെന്നു നോക്കാം. സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുള്ള സാമ്പത്തിക ഗ്രാഫിന്റെ വളർച്ച തലകീഴോട്ടാണ് എന്ന് പറയേണ്ടിയിരിക്കുന്നു. അതെ, ഇന്ത്യയിന്ന് ഭീമമായ കടക്കെണിയിലാണ്. ഒരു രാജ്യത്തിന്റെ വളർച്ചയിൽ

അമ്പതുവർഷങ്ങൾ കഴിഞ്ഞൊരു കാലയളവല്ല. ക്ഷേമരാഷ്ട്രം എന്ന സ്വപ്നം ഈ കാലയളവുകൊണ്ട് യാഥാർത്ഥ്യമാക്കേണ്ടതാണ്. എന്നാലിന്നും ഭാരതത്തിൽ കോടികണക്കായ ദരിദ്രനാരായണൻമാർ അരക്ഷിതമായ സാമ്പത്തിക ചുററുപാടിലാണ്. സമ്പന്ന വർഗ്ഗത്തിന്റെ കേളികൊട്ടും, ഉത്സവലഹരിയും ഇരുപത്തിനാലുകോടിയോളം വരുന്ന ജനങ്ങൾ അറിയുന്നതേയില്ല. നെഹ്റുവിന്റെ മിശ്രസമ്പദ്‌വ്യവസ്ഥയും റാവുവിന്റെ സാമ്പത്തിക നയങ്ങളും ഇവരുടെ പുരോഗമനത്തിനെ പരിപോഷിപ്പിക്കാൻ ഉതകില്ല. നമ്മുടെ പല നല്ല സാമ്പത്തിക പരിഷ്കാരങ്ങളും ചുവപ്പു നാടയിൽ കുരുങ്ങി അകാലചരമം പ്രാപിച്ചു. സ്വാതന്ത്ര്യം കിട്ടുമ്പോൾ ഇന്ത്യയുടെ വിദേശകണക്കിലെ മിച്ചതുക 120 കോടി പവനായിരുന്നു. താമസിയാതെ തന്നെ നാം വിദേശ വായ്പകൾ വാങ്ങാൻ തുടങ്ങി. എൺപതുകളിലെത്തിയപ്പോഴേക്കും വിദേശകടം 2060 കോടി ഡോളർകവിഞ്ഞു. 90—91 ൽ ഇത് 8400 കോടി ഡോളറായി. 1993 ൽ ഇത് 9039 കോടി ഡോളർ എന്ന ഭീമൻ തുകയായി. ഇന്ത്യയിലിന്നു ജനിച്ചുവീഴുന്ന ഓരോകുട്ടിയും തലയ്ക്കുമുകളിൽ വമ്പിച്ച കടബാദ്ധ്യതയുമായാണ് വളരുന്നത്. നഗരികതയോടുള്ള അഭിനിവേശം നമ്മളെ ധൂർത്തിന്റെ പരമാവധിയിൽ എത്തിച്ചു. എന്നിട്ടും ഭാരതീയൻ അസ്വസ്ഥനാണ്. ഇൻറർനെററും ഓഹരി വിപണിയും അവന്റെ തല പെരുപ്പിക്കുന്നു. വ്യക്തിയും സ്നേഹബന്ധങ്ങളും സമ്പൂർണ്ണമായി കച്ചവടവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഈ മൂന്നാം ചേരിരാജ്യത്തെ പൗരൻമാർ ഇല്ലായ്മകൾക്കിടയിൽ മിഥ്യാഭിമാനത്തിന്റെ പേരിലുള്ള കാട്ടിക്കൂട്ടലുകൾകൊണ്ട് സ്വയം പരിഹാസ്യരാവുകയല്ലേ...? ഇതിനെല്ലാമിടയിൽ ബ്രോയിലർ സംസ്കാരത്തിന്റെ സന്തതികളായി നമ്മുടെ പുതിയ തലമുറ വളർന്നു വരുന്നു. ഇൻകുബേററിന്റെ ചൂടിൽ വിരിഞ്ഞ് ശരിക്കും നടക്കാനും ഓടാനുമറിയാതെ കമ്പിവലയ്ക്കുള്ളിൽ നിന്നു വളരുന്ന കോഴിക്കുഞ്ഞുങ്ങളെപ്പോലെ, നമ്മുടെ പുതിയ തലമുറ ജനിയ്ക്കുമ്പോഴേ പശുവിൻ പാൽ കുടിച്ച് കോൺക്രീററ് കൂടാരത്തിനുള്ളിൽ വളർന്ന് മൂന്നുവയസ്സാകുമ്പോഴേ മുതുകത്ത് അക്ഷരഭാണ്ഡവുമായി ഒത്താലൊരു കലാതിലകമോ കലാപ്രതിഭയോ ആകണമെന്ന മാതാപിതാക്കന്മാരുടെ അഭിലാഷങ്ങളുംപേറി എൽ. കെ. ജി. യിലേക്കുയാത്രയാവുന്നു. ഇതൊക്കെകാണുമ്പോൾ ന്യായമായും ചിന്തിച്ചുപോകുന്നു. മനുഷ്യ പരിണാമത്തിന്റെ അടുത്തഘട്ടത്തിലെത്തി കഴിഞ്ഞുവോ നമ്മൾ...?

ഇതൊക്കെയാണെങ്കിലും നമ്മുടെ സാമ്പത്തികമേഖലയിൽ പ്രതീക്ഷകളുണരുന്നില്ല എന്നു പറയാതിരിക്കാൻ വയ്യ. ഇന്ത്യയുടെ ഇപ്പോഴത്തെ സാമ്പത്തികവളർച്ചയുടെ നിരക്ക് അതേപടി നിലനിർത്താൻ കഴിഞ്ഞാൽ വരുന്ന എട്ടുവർഷത്തിനകം നമ്മുടെ രാജ്യത്തുനിന്നും സമ്പൂർണ്ണമായും ദാരിദ്ര്യം തുടച്ചുമാററാൻ കഴിയുമെന്ന് ലോകബാങ്കിന്റെ ഒരു പഠനത്തിൽ വ്യക്തമാക്കിയതായി ഈയിടെ മലയാളത്തിലെ ഒരു പ്രമുഖപത്രം റിപ്പോർട്ടു ചെയ്തിരുന്നു. റിപ്പോർട്ടിൽ തുടർന്നിങ്ങനെ പറയുന്നു. ''ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ടവരെ സാമ്പത്തിക വളർച്ചയുടെ മുഖ്യധാരയിലേക്കെത്തിക്കാൻ രാജ്യത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. കേരളത്തിൽ 2.4 ശതമാനമായി ദരിദ്രരുടെ സംഖ്യകുറഞ്ഞെങ്കിലും ബീഹാർപോലുള്ള സംസ്ഥാനങ്ങൾ ഇന്നും വളരെ പിന്നിലാണ്. കഴിഞ്ഞ മൂന്നു വർഷത്തെ സാമ്പത്തിക വളർച്ചയുടെ നിരക്ക് 7–8 ശതമാനമായി തുടരുകയും വരുമാന നില

ഇന്നത്തെ സ്ഥിതി തുടരുകയും ചെയ്താൽ 2005-ാം ആണ്ടോടെ ഇന്ത്യയിലെ ദാരിദ്ര്യം 35 ശതമാനത്തിൽ നിന്നും 6.3 ശതമാനമായി കുറയ്ക്കാമെന്ന് വാഷിംഗ്ടണിൽനിന്ന് പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ പറയുന്നു...' ഇതെല്ലാം തെളിയിക്കുന്നതെന്താണ്? ഇന്നത്തെ നമ്മുടെ സാമ്പത്തിക അസമത്വം കഠിനാദ്ധ്വാനത്തിലൂടെ നമുക്ക് മാററിയെടുക്കാൻ കഴിയും. അതിനാവശ്യം രാജ്യത്തെ ജനങ്ങളുടെ 'പൾസ്'റിയുന്ന ഒരു സർക്കാരുണ്ടാകുക എന്നതാണ്.

അവസാനമായി നമ്മുടെ വിദ്യാഭ്യാസരംഗം കാട്ടിത്തരുന്ന ചിത്രം കൂടി നോക്കാം. വിദ്യാഭ്യാസം കച്ചവടച്ചരക്കായി എന്നു വിലപിക്കുന്ന നമ്മളോരോരുത്തരും അതിനെ കച്ചവടച്ചരക്കാക്കാൻ ഉത്സാഹിച്ചവരാണ്. അതിന്റെ ഫലമായി ഇന്ന് രാജ്യത്ത് ഒരു വിദ്യാഭ്യാസ വിപണിതന്നെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. തെരഞ്ഞെടുപ്പുകഴിഞ്ഞ് വകുപ്പുവിഭജനം നടത്തുമ്പോൾ അനാഥമായിപ്പോകുന്ന ഒരു വകുപ്പാണ് വിദ്യാഭ്യാസ വകുപ്പ്. ഒടുവിൽ പ്രൈമറി സ്കൂളെന്ന കടമ്പയിൽവച്ച് സല്ലപറഞ്ഞ ഏതെങ്കിലുമൊരു വ്യക്തിക്കായിരിക്കും കറി വീഴുക. അപ്പോൾ പിന്നെ ഈ വകുപ്പ് എത്രമാത്രം നന്നാകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഇന്ത്യയിലിന്നും ന്യൂനപക്ഷത്തിനുമാത്രം ലഭിക്കുന്ന വരപ്രസാദമാണ് വിദ്യാഭ്യാസം. മറെറല്ലാ രാജ്യങ്ങളും തങ്ങളുടെ പുതിയ തലമുറയ്ക്ക് മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ചുള്ള വിദ്യാഭ്യാസം നൽകാൻ ശ്രമിക്കുമ്പോൾ നാമിന്നും പഴയസായിപ്പിന്റെ പാതയിൽ തന്നെ. അമ്പതുകളിലുണ്ടായ കൊഠാരികമ്മീഷൻ തൊട്ട് ഇന്ത്യയിലുണ്ടായ വിദ്യാഭ്യാസ കമ്മീഷനുകളെല്ലാം നിർദ്ദേശിച്ച പല നല്ല കാര്യങ്ങളും മാറിമാറി വന്ന സർക്കാരുകൾ ചവററുകൊട്ടയിലെറിഞ്ഞു. ചുവപ്പുനാടയുടെ കുരുക്കഴിഞ്ഞു വരുമ്പോഴേക്കും പല നിർദ്ദേശങ്ങളും കാലഹരണപ്പെട്ടതാകുന്നു. നമ്മുടെ പല യൂണിവേഴ്സിററികളും കാലോചിതമായ പരിവർത്തനങ്ങൾ ഉൾക്കൊണ്ട് സാഹചര്യങ്ങൾക്കിണങ്ങുന്ന പഠന സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിൽ വിമുഖരാണ്. ഈ അലസത സൃഷ്ടിക്കുന്നതു് തൊഴിലില്ലാത്ത അഭ്യസ്തവിദ്യരെയാണ് എന്ന സത്യം സൗകര്യപൂർവ്വം ഇവർ മറക്കുന്നു. വിദ്യാഭ്യാസ നയത്തിനെതിരെ കൊടിപിടിച്ചതുകൊണ്ടു മാത്രം ഇവിടത്തെ വിദ്യാഭ്യാസ മേഖല രക്ഷപെടില്ല. അതിന് സമസ്തമേഖലകളിൽനിന്നും കൂട്ടായപരിശ്രമമാണ് ആവശ്യം. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും വിദ്യാഭ്യാസ മേഖലയിൽ കുട്ടി സംഘടനകളുണ്ട്. രാഷ്ട്രീയ സംഘടനകളുടെ പിണിയാളുകളായി ഈ സംഘടനകൾ അധഃപതിക്കാതിരിക്കണമെങ്കിൽ ഇവർ തീർച്ചയായും ഒരു ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു.

**ശേഷം...**

പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കും ഇടയിലും ഭാവിയെക്കുറിച്ചുള്ള ഒരു പിടി പ്രതീക്ഷകളെങ്കിലും നമുക്കുണ്ടെന്നുള്ളതു് ആശ്വാസകരമാണ്. തിരിച്ചറിവുകൾ സമ്മാനിച്ച തിരിച്ചടികൾ ഇനിയെങ്കിലും നമുക്ക പാഠമാകട്ടെ. പഴകിത്തേഞ്ഞ മുദ്രാവാക്യങ്ങൾ ഇനി നമുക്കപേക്ഷിക്കാം. ശിഥിലമാക്കപ്പെട്ട ഗാന്ധിയൻ സ്വപ്നങ്ങളെ സാക്ഷാത്കരിക്കാനാകട്ടെ ഇനിയുള്ള നമ്മുടെ പ്രയാണം...

—0—

# സീതാവിരഹം

അനാഥയാണിവളും ഛിന്നമാം ബന്ധമുള്ളവളും
ഇന്ദ്രചാപത്തെപ്പോൽ സുന്ദരിയിവളും
ജ്ഞാതവേദസിൽ അനവദ്യയാണിവളും
ദുഷ്ട്യമില്ലാത്തവളും രാമപത്നി
സൗന്ദര്യഭാജനമിവളുടെ ദുഃഖം
അറിയുന്നില്ലയോ നീ രാമാ
ഖിന്നയാമിവളൊരു കല്മഷം.
ചെയ്തിട്ടില്ല രാമാ നീയറിയൂ
സ്മൃതിയിലവൾക്കു നീയെന്നും കാന്തൻ
ഈ കാട്ടിലിവളും തനിച്ചല്ലയോ രാമാ
അരുതേ ഈ സാധ്വിയെ ഉപേക്ഷിക്കരുതേ.
ലക്ഷ്മണനെയേൽപ്പിച്ചു ഈ കൊടുംപാതകം
ഏകിലും നിന്നിലും പാപത്തിൻ കറയില്ലേ
പരമാർത്ഥമറിയില്ലേ നിനക്കു രാമാ
നിൻ സീത പതിവ്രതയാണ് രാമാ
ചഞ്ചലമായ നിൻ മനസിലെന്തേ
സീതയെ നീ വെറുത്തിടുന്നു
അല്ലയോ ദേവി നീ വേദനിച്ചില്ലേ
നിനക്കിതെന്തെങ്കിലും പൊറുക്കാനാകുമോ
അചിരേണ കാലമിത്ര മറയ്ക്കുമെന്നാകിലും
ഇതംഗാരമാകുന്നില്ലേ നിൻ മനസിൽ
അല്ലയോ രാമാ നിനക്കു വിയോഗവ്യഥയില്ലേ
പ്രജാക്ഷേമത്തിനായാണോ നീ
നിന്നുടെ സീതക്കുട്ടിയെ ബലിയർപ്പിച്ചതു്
അതോ അതും വെറും പുരുഷ വാക്യമോ?
നിൻ ചിത്തത്തിൽ സീതയുണ്ടെങ്കിൽ
സന്നിദ്ധം മറന്നതില്ലെങ്കിൽ
കാമിനീമൗലിയാമവളെയെന്തിനു് നീ
കാട്ടിൽ പരിത്യജിച്ചു ദേവാ
ക്ഷിതിപുത്രിയിന്നും നിന്നെ
കാന്തനായ് പൂജിച്ചിടുന്നു
ചാരുരൂപനാം നിന്നെ കാത്തിരിക്കുന്ന
സീതയറിയുന്നില്ലവളുടെ ഭസ്മമായൊരു സ്വപ്നങ്ങളെ
പതിവ്രതയാം സീതതൻ മോഹങ്ങളും
താനേ പൊലിഞ്ഞുപോയ്
അരിയ നിൻ ദാസിയെ തിരിച്ചെടുക്കേണമേ
കൃശാംഗിയിവളെ വേദനിപ്പിക്കരുതേ.

BISMI SASI
I B. Com.

PRASANTH E. S.
I P.D.C. 7th batch
No. 622

# ഓർമ്മകൾ

അരയാൽ ചോട്ടിൽവെച്ചന്നേകയായ് ഒരന്തിക്ക്
ആളറിഞ്ഞില്ലെന്നാലും കണ്ടു ഞാനാദ്യം നിന്നെ
അമ്പലപ്പടികടന്നകത്തേക്കിറങ്ങുമ്പോൾ
അമ്മയോടൊപ്പംകണ്ടു പിന്നെയും ഒരിക്കൽ ഞാൻ
കളരീലപ്പൂപ്പന്റെ ആണ്ടുപൂജയ്ക്കും കണ്ടു
കളത്തിപ്പറമ്പിലെ അയ്യപ്പൻ പാട്ടിന്റന്നും
ആനന്ദവല്ലീശ്വരത്താറാട്ടിന്നൊരുക്കിയ
ആനകൾ തെക്കേനടേലണിയായ് നിരന്നപ്പോൾ
കൂത്തമ്പലത്തിലൊരു കരിങ്കൽ തൂണും ചാരി
കൂട്ടുകാരിയൊടൊപ്പം നിന്നിരുന്നതുംകണ്ടു
ഒടുക്കം സർപ്പക്കാവിലായില്യം തൊഴാൻ വന്ന
ദിവസം നിന്റപ്പുറത്തടുത്തായ് ഞാനും നിന്നു
അന്നു തൊട്ടുപോലവടത്തന്നിതേവരെ
നിൽക്കയാണെൻ മുമ്പിൽ നീ അറിയാതനങ്ങാതെ
ആയിരമായില്യങ്ങൾ ഇനിയും കഴിഞ്ഞാലും
അങ്ങനെ നിൽക്കും നമ്മളെന്നുമാ സർപ്പക്കാവിൽ.

---

*Be careful of reading health books.*
*You might die of a misprint — Mark Twain*

---

MATHEW CYRIAC
II DC. Physics
No. 79

# നെടുവീർപ്പ്

നന്മകളാൽ സമൃദ്ധമായ നാട്ടുമ്പുറം. ശാസ്ത്ര സാങ്കേതിക വിദ്യയുടെ തിരത്തള്ളലിൽ ആധുനിക കൃഷിരീതികൾ അവലംബിക്കുന്ന പരിഷ്കൃത സമൂഹത്തിന്റെ മുമ്പിൽ പരാജയത്തിന്റെ മുഖം മുനയിലും പാരമ്പര്യ കൃഷിരീതികൾ കൈവെടിയാതെ സൂക്ഷിക്കുന്ന അപരിഷ്കൃതരായ കർഷകർ. സ്നേഹത്തിന്റെ ഊഷ്മളതയിൽ അല്ലലിന്റെയും അലച്ചിലിന്റെയും ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും സാഗരത്തിലൂടെ തുഴഞ്ഞ് നീങ്ങുന്ന പാച്ചുമൂപ്പനും നാണിയമ്മയും.

''ഇന്ന് തകർക്കുമെന്നാ തോന്നുന്നത്'' ഇറയത്ത് നിന്ന് മുഖം കഴുകുന്നതിന്റെ ഇടയ്ക്ക് പാച്ചുമൂപ്പൻ നെടുവീർപ്പിട്ടു.

''എന്ത് തകർക്കുന്ന കാര്യമാണ് നിങ്ങളീ പറയണത്'' നാണിയമ്മ ചായ്പ്പിൽനിന്ന് വിളിച്ചു ചോദിച്ചു.

''മഴ തകർക്കുന്ന കാര്യമാടീ ഞാനീ പറയണത്. പോയാൽ പോയില്ലേ. കാലാവസ്ഥയ്ക്ക് ഇപ്പോൾ ഒരു നേരും നെറിവും ഇല്ല. കൃഷി ചെയ്യാനൊട്ട് സമ്മതിക്കത്തുമില്ല'' പാച്ചുമൂപ്പൻ പറഞ്ഞു.

സ്വന്തമായി അഞ്ച് സെന്റേ ഉള്ളെങ്കിലും പാച്ചുമൂപ്പൻ ഒരിക്കലും കണ്ടകൃഷി മുടക്കാറില്ല. ബാല്യം മുതലേ ചെയ്തുവരുന്ന പണിയല്ലേ. ഈ പണി മുടക്കാൻ വയ്യ. മരിക്കുന്ന നാൾ വരെ ഈ പണി ചെയ്യണം. നേരും നെറിവും ഉള്ളവർ കൃഷി ചെയ്തിരുന്നപ്പോൾ കാലാവസ്ഥ കൃഷിക്ക് അനുകൂലമായിരുന്നു. ഇന്ന് എല്ലാത്തിനും കുറുക്ക് വഴികളല്ലേ. വിഷം വിതറിയാണെങ്കിലും ഉത്പാദനം വർദ്ധിപ്പിക്കണം എന്ന ഒരേ ചിന്തയേയുള്ളു.

''പാട്ടം കൊടുക്കാനുള്ള നെല്ലെങ്കിലും ഈ വർഷം തരണേ, ദൈവമേ'', മൂപ്പൻ ഉള്ളുരുകി പ്രാർത്ഥിച്ചു.

കഴിഞ്ഞ വർഷം പുരയിലുണ്ടായിരുന്ന രണ്ടു കറവപ്പശുക്കളെ കൊടുത്തിട്ടാണ് പാട്ടം കൊടുത്ത് തീർത്തത്. പാട്ടത്തിന് ലവലേശം അയവ് വരുത്തില്ല മുതലാളിമാർ. കൃത്യം കൃത്യമായി പാട്ടം വീട്ടിലെത്തിക്കണം.

മഴ ചാറി തുടങ്ങി ആധി നിറഞ്ഞ ഹൃദയവുമായി മൂപ്പൻ ഇറയത്ത് അങ്ങോട്ടും ഇങ്ങോട്ടും നടന്നു. ഇരിക്കണമെന്നുണ്ട്, ഇരിക്കുമ്പോൾ തോന്നും നടക്കണമെന്ന്. രണ്ടിനും കഴിയുന്നില്ല. നാടിനെ വിറപ്പിക്കുമാറ് ഇടിയും മിന്നലും പ്രകൃതി ദേവത വല്ലാതെ കോപിച്ചിരിക്കുന്നു.

''അല്ല, ആരോടാണീ കോപം. ഈ പാവം കർഷകനോടോ എല്ല് മുറിയെ

പാടത്ത് പണിയെടുക്കുന്നതിനുള്ള ശിക്ഷയാണോ ഇത്."

നമുക്ക് തോന്നി ഈ കോപം കർഷകനോടല്ല. ആധുനിക കർഷകന്റെ ചെയ്തികളോടാണ്. പാടവും പാമ്പും അടിച്ച് നിരപ്പാക്കി വിഷം വിതറുന്ന കർഷകന്റെ ചെയ്തികളോടാണ്.

പുഞ്ചിരി തൂകുന്ന സൂര്യന്റെ കിരണങ്ങളോടാണ് മൂപ്പൻ ഉണർന്നത്. പ്രകൃതി തികച്ചും ഉന്മേഷവതിയായി കാണപ്പെട്ടു. എങ്കിലും എന്തൊക്കെയോ അസ്വസ്ഥതകൾ മനസ്സിൽ തിങ്ങിനിന്നു. രാവിലത്തെ പതിവ് കട്ടൻ കാപ്പി കുടിച്ചിട്ട് പാച്ചുമൂപ്പൻ പാടത്തേയ്ക്ക് നടന്നു.

പാടവും തോടുമെല്ലാം ഒന്നായിരിക്കുന്നു. കിഴക്കൻ മലകളിലെ മണ്ണ് നെല്മണികളെ കീഴടക്കിയിരിക്കുന്നു. മൂപ്പൻ നിർന്നിമേഷനായി നോക്കിനിന്നു.


## ദേവമാതാ കോളജ്
## കോ-ഓപ്പറേററീവ് സ്റേറാർ

**പാഠപുസ്തകങ്ങൾ!**

**നോട്ടുബുക്കുകൾ!!**

**സ്റേറഷനറി സാധനങ്ങൾ!!!**

തുടങ്ങിയ എല്ലാ സാധനങ്ങളും മിതമായ വിലയ്ക്ക് ലഭിക്കുന്നു.

# ഇരുളും വെളിച്ചവും

ഒറ്റയടിപ്പാതതൻ ഓരത്തിൽ കണ്ടു ഞാൻ—
ഒറ്റയാൻമാരാം ഒരിരുളും വെളിച്ചവും.
ഒരു മാത്രനേരത്തേക്കെന്തോ മറന്നുപോയ്!
ഒട്ടുമില്ലാത്തൊരന്ത്യമീ ജീവിതം.

കാലമാം കാലന്റെ കാലൊച്ച കേട്ടുഞാൻ—
കൂട്ടിനായിട്ടൊരിരുളും വെളിച്ചവും.
കാണാത്ത വഴികളിൽ കേറാക്കരത്തവഴികളിൽ!
കാലം കടന്നു കഴിഞ്ഞു.

ഇരുളും വെളിച്ചവും മാത്രമാണെനിക്കന്ന്—
ഇന്നുമതുകളുമാത്രമല്ലോ!
ഈ രാത്രി ഇന്നിവിടസ്തമിച്ചീടുകിൽ!
ഇത്തിരി നേരം വെളിച്ചമുണ്ടാം......!


ABHILASH GEORGE
I PDC, IV th Group
8th Batch, Cl. No. 701
D. M. C. – KVLD


---

*Ignorance is a night of the mind, but a night without moon or star—Confucius*

---

# കുറവിലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

നമ്പർ 1049 H. O. കുറവിലങ്ങാട്

ബ്രാഞ്ചുകൾ: 1) കുറവിലങ്ങാട് 2) നസ്രത്തുഹിൽ 3) കുര്യം
ഫോൺ: 230347 230627 230502

| | |
|---|---|
| അംഗങ്ങൾ | 11222 |
| ഓഹരി മൂലധനം | 36 ലക്ഷം |
| നിക്ഷേപങ്ങൾ | 698 ,, |
| നില്പ്വായ്പകൾ | 467 ,, |
| പ്രവർത്തന മൂലധനം | 775 ,, |

**അതുല്യ നിക്ഷേപം**

60 മാസം കൊണ്ട് നിക്ഷേപത്തുക ഇരട്ടിക്കുന്നു.
30 ദിവസം മുതൽ 45 ദിവസം വരെ 13%
46 ,, 179 ,, 13½%
കുര്യം ബ്രാഞ്ചിൽ ലോക്കർ സൗകര്യം ലഭ്യമാണ്.

C. T. മാത്യു ചിറത്തടം
പ്രസിഡന്റ്

M. T. തോമസ് പഞ്ഞാക്കിൽ
സെക്രട്ടറി

ഫോൺ: 230294, 230583, 230768 (R)

# ഭാരത് മാതാ കോളജ് ഓഫ് മെഡിക്കൽ ടെക്നോളജി

ഗവ. ആശുപത്രിക്കു സമീപം. കുറവിലങ്ങാട്

**ഹ്രസ്വകാല തൊഴിലധിഷ്ഠിത പാരാമെഡിക്കൽ & നേഴ്സിംഗ്**

**കോഴ്സുകൾ:**

1. നേഴ്സിംഗ് & മിഡ്വൈഫറി
2. ലബോറട്ടറി ടെക്നീഷ്യൻ 3. എക്സ്റേ & ഇ. സി. ജി.

വനിതകൾക്കു മാത്രം. മിനിമം യോഗ്യത S S L C

# NALANDA PUBLIC SCHOOL KURAVILANGAD

Admissions to L K G to Std. V Continues.

Director.

# "വീണപൂവിന്റെ രോദനം"

സായം സന്ധ്യ. കിളികൾ കൂടുകളിൽ ചേക്കേറാൻ ധൃതി കൂട്ടുന്നു. സൂര്യനും മറയാൻ വെപ്രാളമായി. ഇലകളിൽ മഞ്ഞയും ചുവപ്പും കലർന്ന ധവളപ്രകാശം തങ്ങിനിൽക്കുന്നു. മുല്ലമൊട്ടുകൾ സുഗന്ധം പരത്തുന്നു. പ്രകൃതി സൗന്ദര്യത്താൽ നിറഞ്ഞു നിൽക്കുകയാണ്.

അനാഥാലയത്തിലെ മുറിയിലെ ജനാലയ്ക്കരികിൽ യൗവനത്തിൽ എത്തിനിൽക്കുന്ന നിമ്മിയ്ക്ക് പ്രകൃതി സൗന്ദര്യമൊന്നും ആസ്വദിക്കാനായില്ല. അവളുടെ നേത്രങ്ങൾ ജനാലയിലൂടെ പുറത്തേയ്ക്ക് ഒന്നു പരതി. കുറേ കുട്ടികൾ, ആരൊക്കെയോ അറിഞ്ഞും, അറിയാതെയും ചെയ്ത പാപത്തിന്റെ ഫലങ്ങൾ. അവർ ഒന്നുമറിയാതെ ഓരോ വിനോദത്തിലേർപ്പെട്ടിരിക്കുകയാണ്. കൗമാരപ്രായവും, യൗവനത്തിലും എത്തിയിരിക്കുന്ന കുറേപ്പേർ മരത്തിൻചുവട്ടിലിരുന്നുകൊണ്ട് മ്ലാനമായ മുഖത്തോടെ സ്വയം വിലയിരുത്തുകയാവാം.

നാളെ ഡാഡിയെ കാണാൻ പോകണമെന്ന് നിമ്മി ഓർത്തു. അങ്ങനെ അവളിലും ഓരോ സ്മരണകൾ ഇരമ്പികയറിക്കൊണ്ടിരുന്നു. നിമ്മിയും ഓർമ്മയിൽ മുഴുകി.

ഇലഞ്ഞിപ്പുഴ എന്ന കൊച്ചുഗ്രാമത്തിൽ നെൽപ്പാടത്തിനരികിലായി ഒരു കൊച്ചുവീട്. ഡാഡിയും, മമ്മിയും, ചേച്ചിയും ഞാനുമടങ്ങുന്ന ഒരു കൊച്ചു ലോകം. ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അതു് എന്റെ വീടെന്ന് അഹങ്കരിക്കുകയും, സങ്കൽപ്പിക്കുകയും ചെയ്ത നാളുകൾ.

എന്റെ ഡാഡി ഒരു ബിസ്സിനസ്സുകാരനായിരുന്നു. ക്രമേണ പണമിടപാടുകൾ കൂടി. ഞങ്ങൾ വളരെ സ്നേഹത്തോടെയാണ് കഴിഞ്ഞിരുന്നതു്. ഞങ്ങളുടെ വീട്ടിലെ ചില സായാഹ്നങ്ങൾ ഒത്തിരി രസാവഹമായിരുന്നു. ചിരിയും, തമാശകളുംകൊണ്ട് വീടാകെ സന്തോഷത്തിലാറാടിയിരുന്നു.

ഒരു വലിയ വീട് വേണമെന്ന ആഗ്രഹം ഡാഡിയ്ക്ക് ഉണ്ടായിരുന്നു. പണം കൂടി വന്നപ്പോൾ ഡാഡിയുടെ അഭിലാഷത്തിന്റെ തീവ്രതയും കൂടി. ആഗ്രഹ സാഫല്യത്തിന് ഗ്രാമം വിട്ട് പോകാൻ ഡാഡി തയ്യാറായി. മമ്മിയും ഡാഡിയോട് ചേർന്നുനിന്നു. ചേച്ചിയ്ക്കും ഗ്രാമത്തോട് വെറുപ്പായി. എന്നെ മാത്രം ഗ്രാമം പുളകമണിയിച്ചിരുന്നു.

അങ്ങനെ നഗരത്തിൽ ഞങ്ങൾ താമസമാക്കി. ഡാഡിയുടെ സ്വപ്നം സാക്ഷാത്ക്കരിക്കാനുള്ള ശ്രമവും തുടങ്ങി. കുറേനാൾ കഴിഞ്ഞു് സുഹൃത്തുക്കളിൽ നിന്ന് പണം കടം വാങ്ങാൻ തുടങ്ങി. ആദ്യമാദ്യം മടികൂടാതെ പണം തന്നവർക്ക് പിന്നെ പിന്നെ മടിയായി, കാണുന്നതു തന്നെ ബുദ്ധിമുട്ടായി, വെറുപ്പായി. പണമില്ലാതായപ്പോൾ സമൂഹം ഡാഡിയെ വെറുത്തു.

ഇതിനിടയിൽ ചേച്ചി, പ്രായത്തിന്റെ ബന്ധനത്തിൽ അകപ്പെട്ട്

പോയിരുന്നു. ചേച്ചി, ഞങ്ങളിൽ നിന്ന് ഒരുപാട് അകന്നിരുന്നു. ഒരു ദിവസം എന്തിനോ, ഡാഡിയോട് ചേച്ചി പണമാവശ്യപ്പെട്ടു. ഡാഡിക്ക് കൊടുക്കാൻ കഴിഞ്ഞില്ല. ചേച്ചിയുടെ ജ്വലിക്കുന്ന നോട്ടവും, അറപ്പും, കുറ്റപ്പെടുത്തലും നിറഞ്ഞ സംസാരവും ഡാഡിയെ വേദനിപ്പിച്ചു. അന്ന് ചേച്ചി പ്രണയിച്ച യുവാവിന്റെ കൂടെ ഇറങ്ങിപ്പോയി. പിന്നീടൊരിക്കലും തിരിച്ചു വന്നിട്ടുമില്ല. ഈ വാർത്ത ഡാഡിയേയും, മമ്മിയേയും എന്നെയും വല്ലാതെ തളർത്തി. ആ രാത്രിയിൽ കരഞ്ഞ്, കരഞ്ഞ് തളർന്നുറങ്ങിയ മമ്മി, പിന്നീടൊരിക്കലും ആ ഉറക്കത്തിൽ നിന്നുണർന്നില്ല.

എല്ലാ വേദനകളും ഒന്നിച്ചായിരുന്നു. ഞങ്ങൾക്ക് പരസ്പരം ആശ്വസിപ്പിക്കാനോ, സ്വയം ആശ്വാസം കണ്ടെത്താനോ ആയില്ല. മനസ്സിൽ ഒരായിരം നൊമ്പരങ്ങൾ മായാതെ കിടന്നു. കടക്കാരെക്കൊണ്ട് പൊറുതിമുട്ടിയപ്പോൾ പകുതി പണിത വീടോടുകൂടിയ ആ സ്ഥലവും നഷ്ടമായി. ഇതുംകൂടിയായപ്പോൾ ഡാഡിയുടെ സമനില തെറ്റി തുടങ്ങി. അവസാനം ഡാഡി ഭ്രാന്താശുപത്രിയിലുമായി. ജീവിത സുരക്ഷിതത്തിന് ഞാൻ ഒരു അനാഥാലയത്തിൽ അഭയവും തേടി. (മണികിലുങ്ങുന്ന ശബ്ദം, പ്രഭാതമായെന്നതിന്റെ സൂചന) പെട്ടെന്ന് അവൾ ചിന്തയിൽ നിന്നുണർന്നു. ചിന്തിച്ചിരുന്ന് സമയം പോയതറിഞ്ഞതേയില്ലല്ലോ. അവൾ ഓർക്കാതിരുന്നില്ല. അവൾ പെട്ടെന്ന് യാത്ര തിരിച്ചു.

സൂര്യകിരണങ്ങൾ പതിച്ചു തുടങ്ങുന്നതേയുള്ളൂ. കിളികൾ ചിലയ്ക്കുന്ന ശബ്ദവും, കള കളം പാടി വളഞ്ഞ് പുളഞ്ഞ് ഒഴുകുന്ന നദിയുടെ ഒച്ചയും, ഇല്ലിക്കൂട്ടങ്ങളിൽനിന്ന് മൂളലും കേൾക്കാം. നിമ്മി ഇപ്പോൾ ഭ്രാന്താശുപത്രിയിലെ ഒരു മുറിയിലിരിക്കുകയാണ്, ഡാഡിയെ കാണാൻ.

അവൾ ഡാഡിയുടെ അടുത്തേയ്ക്ക് നടന്നു, വികൃതമായ വേഷത്തോടുകൂടി, കുറെ കട്ടകൾ അടുക്കി വെച്ചുകൊണ്ടും മണ്ണ് വാരിയിട്ട് തേച്ച് മിനുക്കുകയാണ്, ഒരു വീട് കെട്ടി പൊക്കുന്ന ഭാവമാണാമുഖത്ത്. മനസ്സുരുകി നിമ്മി ഡാഡിയുടെ അരികെ വന്നിരുന്ന് തലോടി, വിയർപ്പുതുള്ളികൾ ഇറ്റിറ്റു വീഴുന്ന നെറ്റിയുയർത്തി അദ്ദേഹം ഒന്ന് നോക്കിയശേഷം മനസ്സിലാകാത്തമട്ടിലോ അതോ തിരക്കിലാണെന്ന ഭാവത്തിലോ പണി തുടർന്നു. കുറെനേരം നിശബ്ദയായി നോക്കിനിന്നശേഷം കൈയ്യിലെ പൊതി ഏൽപ്പിച്ചിട്ട് നിമ്മി യാത്രയായി.

ഒരു ദിനം കൂടി കൊഴിഞ്ഞു വീഴുകയാണ്. എല്ലാവരും ഉറക്കമായെന്ന് തോന്നുന്നു. നിശയുടെ ഇരുണ്ടയാമത്തിലും അവൾ ചിന്തയിലമർന്നുകൊണ്ടിരുന്നു. ഡാഡിയും പാതി അടഞ്ഞ മിഴികളോടെ ഒരു കൊച്ചു ഭവനം സ്വപ്നം കണ്ട്കൊണ്ട് മയങ്ങുന്നുണ്ടാവാം. ഡാഡിയുടെ മുഖം മനസ്സിൽ നിന്ന് മായുന്നേയില്ല. ഹൃദയമാകെ നീറിപ്പുകയുകയാണ്. നിമ്മിയുടെ കണ്ണിൽ നിന്നും, കണ്ണീർ കണങ്ങൾ ഇറ്റിറ്റു വീണുകൊണ്ടിരുന്നു. എന്നെ ഏകയാക്കി, എല്ലാവരും ഒളിഞ്ഞിരുന്ന് ചിരിക്കുകയാണോ ദുഃഖം മാത്രം നൽകിയ ഈ ലോകത്തോട് വെറുപ്പു തോന്നുന്നു.

കദനത്തിന്റെ കെട്ടുകളഴിയുന്നത് ജനാലയ്ക്കരികിൽ ഇങ്ങനെ ഇരുന്നുകൊണ്ട്

പൊട്ടിക്കരയുമ്പോഴാണ്. ആകാശത്തിൽ മിന്നിതിളങ്ങുന്ന നക്ഷത്രങ്ങൾ പോയ് മറഞ്ഞിരുന്നു. ഇടി മുഴങ്ങുന്ന ശബ്ദം, മിന്നലുമുണ്ട്. കോരിച്ചൊരിയുന്ന മഴ തുടങ്ങി പ്രകൃതി, നീയും കരയുന്നുവോ, അവൾക്കാശ്വാസം തോന്നി,

നിമ്മിയിൽ ഇപ്പോൾ ഒരു മോഹം മുളച്ചു പൊന്തിയിരിക്കുകയാണ് അത് അവളെ നശിപ്പിച്ചാലും വളർത്തിയാലും, നിമ്മി അവളുടെ ഡാഡിയുടെ സ്വപ്നം സാക്ഷാത്കരിക്കും ഉറച്ചതീരുമാനത്തോടെ അവൾ ഉറങ്ങാൻ കിടന്നു.

ഒരിക്കൽ നിമ്മി ചുവന്ന്, തുടുത്ത ഒരു റോസാപൂവിന് തുല്യയായിരുന്നു. ഡാഡിയും, മമ്മിയും, ചേച്ചിയും, നിമ്മിയും ഒന്നിച്ച് കൊച്ചുഗ്രാമത്തിൽ സ്നേഹത്തോടെ ജീവിച്ചിരുന്നപ്പോൾ. പക്ഷേ ഇപ്പോൾ ഡാഡിയും, മമ്മിയും, ചേച്ചിയും അവൾക്ക് നഷ്ടമായപ്പോൾ നിമ്മി വീണ പൂവിന് തുല്യയായി. അവളുടെ ചിന്തകൾ മാറെന്നും, വീണപൂവിന്റെ രോദനത്തിന് തുല്യമാണ്. അതെ, വീണപൂവിന്റെ തന്നിലെ ചിന്തകൾ വീണപൂവിന്റെ രോദനമെന്നോ?. ആ സത്യം സഹിക്കാനാവാതെ അവൾ തന്റെ കണ്ണുകൾ ഇറുക്കി അടച്ചു................

DEEPA KURUVILA,
I D C Zoology

---

*"Vitality shows not only in the ability to persist but in the ability to start over".- F. Scott Fitzgerald.*

---

# നേഴ്സിംഗ് & പാരാമെഡിക്കൽ

## കോഴ്സുകൾക്ക് –

കഴിഞ്ഞ 25 വർഷങ്ങളായി കുറവിലങ്ങാട്ട് നടത്തി വരുന്ന പ്രശസ്തമായ സ്ഥാപനത്തിൽ താഴെ പറയുന്ന പാരാമെഡിക്കൽ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു.

1. മെഡിക്കൽ ലാബൊറട്ടറി ടെക്നീഷ്യൻ (6 Months / 1 Year)
2. XRAY (6 Months)
3. നേഴ്സിംഗ് & മിഡ്വൈഫറി (1 Year / 2 Years)
4. E. C. G. (6 Months)

പ്രവേശനം കന്യാസ്ത്രീകൾക്കും പെൺകുട്ടികൾക്കും മാത്രം
കന്യാസ്ത്രീകൾ നടത്തുന്ന ഹോസ്റ്റൽ
മിനിമം യോഗ്യത S S L C. പ്രോസ്പെക്ടസിനും അപേക്ഷാഫാറത്തിനും 20 രൂപ മണിയോർഡർ അയക്കുക.

Director, St. Mary's School of Medical Technology
(Vaikom Road) Kuravilangad P. O. (686 633) Kottayam (Dt.)

ഫോൺ Off: 230465
Res: 230365

സ്ഥാപിതം: 1972



# The Kottayam District Co-operative Bank Limited

KOTTAYAM
Phone: 563603 (4 lines)

* Provides Finance for Agriculture and Rural Development through Primary Co-operatives.
* Accepts deposits under a variety of attactive Schemes.
* Transacts all kinds of Banking Business.
* Deposits are insured just as in any other Commercial Banks.
* 43 branches are situated in important centres of the District.

"Bank with us and be partners to the prosperity of the State"

P. U. THOMAS
General Manager

V. N. VASAVAN
President

# ഇന്ത്യയ്ക്കൊരു 'ചരമഗീതം'

ഇന്ത്യൻ ഭരണകൂടം അറിഞ്ഞോ അറിയാതെയോ നട്ടുവളർത്തുന്ന ഒരു വൻ വിപത്താണ് ടൂറിസം. അതിഥികളെ സത്കരിയ്ക്കുന്നതിൽ വളരെയധികം നിപുണരാണ് നമ്മൾ. എന്നാൽ ഈ ആതിഥ്യ മര്യാദ അതിര് കടക്കുമ്പോൾ സ്വന്തം വീടിന്റെ അടിത്തറ ഇളകിത്തുടങ്ങുന്നത് മനസ്സിലാക്കാൻ നമുക്ക് കഴിയുന്നില്ല. സൗന്ദര്യാസ്വാദകരായി എത്തുന്ന അയൽക്കാരെ പ്രീതിപ്പെടുത്താൻ ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന ഇന്ത്യക്കാർ നെട്ടോട്ടമോടുമ്പോൾ തകർന്ന് വീഴുന്നത് നമ്മുടെ സംസ്കാരമാണ്.

പുരാതന കാലം മുതൽ തന്നെ ഇന്ത്യയിൽ നാടോടികൾ ഉണ്ടായിരുന്നു. പ്രകൃതിയുടെ ഭൂവിന്യാസവും കാട്ടാറിന്റെ സംഗീതവും ആസ്വദിച്ച് സത്രങ്ങളിൽ കിടന്നുറങ്ങിയ പഴയ ദേശാടനക്കാർ ഇന്നില്ല. എഴുപതുകളിൽ ആരംഭിച്ച ടൂറിസം വകുപ്പിന്റെ മുഖ്യ ഉദ്ദേശം വിദേശനാണ്യ സമ്പാദനമായിരുന്നു. എന്നാൽ ഇതിന്റെ മറവിൽ നടക്കുന്ന കഞ്ചാവ്, മയക്കുമരുന്നു കച്ചവടത്തിന്റെ ദൂഷ്യഫലങ്ങൾ പ്രതിഫലിക്കുന്നത് നമ്മുടെ മണ്ണിൽ തന്നെയാണ്. കേരളത്തിൽ ആദ്യമായി ടൂറിസം ആരംഭിച്ചത് 25 വർഷം മുമ്പ് കോവളത്തായിരുന്നു. ഇന്ത്യയിൽ എയിഡ്സ് രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനു കാരണവും ഇതുതന്നെ. ടൂറിസ്റ്റുകളുടെ 'ദേശാടന'ശേഷം നമുക്കു ലഭിക്കുന്ന 'പ്രതിഫല'ത്തിന്റെ ഒരു ഭാഗമാണ് എയിഡ്സ്. ടൂറിസമെന്ന നീരാളിയുടെ പേശികൾക്ക് ശക്തി പകരാൻ സർക്കാർ കോടികൾ ചിലവഴിക്കുന്നു. ഇതിന്റെ മൂന്നിലൊന്ന് ഭാഗം മതി പാവപ്പെട്ടവന്റെ പട്ടിണി മാറ്റാൻ. ആഡംബരവും പണക്കൊഴുപ്പും മൂലം അന്ധരായ ജനത്തിനൊപ്പം തുള്ളാൻ ഇന്ത്യൻ ജനത ശ്രമിക്കുന്നതിന്റെ പൊരുൾ മനസ്സിലാകുന്നില്ല.

അതിഥികളെ തൊട്ടു തൊഴുതുനിന്ന നമുക്ക് ഒന്നു നിവരാൻ സാധിച്ചത് 1947 ലാണെന്ന സത്യം മറക്കരുത്. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി വളരെ ആഘോഷപൂർവ്വം നാം കൊണ്ടാടിയെങ്കിലും നമ്മുടെ ഭരണഘടനയിൽ കടന്നു കൂടിയിരിക്കുന്ന അന്യായങ്ങൾ തുടച്ചുനീക്കാൻ നമുക്കിതുവരെ സാധിച്ചിട്ടില്ല. ഇന്ത്യയിലെ നാലാമത്തെ അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ട ബേക്കൽ ഗ്രാമത്തിൽ, പട്ടിണി പാവങ്ങളെ കുടിയൊഴിപ്പിച്ചു കൊണ്ടാണ് ടൂറിസം നടപ്പാക്കുന്നത്. മീൻ പിടുത്തവും പുകയില കൃഷിയും ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിയ്ക്കുന്ന ഇവിടുത്തെ ജനങ്ങൾ ആരുമില്ലാതെ തെരുവിന്റെ മക്കളായി തീരും. ടൂറിസം വകുപ്പും ബേക്കൽ റിസോർട്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷനും പ്രകൃതി സുന്ദരമായ കാസർകോഡ് ജില്ലയെ വിദേശികൾക്ക് നിഷ്കരുണം പിച്ചിച്ചീന്താൻ വിട്ടുകൊടുക്കുന്നതിൽ സാമ്പത്തിക നേട്ടം മാത്രമാണ് ലക്ഷ്യം. ബേക്കൽ കോട്ടയ്ക്കരികിൽ ഫെസിലി

റിക്കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിച്ചപ്പോൾ നിരക്ഷരരെങ്കിലും ഈ ഗ്രാമത്തിലെ ജനങ്ങൾക്ക് സർക്കാരിന്റെ ഉദ്ദേശം മനസ്സിലാക്കാൻ സാധിച്ചു. ഒരു നേരത്തെ ആഹാരത്തിനുവേണ്ടി അത്യധ്വാനം ചെയ്യുന്ന ഈ തീരദേശത്തിന്റെ മക്കളെ ഗവൺമെന്റ് സ്വാധീനിച്ചത്, കരിക്കും നാരങ്ങാവെള്ളവും സായിപ്പിന് വിറ്റ് കാശുണ്ടാക്കാം എന്ന വാഗ്ദാനത്തിലൂടെയാണ്. പാവങ്ങളെ വിറ്റു കിട്ടുന്ന കോടികണക്കിന് പണം ഗവൺമെന്റിനും കരിക്കിന്റേയും നാരങ്ങാവെള്ളത്തിന്റേയും ചില്ലിക്കാശ് നിർധനനും. എത്രമാത്രം തരം താണിരിയ്ക്കുന്നു നമ്മുടെ സംസ്കാരം. 680 ഏക്കർ ഭൂമിയിൽ 3000 കോടി ചിലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടക്കുന്നു. സ്വന്തം രാജ്യത്തെ ജനങ്ങൾ പട്ടിണി കിടക്കുമ്പോൾ ഇതിൽ ഒരംശം പോലും ചിലവാക്കാൻ 'രാജ്യസേവകർ'ക്ക കഴിഞ്ഞില്ല

പ്രകൃതി രമണീയമായ ബേക്കൽ ഗ്രാമത്തിൽ പഞ്ചനക്ഷത്രഹോട്ടലുകൾ ഉയരുമ്പോൾ മറ്റൊരു ഗോവയോ കോവളമോ ആയി ഈ നാട് മാറുമെന്നതിന് സംശയമില്ല. ബാല്യം വിട്ടുമാറാത്ത കുഞ്ഞുങ്ങൾ വരെ ടൂറിസത്തിൽപ്പെട്ട് ചതഞ്ഞരയുന്നു. തായ്‌ലണ്ടിൽ സർക്കാർ വേശ്യാലയങ്ങൾ ഉണ്ടുപോലും. ഇവിടെ മാസത്തിലൊരിക്കൽ വൈദ്യപരിശോധനയും നടത്തപ്പെടുന്നു. ഗോവയിൽ ടൂറിസം കാലമായാൽ മൂന്നുമുതൽ മുകളിലേയ്ക്കുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ കൈകളിൽ ധാരാളം പണം ഉണ്ടാവും. ജീവിതം വഴിമുട്ടിയ സാധു ജനങ്ങൾ ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി മാനം വിൽക്കുമ്പോൾ അതിനു നേരെ കണ്ണടച്ച് കോടികൾ മുടക്കി ടൂറിസം നട്ടുപിടിപ്പിക്കുന്നു. മരങ്ങൾ വെട്ടിമാറ്റി തോടുകളും കുളങ്ങളും നികത്തി ഉയരൻ കെട്ടിടങ്ങൾ പടുത്തുയർത്തി. ഇനി മഴപെയ്യാൻ മാനം നോക്കി ഇരിക്കാം. പരിസ്ഥിതിയുടെ സംതുലനാവസ്ഥ തകിടം മറിച്ചിട്ട് ജീവിക്കാമെന്നു കരുതിയെങ്കിൽ തെറ്റി. ഒരുവശം വികസന പാതയിലൂടെ കുതിയ്ക്കുമ്പോൾ മറുവശം തകർന്നടിയുന്നു. ഇരുപത്തിരണ്ട് ലക്ഷത്തിതൊണ്ണൂറായിരം വിദേശികളാണ് കഴിഞ്ഞ വർഷം കേരളത്തിലെത്തിച്ചേർന്നത്. ഈ സംഖ്യ വളരെ കുറവാണെന്നാണ് ടൂറിസം വകുപ്പിന്റെ നിഗമനം ഇത് 50 ലക്ഷമായി ഉയർത്താൻ പാടുപെടുമ്പോൾ കാൽക്കീഴിലെ മണ്ണ് ഇളകിമാറുന്നത് അറിയാത്ത വിധം മനുഷ്യൻ ഉൻമത്തനായിത്തീർന്നു എന്നതാണ് വാസ്തവം. അത്രയ്ക്കു പണക്കൊതി മൂത്തവരാണ് നമ്മെ ഭരിക്കുന്നത്. അല്ലെങ്കിൽ എത്ര കുംഭകോണങ്ങൾ ഒഴിവായേനെ. തൊഴിലാളിദിനം, മനുഷ്യാവകാശദിനം, എന്നിവയുടെ പട്ടികയിൽ എയിഡ്സ് ദിനവും സ്ഥാനം പിടിച്ചു കഴിഞ്ഞു. എയിഡ്സിനെതിരെ സംഘടിപ്പിക്കുന്ന സെമിനാറുകളിൽ ആദ്യം ഹാജരാവേണ്ടത് ഭരണാധികാരികളാണ്.

സായിപ്പിനുവേണ്ടി കടലോരങ്ങളിലെ നിർധനരായ സ്ത്രീകളെയും കുട്ടികളേയും സർക്കാർ തീറെഴുതുന്നു. ഈ പട്ടികയിൽ എന്തുകൊണ്ട് അവർ തങ്ങളുടെ ഭാര്യമാരെയും കുട്ടികളെയും ഉൾപ്പെടുത്തുന്നില്ല? അവരവരുടെ ശരീരത്തുതൊട്ടാലേ വേദനിയ്ക്കൂ. വികസ്വര രാജ്യത്തിന്റെ പട്ടികയിൽ നിൽക്കുന്ന ഭാരതത്തിന് എയിഡ്സ് എന്ന തീരാശാപം കൂടിയാവുമ്പോൾ എല്ലാം പൂർത്തിയാവും. നമ്മുടെ ഗവൺമെന്റ് മാനം വിറ്റ് കോടീശ്വരനാകാമെന്ന് വ്യാമോഹിക്കുന്നു. സായിപ്പിന്റെ പെട്ടിയിലെ നോട്ടുകെട്ടുകളിൽ അവരുടെ കണ്ണുകൾ ഉടക്കിപ്പോയി. അതുനേടാൻ അവർ പാവപ്പെട്ട ജനങ്ങളെ

കടത്തികഴിയ്ക്കുന്നു. അവസാനം ഇതിൽ നിന്നു നേടിയ ലാഭമെല്ലാം ഏതെങ്കിലും ഒരു മന്ത്രി മുഖ്യൻ മുക്കുന്നു. ഇതാണ് നമ്മുടെ രാജ്യത്ത് ഇന്ന് സംഭവിക്കുന്നത്. ഇതിന്റെ പേരിൽ ഇന്ത്യക്കാരനു പ്രതീക്ഷിക്കാവുന്നതു് ഒരു 'കുംഭകോണം' മാത്രമാണ്. അനേകം കുംഭകോണങ്ങളും സ്വീകരിച്ച് ശീലിച്ച നമുക്ക് ഒരു 'ടൂറിസം കുംഭകോണം' കൂടി താങ്ങാൻ വലിയ വിഷമമൊന്നും ഇല്ല. അവശേഷിക്കുന്ന ഒരു ദുഃഖം എന്താണെന്നു ചോദിച്ചാൽ, വിദേശിയന് അടിമയാകുന്ന ഭാരതത്തെ രക്ഷിക്കാൻ ഇനിയൊരു ഗാന്ധിജി ഉണ്ടാവില്ല എന്നതുമാത്രമാണ്.

BOBY MATHEW
Ist DC Maths



---

നാലു വിധത്തിൽ, അതായത്, കർമ്മംകൊണ്ടും മനസ്സുകൊണ്ടും വചസ്സുകൊണ്ടും നേത്രങ്ങൾകൊണ്ടും, ലോകത്തെ സന്തോഷിപ്പിക്കുന്ന വ്യക്തിയിൽ ലോകവും പ്രസാദിക്കുന്നു.

—ശാർങ്ഗധരൻ—

---

# ST. VINCENT'S HOSPITAL

KURAVILANGAD

സേവനത്തിന്റെ പാതയിൽ രണ്ടാം വർഷത്തിലേക്ക്
കടന്നിരിക്കുന്നു.

ഇവിടെ പ്രവർത്തിക്കുന്ന ചികിത്സാ വിഭാഗങ്ങൾ —

1. ജനറൽ മെഡിസിൻ
2. പീഡിയാട്രിക്സ്
3. ഗൈനക്കോളജി
4. ജനറൽ സർജറി

ആധുനിക സജ്ജീകരണങ്ങളോടു കൂടിയ അൾട്രാ സൗണ്ട് സ്കാനിംഗ്, E C G, X-Ray മുതലായ ചികിത്സാ സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്.

കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന Casualty സൗകര്യവും ഉണ്ട്.

ADMINISTRATOR

# സത്യജിത്റായിയും ഇന്ത്യൻ സിനിമയും:—

ഇന്ത്യൻ സിനിമയ്ക്ക് ബോധ്യമായ ഒരുമാനം പ്രദാനം ചെയ്ത ഇന്ത്യൻ സിനിമയുടെ ഇതിഹാസകന്റെ "സിനിമ ലോകത്തെ അതികായനായ സംവിധായകൻ" — സത്യജിത്റായി- കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ബ്രഹ്മസമാജക്കാരനായ സുകുമാർ റായിയുടെയും സുപ്രഭാദാസിന്റെയും ഏകമകനായി ജനിച്ച റായി കൽക്കത്തയിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ശാന്തിനികേതനിൽ ചേർന്നു. രവീന്ദ്രനാഥടാഗോറിന്റെ ശിക്ഷണത്തിൽ വികസിതമായ അദ്ദേഹത്തിന്റെ അതുല്യ പ്രതിഭ ചിത്രമെഴുത്തിലും, കഥാരചനയിലും പടർന്നൊഴുകി. ഒരു ഇല്ലുസ്ട്രേറ്റർ ആയാണ് റായി തന്റെ കഥാജീവിതം ആരംഭിച്ചത്. "പഥേർപാഞ്ചാലിയിൽ" തുടങ്ങി "ആഗന്തുകി"-ൽ എത്തി നിൽക്കുന്നതാണ് അദ്ദേഹത്തിന്റെ ചലച്ചിത്ര തപസ്യ.

പഥേർ പാഞ്ചാലി നിർമ്മിച്ച് അര നൂറ്റാണ്ട് കഴിഞ്ഞുവെങ്കിലും സർഗാത്മത നിറഞ്ഞ ആദ്യത്തെ ഇന്ത്യൻ ചിത്രം എന്ന ഖ്യാതി അത് ഇന്നും നിലനിർത്തുന്നു. സത്യജിത്റായിയിലൂടെയാണ് ലോകം ഇന്ത്യൻ സിനിമയെ അറിയുന്നത്. ആഗോളാടിസ്ഥാനത്തിൽ കുപ്രസിദ്ധി നേടിയിരുന്ന നമ്മുടെ വ്യവസ്ഥാപിത സിനിമയ്ക്ക നേരെ സത്യജിത്റായി എന്ന പുത്തൻ കൂറുകാരൻ നടത്തിയ ആദ്യത്തെ കടന്നാക്രമണമായിരുന്നു പഥേർ പാഞ്ചാലി— ആരും കോട്ടകൊത്തളങ്ങളാം അടക്കിവാണിരുന്ന കച്ചവട സിനിമയുടെ പുറമ്പോക്കുഭൂമിയിൽ നിന്നും, സിനിമയെന്ന സങ്കല്പത്തെ സംബന്ധിച്ചിടത്തോളം ആസ്വാദക ലക്ഷങ്ങളിൽ രൂഢമൂലമായിരുന്ന മൂഢസങ്കല്പങ്ങൾക്ക് മേലുള്ള കനത്ത പ്രഹരം കൂടിയായിരുന്നു അത്.

അത്യന്തം വ്യത്യസ്തമായ ഒരു ചിത്രം, ശുദ്ധമായ യഥാർത്ഥ്യ പ്രതീതി ഋജുവും ലളിതവുമായ കഥാഘടന, കഥാപാത്രങ്ങളെ അടുത്തുനിന്നും, സംഭവങ്ങളെ അകത്തുനിന്നും കാണുന്ന പ്രതീതി- അതാണ് പാതയുടെ ഗീതമെന്ന പഥേർ പാഞ്ചാലി. 1955-ൽ പഥേർ പാഞ്ചാലി നിർമ്മിക്കപ്പെടും വരെ ഭാരതത്തെ സംബന്ധിച്ചിടത്തോളം സിനിമ കേവലം വിനോദോപാധി മാത്രമായിരുന്നു. സെന്റിമെന്റലിസം, റൊമാന്റിക് ഫാന്റസി എന്നിവയുടെ രക്ഷാകർതൃത്വത്തിൽ സിനിമേതരമായ ആവിഷ്കാര മാർഗ്ഗങ്ങളുപയോഗപ്പെടുത്തി നാടകം, നൃത്തം എന്നിവയും അകമ്പടിയോടുകൂടി സെല്ലുലോയിഡുൻ അരങ്ങേറിയിരുന്ന വിവിധ കലാപരിപാടികളായിരുന്നു അവയത്രയും. ഈ പശ്ചാത്തലത്തിൽ അന്ന് പഥേർ പാഞ്ചാലിയെ നമ്മുടെ യഥാർഥ സിനിമയായി കണ്ടറിയേണ്ടത്. നിർമ്മാണോദ്ദേശ്യം പ്രാഥമികമായും വ്യാപാരമല്ലാതെ സൃഷ്ടിക്കപ്പെട്ട ആദ്യത്തെ ഇന്ത്യൻ സിനിമയും ഇതുതന്നെ.

ഭാരതീയമായ പ്രേക്ഷകരുടെ സിനിമാ സങ്കല്പങ്ങളെ ഇതുപോലെ ഉലച്ചിട്ടുള്ള മറ്റൊരു ചിത്രം വേറെയില്ല. ആഭാസവൽക്കരിക്കപ്പെട്ട നമ്മുടെ പോപ്പുലർ സിനിമയുമായുള്ള ചിരപരിചയം ആസ്വാദകന്റെ രുചി നിലവാരത്തെ ചില്ലറയൊ

ന്നല്ല സാധിച്ചിട്ടുള്ളൂ. ശുദ്ധമായ യാഥാർത്ഥ്യ പ്രതീതി ജനിപ്പിച്ച ചിത്രമെന്ന നിലയിലും പഥേർ പാഞ്ചാലി പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നു. കഥാപാത്രങ്ങളുടെ ആന്തരിക സംഘട്ടനങ്ങളിലൂടെ വിദഗ്ദ്ധമായി സാധിച്ചെടുത്തിട്ടുള്ളതാണ് ഈ ചിത്രത്തിലെ അനന്യമായ മുഹൂർത്തങ്ങൾ. കച്ചവട സിനിമകൾ നാൾക്കുനാൾ പ്രബലപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ വിചിത്ര സിനിമാ സങ്കല്പങ്ങൾക്കിടയിൽ അരനൂറ്റാണ്ടിനുമുമ്പ് അതിലളിതവും, സത്യസന്ധവും, സൗന്ദര്യാത്മകവുമായ ഒരു ചലച്ചിത്രത്തിന് ജന്മം നൽകിയ ആ മഹത് വ്യക്തിയെ ആദരവുകളോടുകൂടി വേണം സ്മരിക്കാൻ.

RAJESH PRATHAP D.
I PDC Ist Group IInd Batch
No. 159


പുളിനിൽക്കും തടത്തിൽ ട്രാവൽസ്

വിനോദ യാത്രകൾക്ക്—

പുഷ്ബാക്ക് സീററുള്ള മിനി ടൂറിസ്ററ് ബസ്

കോളജ് ജംഗ്ഷൻ
കുറവിലങ്ങാട്

Phone: 230341 Resi
231299 Office
230803 ,,

Sandhya Haridas
I D C Malayalam

# അമ്മയുടെ കാത്തിരിപ്പ്

വിഷാദത്തിൻ നിഴൽ വീണ വഴിത്താരയിൽ
പ്രതീക്ഷയുടെ തിരിയിട്ട് കാത്തിരിക്കുന്നു ഞാൻ.
എന്തിനാണീ മൗനം
എന്തിനാണിത്ര പിണക്കം
നിന്നമ്മയല്ലയോ വിളിക്കുന്നത്.

നിന്നെ താരാട്ടു പാടിയുറക്കിയ കൈകൊണ്ട്—
മാറോട് ചേർത്തണയ്ക്കാൻ വെമ്പുന്നെൻ മാതൃഹൃദയം.
എന്തിനു നീ എന്നെ പിരിഞ്ഞുപോയി
എത്രയോ രാത്രികൾ നിന്നെയും കാത്ത് ഉമ്മറപ്പടിയിലിരുന്നു ഞാൻ.
എന്റെ സ്വപ്നത്തിലെങ്കിലും നീയൊന്നു വന്നിരുന്നെങ്കിൽ
കുസൃതിതരങ്ങൾ കാട്ടിനടന്ന നിന്റെ ബാല്യമെന്റെ ഉള്ളിലുണ്ട്.

പരിഭവങ്ങളും ഒരായിരം സ്വപ്നങ്ങളും പങ്കു—
വെയ്ക്കുവാൻ നിന്നെയും കാത്തിരിക്കുന്നു ഞാൻ.
കടന്നു പോയോരോ വസന്തത്തിലെ പൂക്കളും
എൻ മിഴികളിൽ നീയായിരുന്നു.
എന്നിട്ടും നീയിനി വരില്ലെന്ന് അറിയുന്നു ഞാൻ
എത്ര വിദൂരത്താണ് നിൻ ലോകമുണ്ണീ
നക്ഷത്രങ്ങൾ ചിരിക്കുന്ന മാനത്തോ?
കടലിന്നടിയിൽ ഗർത്തത്തിലോ?

പിറകാറുപോകാത്ത ഒരു പിടി ഓർമ്മകൾ മാത്രമേ ഇനി ശേഷിപ്പൂ
അവയിലും കണ്ണുനീരിന്റെ കയ്പുണ്ട്
ഹർഷത്തിന്റെ മധുരവുമുണ്ട്.
ഈവിശ്വാസമാകവേ ഇനിയമ്മയ്ക്ക് ശൂന്യത വെറും ശൂന്യത മാത്രം.
നിൻ കളിക്കോപ്പിലെങ്കിലും ഒരു പൊന്നുമ്മ നൽകിഞാനുമിനിയിറങ്ങട്ടെ
ഉണ്ണീ നീപോയവഴികളിൽ കൂടി നിന്റെ കാല്പാടുകളിൽ
ചവുട്ടി ഞാനും വരുന്നു.

# Deva Matha College
# Employees' Co-operative Society

No. K. 384

## ആകർഷകമായ
## പലിശ നിരക്കിൽ
## നിക്ഷേപങ്ങൾ സ്വീകരിക്കുന്നു

| | |
|---|---|
| Prof: K. Mathew Sebastian | (President) |
| ,, V. M. Mathew | (Board Member) |
| ,, V. A. Paul | ,, |
| ,, Anice Thomas | ,, |
| Sri M. C. Joseph | ,, |
| Sri P. C. George | ,, |
| Smt. A. G. Suseelakumari | (Secretary) |

(കവിത)

Sandhya Haridas
I. D. C. Malayalam

# നിശീഥിനി

നീല നഭസ്സിന്റെ നെററിയിൽ സിന്ദൂരം ചാർത്തി
അവളുടെ കാർകൂന്തലിൽ താരകമലരിൻ മാലചാർത്തി
നിലാവാകുന്ന പട്ടുപുടവ ചുററി
നിശാഗന്ധി പൂമണം വിതറി
തിങ്കളെ തൻ കൈക്കുമ്പിലേന്തി
നിശബ്ദമായി നീവന്നു നിശീഥിനി.

നിൻ മിഴികൾ എന്നോടെത്ര കഥകൾ ചൊല്ലി
നിന്റെ പുഞ്ചിരിയാൽ ഞാനെത്ര കിനാവുകൾ നെയ്തു
വേനൽ ചൂടിൽ വർഷബിന്ദുവായി എന്നിൽ നീ പെയ്തിറങ്ങി.

മൂകമാം നിൻ സംഗീതത്തിൽ എന്നാത്മാവ് തേങ്ങിയോ?
ഇരു പൂവിനുവേണ്ടി വന്നതാണോ നീ
ആരാണു നിൻ കളിത്തോഴൻ മന്ദമാരുതനോ ഇളം തെന്നലോ
ഈ വിശ്വമാകവേ നിൻ നിഴൽ ഒന്നായി പരക്കുന്നു.
അങ്ങനെയെത്രയോ വസന്തവും ശരത്തും പോയ്മറഞ്ഞു

എന്നിട്ടുമെന്നിട്ടും നിൻ ഭാവമായ മാറിയില്ല
ഇന്നുംകേട്ടു ഞാൻ നിൻമൗനസംഗീതം
രാത്രി നീ എന്നോട് ചൊല്ലിയതെന്തും
ഞാനൊരിക്കലും മറക്കില്ലെന്നോ
ഞാൻ പോയിമറഞ്ഞാലും നീ മറയില്ലെന്നോ
ഞാനും വരട്ടെ നിന്റെ കൂടെ ഒരു കൊച്ചു നക്ഷത്രമായി
രാത്രി നിന്നെ ഞാൻ സ്നേഹിച്ചുപോയി

---

**ജനിതക ജാതകം**

പൊരുത്തം, ആയുസ്സ്, ആരോഗ്യം ഇവ ഇനി ഡി. എൻ. എ. പഠനം വഴി അറിയാം. ഇതുവഴി 'ചൊവ്വ' ദോഷം ഇല്ലാത്ത ജീവിത സഖിയെ കണ്ടെത്താനാവും.

# GAICO LATEX

## BEST IN QUALITY

PRODUCERS OF HIGH QUALITY 60% LATEX

DEALERS OF DIFFERENT GRADES OF RUBBER

★

# GAICO LTD.

## KURAVILANGAD

0482–230213, 231113, 230613

**V. K. LUKA**
President

**A. M. JOSEPH**
Managing Director

**BABU MATHEW**
Secretary

SUNISH JOSEPH
I B.Com.

# ഇനി............ ഞാനിറങ്ങുന്നു.

ദുരൂഹമായൊരു ദിനത്തിൽ മറ്റെന്തിന്റെയോ തുടക്കംപോലെ കണ്ടുമുട്ടിയ പെൺകുട്ടി അറിയാതെ തന്റെ ദൗർബല്യമായി. ചിരിക്കുമ്പോൾ നുണക്കുഴികൾ വിരിയുന്ന ഹെലൻ എന്ന പെൺകുട്ടിയുടെ വിടർന്ന നയനങ്ങൾ മാത്രമായിരുന്നോ സ്വന്തം ബലഹീനത......

ആയിരിക്കാം......

ഒരിക്കലും അവൾ സുന്ദരി ആയിരുന്നില്ലല്ലോ

പ്രദീ...ഇതിനേക്കാൾ എത്രയോ മനോഹരിയാണ് രാധിക. നിന്നെ ഇഷ്ടപ്പെടുന്ന അവളെ നിനക്ക് സ്നേഹിച്ചുകൂടെ...നിർബന്ധമാണെങ്കിൽ...? ഉണ്ണി പറയുമായിരുന്നു. സ്നേഹിക്കുക എന്നത് നിർബന്ധമായിരുന്നില്ല. പക്ഷേ...

ഉണ്ണീ... ഇന്നലെ വരെ എനിക്കജ്ഞാതമായിരുന്ന ഈ വികാരം. പക്ഷേ പിക്കുവാൻ കഴിയാത്ത ഒരു കവിതപോലെ സുന്ദരമായ ഈ കുട്ടിയുടെ മിഴികൾ... എന്റെ രാഗമായി മാറിയിരിക്കുന്നു. എനിക്കതാണ് വേണ്ടത്.

"നീയൊന്നു ശ്രദ്ധിച്ചിട്ടുണ്ടോ... അവളുടെ പുറം. ചിതൽ പിടിച്ചമാതിരി. പിന്നീട് നീ വിഷമിക്കും.

ഉണ്ണിയുടെ മുന്നിൽ നിന്ന് വൃഥാ ചിരിച്ചു. സത്യത്തിന്റെ മുഖം കണ്ട്, ഒന്നും സംഭവിച്ചിട്ടില്ലെന്ന് സ്വയം പറയുവാൻ ശ്രമിച്ചു. പക്ഷേ... ദൗർബല്യങ്ങൾ...

നീണ്ടുണങ്ങിയ ഷാം പൂവിന്റെ ഗന്ധമുറങ്ങുന്ന മുടിയും വിടർന്ന നയനങ്ങളും ചങ്ങലകളായി കാലിൽ കിടക്കവേ...

ക്രമേണ അവൾ ഗർവ്വിന്റെ രൂപങ്ങളായപ്പോൾ തോന്നി. ഒരിക്കലെങ്കിലും ചിരിക്കുവാൻ മടിക്കുന്ന പെൺകുട്ടി വേദനയായി ഒരുവിധത്തിൽ അകാരണമായ...

നിശബ്ദ ശോകത്തോടെ ഉറക്കെ കരയുവാനും ഉറക്കെ ചിരിക്കുവാനും അശക്തമായ മനസ്സോടെ ഉണ്ണിയുടെ മുൻപിൽ ഇരിക്കവേ...

"ഞങ്ങൾ ഹിന്ദുക്കൾ വിശ്വസിക്കുന്നത്" ഉണ്ണി തുടർന്നു. ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിവർ സൃഷ്ടി സ്ഥിതി സംഹാരം ഇവ നടത്തുന്ന ദേവന്മാരാണ് സഹസ്രാന്ദയുഗങ്ങളായി തങ്ങളുടെ പ്രവർത്തി ഇവർ തുടർന്നുവന്നു വിശ്രമലേശമന്യേ...ഒടുവിൽ...

സൃഷ്ടിയിൽ നിരതനായിരുന്ന ബ്രഹ്മാവിന് ക്ഷീണം തോന്നി. ആയാൾ ജീവജാലങ്ങളെ പരിരക്ഷിച്ചുപോന്ന വിഷ്ണുവിനടുത്തെത്തി.

എനിക്ക് വളരെ ക്ഷീണം തോന്നുന്നു. അല്പമൊന്നുറങ്ങിയാൽ കൊള്ളാം നിങ്ങളും കൂടി യോജിക്കുകയാണെങ്കിൽ...?

ഇങ്ങനെയൊന്ന് ആഗ്രഹിച്ചിരിക്കുകയായിരുന്നു വിഷ്ണുവും. ബ്രഹ്മാവിന്റെ അഭിപ്രായത്തോട് അയാൾ പൂർണ്ണമായും യോജിച്ചു. പക്ഷേ ഇനിയുമുണ്ടല്ലോ ഒരാൾ...

ഇരുവരുംകൂടി ശിവനെ നേരിൽകണ്ടു കാര്യം അറിയിച്ചു. ക്ഷിപ്രകോപിയായ ശിവൻ അലറിക്കൊണ്ട് വിറച്ചു സംഹാരശക്തിപൂണ്ട് ശിവൻ അലറി. എന്താണ് നിങ്ങൾ പറയുന്നത് എല്ലാ ഭാരവും എന്റെ മുകളിൽ... ഇപ്പോൾ വിശ്രമിക്കണം പോലും. കഴിയില്ല... ഞാൻ എന്റെ ജോലി തുടരും.

ബ്രഹ്മാവും വിഷ്ണുവും നിരാശരായി തിരിഞ്ഞു നടന്നു. പക്ഷേ ക്ഷീണിതരായിരുന്നു അവർ—

ഉറങ്ങി—ദീർഘമായി—

ശിവൻ തന്റെ ജോലി തുടർന്നു. സംഹാരം അല്പസമയത്തിനുള്ളിൽ ബ്രഹ്മാവിന്റെ സൃഷ്ടികളെല്ലാം നശിപ്പിക്കപ്പെട്ടു.

ഒരു നിമിഷം! ആലോചനയ്ക്കു ശേഷം ശിവനൊന്നു ചിരിച്ചു. ഗർവ്വിന്റെ ചിരി—സംഹാരം തുടർന്നു ബ്രഹ്മാവ് സൃഷ്ടിക്കാനിരുന്ന എല്ലാററിനെയും.

“അയാൾ സന്തോഷിച്ച ദൈവമല്ലേ... ദീർഘനേരത്തെ നിദ്രയ്ക്കുശേഷം ബ്രഹ്മാവ് ഉണർന്നു. തന്റെ പ്രവർത്തി തുടങ്ങി.

അവയെല്ലാം പെണ്ണിന്റെ രൂപങ്ങളായിരുന്നു മാംസവും രക്തവുമുള്ള രൂപങ്ങൾ.

ഹൃദയമില്ലാത്ത, ആത്മാവില്ലാത്ത ജീവികൾ സ്നേഹിക്കാനറിയാത്ത, സ്നേഹമറിയാത്ത ഗർവ്വിന്റെ രൂപങ്ങൾ.

പ്രദീ, നീ സ്നേഹിക്കുവാൻ ശ്രമിക്കുന്നത് ഇതേ മാതിരിയൊരു രൂപത്തെയാണ്. നീ പിൻതിരിയൂ. ചിതൽ പാറ്റകൾക്കുള്ളിൽനിന്നും അതു നിന്റെ ശ്മശാനമാണ്. ഇവയ്ക്കു നിന്നെ മനസ്സിലാക്കാൻ കഴിയുകയില്ല. നീ ചിന്തിക്കൂ...

എന്തെങ്കിലും ചിന്തിക്കുവാൻ അശക്തമായ മനസ്സോടെ ഉണ്ണിയുടെ മുന്നിൽ ഇരുന്ന് വൃഥാ ചിരിക്കുവാൻ ശ്രമിച്ചു. പിന്നീട്—

ആലസ്യത, ഏതോ ഭ്രമം കണ്ണുകളെ പൊതിയുവാൻ തുടങ്ങവെ ഇഴഞ്ഞുവന്ന ഉണ്ണിയുടെ ആർദ്രമായ സ്വരം—

“ചിന്തിച്ചുവോ – നീ...

മാറി നടക്കുവാൻ, അശക്തമായ സ്വന്തം പാദങ്ങളോട് വെറുപ്പുതോന്നിയപ്പോൾ മന്ദസ്വരത്തിൽ പുലമ്പി—

ഇനി...ഞാനിറങ്ങുന്നു......”



ROBINS JOSEPH
I DC Economics

# ഗൾഫ്

ബസ് വന്നു

ലഗേജ് കയററി സീററിലിരുന്നപ്പോൾ ആശ്വസിച്ചു. ഏഴെട്ടു വർഷത്തെ അന്തരത്തിൽ ബസ്സിൽ കയറുന്ന ഗൾഫുകാരുടെയും എണ്ണം വർദ്ധിച്ചിരിക്കുന്നു.

വഴിയോരങ്ങൾ തിരിച്ചറിയാനാവാത്ത വിധം മാറിയിരിക്കുന്നു. ചെറിയ അങ്ങാടികളിൽ പോലും വീഡിയോ കാസററ് ലൈബ്രറികളും, ബ്യൂട്ടി പാർലറുകളും പാടങ്ങൾ നികന്നുയരുന്ന പ്രൗഢ സമുച്ചയങ്ങൾ, പണ്ടത്തെ കാളവണ്ടിയും, കുതിര വണ്ടികളും പകരം സുസുക്കിയും, ടൊയോട്ടയും കീഴടക്കിയ നിരത്തുകൾ. എങ്കിലും പണ്ടത്തെപ്പോലെ കണ്ടം കുളവും...

ബോംബേ എയർപ്പോർട്ടിൽ തട്ടിപ്പുകാരെ പേടിച്ച് ഉറക്കമില്ലാതിരുന്ന തലേ രാത്രി. കൺപോളകളിൽ ഉറക്കം വന്നു. ഉറങ്ങിയില്ല.

ബസ്സ് സ്റ്റാൻഡിൽ ലഗേജിറക്കി ഓട്ടോക്കാരനോട് വിലപേശുമ്പോൾ ഓർത്തു ടാക്സിയേക്കാൾ പത്ത് രൂപാ കുറവ്. വെറും പത്ത് രൂപയ്ക്ക് ഒരു ഗൾഫുകാരന് കിട്ടാവുന്ന പ്രതിച്ഛായ...

മണലാരണ്യത്തിൽ സൂര്യഭഗവാൻ സമ്മാനിച്ച വിയർപ്പു തുള്ളികളുടെ മൂല്യം.

യാത്രക്കിടയിൽ അയ്യാൾ ഓട്ടോക്കാരനോട് ചോദിച്ചു. ''ഒരു ഓട്ടോയ്ക്ക് എന്തു വിലവരും... ദിവസം എത്ര വരുമാനം ഉണ്ടാവും''

തന്റെ മേഖലയിൽ പുതിയൊരു ശത്രുവിനെ മുന്നിൽക്കണ്ട് ഡ്രൈവർ നിരസിച്ചെങ്കിലും അയാൾ കണക്കുകൂട്ടി ഒരു ഓട്ടോകൊണ്ട് ഒരു കുടുംബം കഴിഞ്ഞു കൂടാം.

ലഗേജിറക്കുമ്പോൾ ഡ്രൈവർ മുന്നറിയിപ്പു നൽകി. ''സൂക്ഷിക്കണം കേട്ടവരാണത്തു''

ഉച്ചയുറക്കത്തിൽ വാതിൽ തുറന്നെണീററ ഭാര്യ അയ്യാളെ കണ്ടപ്പോൾ വിസ്മയിച്ചു. അവരുടെ തുടുത്ത കവിളുകളിൽ പ്രസാദമുണ്ടായി.

അയ്യാൾ കോലായിലെ ചൂരൽ കസേരയിൽ ഇരുന്ന് ഭാര്യയെ നോക്കി അവൾ തടിച്ചിരിക്കുന്നു. മൂർദ്ധാവിൽ മൂന്നാലിഴ വെള്ളിനാരുകൾ...

ഭാര്യ ലഗേജ് ഓരോന്നായി മുറിക്കുള്ളിലേക്ക് എടുത്തുവച്ചു.

''കുറച്ച് വെള്ളം ചൂടാക്കൂ, കുളിക്കണം. രണ്ടീസമായി ഉറങ്ങിയിട്ട്... അയ്യാൾ പറഞ്ഞു.

ചൂടുവെള്ളത്തിൽ കുളിച്ച്, ഊണും കഴിഞ്ഞ് അയ്യാൾ ഒന്നുറങ്ങി. ഉറങ്ങുന്നതിനിടയിൽ കുട്ടികൾ സ്കൂൾ ബസ്സിൽ കൂട്ടുകാർക്ക് റ്റാറ്റയും പറഞ്ഞ് സ്കൂളിൽ നിന്നു വന്നു.

"ബഹളം ഉണ്ടാക്കണ്ടാ... അച്ഛൻ വന്നിരിക്കുന്നു..." അമ്മ അവരെ വിലക്കി. മൂത്തയാൾക്ക് അച്ഛനെ കണ്ട് ഓർമ്മയുണ്ട്. ഇളയവൾ മൂന്നാം ക്ലാസ്സിൽ പഠിക്കുന്നു.

അച്ഛൻ ഉണർന്നപ്പോൾ നേരം സന്ധ്യയായി. കുട്ടികൾ അച്ഛന്റെ ചുറ്റുമിരുന്നു. അയ്യാൾ അവരുടെ പഠനത്തേയും, പകപാതയെയുംപ്പറ്റി ആരാഞ്ഞു അയ്യാളുടെ മനസ്സിൽ ചെറിയൊരു മഴ പെയ്തു.

ദൈവമേ ഈ അവസരങ്ങളാണല്ലോ നീണ്ട എട്ടുവർഷങ്ങളിൽ എനിക്ക് നഷ്ടമായത് എന്ന് അയ്യാൾ ഓർത്തു.

പിറേറന്നു മുതൽ സന്ദർശകരുടെ തിരക്കായിരുന്നു. സംഘടിപ്പിക്കാമെന്നു പറഞ്ഞ വിസായുടെ കാര്യം... വായ്പ ചോദിച്ചെഴുതിയ കത്തിന് മറുപടിയില്ലാത്തതിന്...ആട്ടവളർത്താൻ...മാഞ്ചിയം...

അയ്യാൾ ആരെയും നിരുത്സാഹപ്പെടുത്തിയില്ല. നോക്കാം ആലോചിക്കട്ടെ എന്നൊക്കെ പറയുമ്പോൾ അയ്യാളുടെ മനസ്സിൽ സ്വയം പുച്ഛം തോന്നി! മണലാരണ്യത്തിൽ വർഷങ്ങൾ കിടന്ന് പണിയെടുത്ത് തിരിച്ചെത്തിയിട്ടും വിലയില്ലാത്ത അക്കങ്ങളുടെ പെരുപ്പം കേട്ടപ്പോൾ അയ്യാൾ അറിയാതെ ഞെട്ടിപ്പോയി.

മക്കളുറങ്ങിയപ്പോൾ ഈറൻ മുറിയുടെ ഇഴകളഴിച്ച് ഭാര്യ അയ്യാളുടെ അടുത്ത് കട്ടിലിലിരുന്നു.

"പറയുമ്പോ വിഷമമാവരുത്"...

"അറിയാത്ത കാര്യങ്ങളല്ലാ പറയുന്നതെന്നും അറിയാം."...

"പെരപണി ഇനിയും തുടങ്ങിയിട്ടില്ല! വീട് മൂന്നുമാസത്തിനുള്ളിൽ ഒഴിയണമെന്ന് പറഞ്ഞു. മൂത്തയാളുടെ വയസ്സറിയിച്ച് എഴുതിയിരുന്നില്ലേ. എല്ലാം കൂടി ആലോചിച്ചപ്പോൾ ആധിപിടിക്കുകയാണ്.

അയ്യാൾ ഭാര്യയുടെ കൈപ്പടം കയ്യിലെടുത്ത് തഴുകി പുഞ്ചിരിച്ചു.

നീ എന്തിനാ വിഷമിക്കുന്നത്... എല്ലാത്തിനും വഴിയുണ്ടാവില്ലേ... ഒരു കുടുംബം കഴിക്കാൻ ഇവിടെത്തന്നെ എത്ര വഴികളുണ്ട്... എങ്ങനെയെങ്കിലും കഴിഞ്ഞുകൂടാം"

അവൾ തലതാഴ്ത്തി പറഞ്ഞു.
"കുട്ട്യള് വളരുന്നുണ്ട് എങ്ങനെയെങ്കിലും അല്ലാ അവരുടെ സ്കൂളും, ഡ്രസ്സും, നടപ്പുമൊക്കെ ശ്രദ്ധിച്ചില്ലേ... എല്ലാം നല്ല നിലേ തന്ന്യാ... ഇനിയുള്ള കാലവും..." അവൾ മടിച്ച് നിർത്തി.

അയ്യാൾക്ക് ജിജ്ഞാസയേറി

"തിരിച്ചുപോണില്ലാന്ന് ഉറപ്പിക്കണോ".

അയ്യാൾ ഞെട്ടി

അയാൾക്ക് അറബിയുടെ കുടവയർ കുലുക്കിയുള്ള ആ ചിരിയാണ് ഓർമ്മ വന്നത്. കഴിഞ്ഞ മാസത്തിൽ അയ്യാൾ 1500 ഇന്ത്യൻ രൂപായോളം വെട്ടിക്കുറച്ച് ജോലി സമയം 2 മണിക്കൂർ കൂട്ടിയത്.

ലീവിനനുവദിച്ചപ്പോൾ അയ്യാൾ അറബിയോട് പറഞ്ഞു.

"ഇനി മടക്കമില്ല"

അമ്പി ഒന്നു ചിരിച്ചു.

"നിങ്ങളും ഇന്ത്യക്കാരൊക്കെ വലിയ ആൾക്കാരായി, ലോകത്ത് ദാരിദ്ര്യം ഉള്ളടത്തോളംകാലം എനിക്ക് പണിയെടുക്കാൻ ആളെയും കിട്ടും".

തിരിച്ചു നടക്കുമ്പോഴും അയാളും (അമ്പി) ഒരു പ്രവചനം പോലെ വിളിച്ച് പറഞ്ഞു. "നീ തിരിച്ചു വരും... എത്രകാലം കഴിഞ്ഞാലും നിനക്ക് തിരിച്ചു വരാതിരിക്കാനാവില്ല."...

അയാളും ഭാര്യയെ നെഞ്ചോട് ചേർത്ത് പിടിച്ചാശ്വസിച്ചു.

പന്ത്രണ്ടാം വയസ്സിൽ വയസ്സറിയിച്ച മകളും പണിതുടങ്ങാത്ത വീടും, മൂന്നുമാസം കൊണ്ട് ഒഴിഞ്ഞ് കൊടുക്കേണ്ട വീടും വെള്ളിനരകൾ മുളപൊട്ടിയ ഈ മൂർദ്ധാവും, അക്കങ്ങളുടെ പെരുപ്പത്തിൽ തേടുന്ന എന്റെ മനസ്സും.

നീയെന്നെ ശരിക്കും മനസ്സിലാക്കിയിരിക്കുന്നു.

## 'ഡോളി'ക്ക് പെൺകുട്ടി 'ബോണി'

ക്ലോണിംഗിലൂടെ ജനിച്ച് ആട് പ്രസവിച്ച് ചരിത്രം കുറിച്ചിരിക്കുന്നു. കുട്ടിയുടെ തൂക്കം 2.700kg. ആടിന്റെ അകിട്ടിലെ പൂർണ്ണ വളർച്ചയെത്തിയ കോശങ്ങളും മറ്റൊരു ആടിന്റെ അണ്ഡത്തിൽ വെച്ചാണ് ക്ലോണിംഗിലൂടെ 'ഡോളി'യ്ക്കു ജന്മം നൽകിയത്.

സ്നേഹ സോമൻ
Ist D.C. മലയാളം
Class No. 487

# ദൈവം

നിൻ മുഖമൊന്നു കാണുവാൻ,
നിൻ സ്വനമൊന്നു കേൾക്കുവാൻ,
നിൻ അമേയശക്തിയെന്തെന്ന്
മുകരുവാൻ, നിന്നിൽ
എത്ര മാത്രം അർച്ചന നടത്തി, ഞാൻ. !

എന്നിലൊരു ആശ്വാസവാക്കായി,
എൻ ദുഃഖത്തിൻ കണ്ണീർക്കയത്തിൽ,
എന്റെ ഏകാന്തതയിലെനിക്കൊരു
തണലായി മാറുന്നതും, നിൻ
അമേയശക്തി മറഞ്ഞിരുന്നെൻ
ചിത്തത്തിൽ, ധൈര്യം പകരുന്നതും
ഞാനറിയുന്നു............

നിൻ വിശ്വരൂപമൊന്ന് കൺകുളിർക്കെ
പുൽകുവാൻ, എത്രമാത്രം കൊതിപ്പൂ ഞാൻ,
എൻ ദൈവമേ............!

*Little things affect little minds — Benjamin Disraeli*

ROSHIN R-
IInd B. Com
No. 632

# നിയോഗം

തന്റെ എല്ലാ യാത്രയെയും പോലെ പ്രതീക്ഷകൾ നിറഞ്ഞ യാത്രയായിരിക്കണം, ആ വൃദ്ധനെ സംബന്ധിച്ചിടത്തോളം ഇതും ഇത്രയും നാളത്തെ തന്റെ യാത്രകൾ ഒന്നും പ്രതീക്ഷകളെ പൂർണ്ണമായും നിറം പിടിപ്പിച്ചിരുന്നില്ല ഓരോ യാത്രയും മറ്റൊരു പുതിയ യാത്രയെ സൃഷ്ടിച്ചുകൊണ്ടിരുന്നു. അങ്ങനെ ഉണ്ടായതാണ് മേൽവിലാസക്കാരനെത്തേടിയുള്ള പാലക്കാടൻ കുഗ്രാമത്തിലെ ഒരു കോവിലകത്തേക്കുള്ള ഈ യാത്രയും. ഓരോ യാത്രകളും, അതിലെ പ്രതീക്ഷകളും 'ബ്രഹ്മദത്തൻ നമ്പൂതിരി' എന്ന തന്റെ നാമം ആ വൃദ്ധൻ മറന്നിരുന്നു.

ഇന്നേക്ക് എട്ടോ പത്തോ വർഷം മുൻപുവരെ ആരൊക്കെയോ എങ്ങനൊക്കെയോ നശിപ്പിച്ച പ്രതാപത്തിന്റെ ബാക്കിപത്രവും പേറി ജീവിച്ചിരുന്ന ഒരു കുടുംബത്തിന്റെ നാഥനായിരുന്നു ആ വൃദ്ധൻ. തന്റെ ഏക മകൻ സിദ്ധാർത്ഥന് മെഡിസിന് പ്രവേശനം ലഭിച്ചപ്പോഴും പോയ പ്രതാപങ്ങൾ അവനിലൂടെ വീണ്ടെടുക്കാം എന്ന പ്രതീക്ഷ മകനെ നന്നായറിയാവുന്ന ആ അച്ഛനുണ്ടായിരുന്നു. മെഡിസിന് ഒന്നാം വർഷാവസാനം ആത്മഹത്യ എന്ന പേരിൽ അധികൃതർ വച്ചുനീട്ടിയ തന്റെ പുത്രന്റെ ജഡം ഏറ്റുവാങ്ങി സംസ്കരിച്ചപ്പോൾ പ്രതാപത്തെക്കുറിച്ചുള്ള തന്റെ പ്രതീക്ഷകളും സംസ്കരിക്കപ്പെട്ടു. മകനെക്കുറിച്ചുള്ള വലിയ പ്രതീക്ഷകൾ തകർന്നതിൽ മനം നൊന്തോ, അതോ അവന് കൂട്ടിന് വേണ്ടിയോ എന്തോ പിന്നാലെ അവന്റെ അമ്മയും പോയി.

മകനെ അറിയാവുന്ന, മകനെ അറിഞ്ഞ തന്റെ അച്ഛന്റെ പ്രതീക്ഷകളെക്കുറിച്ച് തികച്ചും ബോധവാനായ ആ മകന്റെ ആത്മഹത്യയിലെ നിഗൂഢതകൾ ആ അച്ഛനെ ആത്മഹത്യയിൽ നിന്നും പിന്തിരിപ്പിച്ചു. അതിന് വേണ്ടി ആ അച്ഛൻ കടന്ന് ചെന്ന നീതിപീഠങ്ങളെല്ലാം തന്റെ മകന്റെ മരണം ആത്മഹത്യയായി എഴുതിതള്ളി. അന്നു മുതൽ, ഒരിക്കലും ആത്മഹത്യചെയ്യില്ല എന്നറിയാവുന്ന ആ മകന്റെ മരണത്തെക്കുറിച്ചറിയാൻ ആ അച്ഛൻ ഒരു തീർത്ഥാടകനായി.

അവിടുന്നിങ്ങോട്ട് സിദ്ധാർത്ഥനെ അറിയാവുന്നവരും, സിദ്ധാർത്ഥനറിയാവുന്നവരുമായി ഓരോരുത്തരിലേക്കും അവന്റെ അവസാന നാളുകളെക്കുറിച്ചുള്ള അന്വേഷണവുമായി ആ അച്ഛൻ കടന്നു ചെന്നു. വിഷ്ണു, മോഹൻദാസ്, മുഹമ്മദ്, ശ്രീദേവി അങ്ങനെ എത്രയോ പേരിലേക്ക് അവരിൽ ആരിൽ നിന്നോ, തന്റെ മകനെ പ്രണയിച്ച തന്റെ മകൻ പ്രണയിച്ച ഒരു പ്രേയസിയെക്കുറിച്ചറിയാൻ കഴിഞ്ഞു. ആ അച്ഛനുവേണ്ടി അവൾക്ക് സമ്മാനിക്കാനുണ്ടായിരുന്നത് തന്റെ സിദ്ധാർത്ഥൻ തനിക്കെഴുതിയ എണ്ണപ്പെട്ട കുറച്ചെഴുത്തുകളും അവന്റെ

ഓർമ്മകൾ ഉൾക്കൊള്ളപ്പെട്ട ഒരു വിളമ്പലും മാത്രം. ആ എഴുത്തുകളിൽ ഏതോ ഒന്നിൽ നിന്ന് ലഭിച്ച മേൽവിലാസക്കാരനെത്തേടിയുള്ളതാണ് ഈ യാത്ര.

ബസ്സിറങ്ങി അവിടെക്കണ്ട ഗ്രാമീണ വായനശാലയിലിരുന്ന ചെറുപ്പക്കാരോട് കോവിലകത്തെക്കുറിച്ചന്വേഷിച്ചു. ആരാണ്?, എവിടെ നിന്നാണ്? എന്ന അവരുടെ ചോദ്യങ്ങൾക്ക് അവ്യക്തമായ ഒരു ചിരിയിൽ മറുപടി ഒതുക്കി അവർ പറഞ്ഞ ചെമ്മൺ പാതയിലൂടെ വൃദ്ധൻ നടന്നു. അൽപ്പസമയത്തെ നടത്തത്തിന് ശേഷം തെങ്ങിൻ തോപ്പിനിടയിൽ പാടത്തോട് ചേർന്ന് തലയെടുപ്പോടെ നിൽക്കുന്ന ആ കോവിലകം കണ്ടു തുടങ്ങി. അതിനോടടുക്കും തോറും തന്റെ അന്വേഷണത്തിന് മാറ്റു കൂട്ടുന്ന പലതും അവിടെ ഒളിഞ്ഞിരിക്കുന്നതായി വൃദ്ധന് തോന്നി. വൃദ്ധന്റെ വിരൽസ്പർശത്തിൽ നിന്ന് രൂപപ്പെട്ട ശബ്ദതരംഗങ്ങൾ കോവിലകത്തെ ഏതോ നിഗൂഢമയക്കത്തിൽ നിന്ന് ഉണർത്തി. പ്രൗഢയും എന്നാൽ ഏതോ ഒരു വിഷാദത്തിന്റെ അവ്യക്തമായ പ്രതിഫലനമുള്ള മുഖപൂവായി ഒരു മധ്യവയസ്ക പൂമുഖത്ത് വന്നു. മുഖവുരയൊന്നുംകൂടാതെയുള്ള ആരാണ്,? എന്താണ് ആഗമനോദ്ദേശ്യം? എന്നീ ചോദ്യങ്ങളിൽ നിന്ന് താനന്വേഷിച്ചെത്തിയ ഉണ്ണിയുടെ മാതാവായിരിക്കും ആ സ്ത്രീ എന്ന് വൃദ്ധൻ ഊഹിച്ചു. ''ഇവിടുത്തെ ഉണ്ണിയെ കാണാൻ വന്നതാണ്. എന്റെ മകൻ സിദ്ധാർത്ഥൻ ഇവിടുത്തെ ഉണ്ണിക്ക് രണ്ടു വർഷം ഇളപ്പമായിരുന്നു മെഡിസിന്. 9 വർഷം മുൻപ് എന്റെ സിദ്ധാർത്ഥൻ എങ്ങനെയോ മരിച്ചു. എന്റെ സിദ്ധാർത്ഥനെക്കുറിച്ചോ അവന്റെ അന്ത്യത്തെക്കുറിച്ചോ ഇവിടുത്തെ ഉണ്ണിക്ക് അറിയാമെങ്കിൽ അവനോട് അതൊക്കെ ചോദിച്ചറിയാൻ വന്നതാണ്''. വൃദ്ധൻ ചുരുങ്ങിയ വാക്കുകളിൽ തന്നെ ലക്ഷ്യം വിവരിച്ചു. ''താങ്കളുടെ മകനെക്കുറിച്ച് എന്തെങ്കിലും വിവരം എന്റെ മകനിൽ നിന്ന് കിട്ടുമെന്നെനിക്ക് തോന്നുന്നില്ല. കാരണം അവൻ എന്റെ പഴയ ഉണ്ണി അല്ല. മെഡിസിന് പഠിക്കുമ്പോൾ നന്നായിരുന്നു. ഏതോ ഒന്ന് അവന്റെ മനസ്സിനെ പിടിച്ചുലച്ചു. ഇന്നും അങ്ങനെ തന്നെ''. അതു പറയുമ്പോൾ ആ അമ്മയ്ക്ക് മകനോടുള്ള വാത്സല്യത്തിന്റെ അതിൽ നിന്നുളവായ ദുഃഖത്തിന്റെ അലകൾ വിളമ്പലായി മാറുന്നത് വൃദ്ധൻ കണ്ടു. ആ അവസ്ഥയിൽ തന്റെ അന്വേഷണം വഴിമുട്ടുമോ എന്ന ഭയം വൃദ്ധനിൽ രൂപം കൊണ്ടു. ആ അമ്മയുടെ അനുമതിയോടു കൂടി അവരുടെ പിന്നാലെ ഇടനാഴിയിലൂടെ അവനെ അടച്ച മുറിയെ ലക്ഷ്യമാക്കി നടന്നു.

''മോനെ'' എന്ന അമ്മയുടെ വിളി കേട്ടിട്ടും ജനലഴികളിൽ പിടിച്ച് മയക്കം തളം കെട്ടികിടക്കുന്ന കണ്ണുകൾ കൊണ്ട് അവൻ വൃദ്ധനെ തുറിച്ച് നോക്കി. വൃദ്ധൻ വർഷങ്ങളായി തന്റെ തോൾസഞ്ചിയിൽ സൂക്ഷിച്ചിരുന്ന സിദ്ധാർത്ഥന്റെ ഛായാചിത്രം പുറത്തെടുത്തു. അത് ഉണ്ണിയുടെ നേരെ പിടിച്ച് കൊണ്ട് വൃദ്ധൻ ചോദിച്ചു ''നീ ഇവനെ അറിയുമോ''......ചോദ്യം പല തവണ ആവർത്തിച്ചു എന്നു തോന്നുന്നു. അവന്റെ കണ്ണുകൾ വിടരുന്നതായും അവന്റെ കൈകൾ ആ ചിത്രത്തെ കൈക്കലാക്കാൻ വെമ്പുന്നതായും അദ്ദേഹത്തിന് തോന്നി.. അപ്പോഴേയ്ക്കും ചിത്രം കൈക്കലാക്കിയ അവൻ ഏതോ ഒരു അന്തർഗ്ഗതത്തിന്റെ ബഹിർസ്ഫുരണം എന്നപോലെ ഒരായിരം കതിര ശക്തിയിൽ ഒരു ക്ഷമാപണം ഉയർന്നു. ''ക്ഷമിക്കൂ സിദ്ധാർത്ഥാ ക്ഷമിക്കൂ,'' നിന്നെ ഈ നിലയിലെത്തിച്ചു, ഞാനും കൂട്ടുകാരും നിന്നിലേല്പിച്ച ക്രൂരവിനോദങ്ങൾക്കെല്ലാം മാപ്പ്''. അപ്പോഴേക്കും, കോവിലകത്തിന്റെ ഇടനാഴിയും പിന്നിട്ട് വൃദ്ധൻ ഓടുകയായിരുന്നു. ഒപ്പം കുറേ നിഗൂഢതകളും.

DANN V. J.
IInd D C Physics
No. 63

# പരിഭവം മൂളിയ താരാട്ട്

ചാരുകസാലയിൽ കണ്ണു പൂട്ടി കിടക്കുന്ന അയാളും ഉറങ്ങുകയായിരുന്നില്ല. കരിഞ്ഞു ചുരുളുന്ന ഇലകളുടെ കിരുകിരിപ്പിനിടയിൽ മഴത്തുള്ളികളുടെ ദേവനാദം ശ്രുതിചേരുന്നുണ്ടോ എന്നായിരുന്നു ആ തഴമ്പിച്ച കാതുകളുടെ അന്വേഷണം. കാക്കകളുടെ കരച്ചിലിൽപ്പോലും പരിഭവം ഇഴപാകിയിരുന്നു.

''എന്താ വല്ല്യച്ചാ ഇനിയും മഴ വരാത്തത്?'', കൊച്ചുമക്കൾക്ക് മാത്രമായിരുന്നില്ല സംശയം. ചുറ്റും കൂടിയിരിക്കുന്നവർക്ക് കൃഷിയിറക്കേണ്ടതുമാണല്ലോ. ''കുടുംബം പട്ടിണിയാകുമെന്ന് തോന്നുന്നുവല്ലോ രാഘവേട്ടാ''! രാഘവേട്ടന്റെ സാന്ത്വനം അവർക്കെന്നും ഊർജ്ജഹേതുവായിരുന്നു.

വട്ടമിട്ടു പറക്കുന്ന ആരോഹണാവരോഹണങ്ങൾ വീർപ്പുമുട്ടിച്ചിട്ടെന്നപോലെ പ്രകാശരശ്മികൾക്ക് കാണാനാവാത്ത ആ കണ്ണുകൾ മിഴിച്ചു. എപ്പോഴും വിറയ്ക്കുന്ന കൈകൾ. ഉയരാൻ പോകുന്നതോർത്തപ്പോഴേ മാളോർക്ക് സാന്ത്വനം. കൈകൾ മാറോട് ചേർത്ത് വിലങ്ങി കൊണ്ടാണല്ലോ രാഘവേട്ടൻ പണ്ടും സംസാരിക്കാറ്.

ഈ അവസ്ഥാന്തരം അയാളെ അതിശയിപ്പിച്ചു. കൃഷിയിറക്കിനുമുമ്പുള്ള കൊടും വേനലിൽപ്പോലും പ്രാസഭംഗിയോടെ ജീവിതഗാഥ രചിച്ചിരുന്ന തന്റെ പിൻമുറക്കാർക്ക് പ്രകൃതിയെത്തൊട്ടറിയാനുള്ള പഠിപ്പെങ്കിലും തികഞ്ഞില്ലേ ഇനിയും.

ഒരു കുടന്ന പരിഭവപ്പൂക്കൾ മാത്രമേ ഇവർ തനിക്ക് ദക്ഷിണയായിത്തരികയുള്ളോ. വേപ്പാടോടെ പരാതി പറയുന്ന ഇവർ ലോകത്തിന്റെ ഉത്കണ്ഠയത്രയും സമാഹരിക്കാൻ വെമ്പൽകൊള്ളുകയാണോ. ഇവിടെ ഗൗരവമില്ലാത്തവർ ആരാണുള്ളത്.

കൊച്ചുമകൾ കൊണ്ടുവന്ന തുമ്പി ചിറകിട്ടടിച്ചത് അയാളെ ക്രുദ്ധനാക്കി. ഉയരാൻ തുനിഞ്ഞ കൈകൾ താനേ താഴ്ന്നു. അയാൾ വീണ്ടും ചാരുകസാലയിൽക്കിടന്നുറങ്ങിപ്പോയിരിക്കാമെന്നു കരുതി എല്ലാവരും കലപിലയോടെ പിരിഞ്ഞു പോയി.

✱ ✱

*WITH BEST COMPLIMENTS FROM*

# MISSIONARIES OF ST. FRANCIS DE SALES
# (NAGPUR PROVINCE)

We are a Missionary Congregation working in different parts of **North India**, and in Europe, USA, South East Asia and Africa.

We invite the Catholic youth who have passed the SSLC or PDC, and have obtained at least a Second Class, to join the Religious Life and Priesthood in our Congregation for the very challenging work for the Lord Jesus as His Missionary.

**For more information please write to any of these Addresses:**

The Vocation Promoter
Prakash Bhavan
Pottassery P. O., Mannarkad Talk.
Palakkad Dt.
KERALA: 678 598

The Vocation Promoter
Provincial's Office
C/o St. John's High School
Mohan Nagar, NAGPUR
MAHARASHTRA: 440 001

# പ്രകൃതിയുടെ മടിത്തട്ടിലൂടെ ഒരു യാത്ര

1998 ജനുവരി 11

ഓർമ്മയുടെ പുസ്തകത്താളുകൾ പിന്നോട്ടമറിക്കുമ്പോൾ 97-നെ മറച്ചുനിൽക്കുന്നത് വന്യതയിൽ പന്തലിച്ച വൻ വൃക്ഷങ്ങൾ, അവയുടെ ഇലച്ചാർത്തുകളിൽ മുഖമുയർത്തിയെഴുന്നേറ്റ് പ്രഭാതവന്ദനം ചൊല്ലുന്ന അസംഖ്യം പേരറിയാ പക്ഷികൾ, ചെറുചൂടിൽ പിറന്നുവീഴുന്ന തുഷാര ബിന്ദുക്കളിൽ വർണ്ണങ്ങളുടെ ചിത്രകാരനാവുന്ന സൂര്യൻ, പിന്നെ രാത്രിയുടെ തണുത്ത നിശ്ശബ്ദതയെ ഭയാനകമാക്കാൻ ഇടയ്ക്കിടെ ഉറക്കെ അലറുന്ന കേഴകൾ. പിന്നെയും അടുക്കിയാൽ ചിതറുന്ന ഓർമ്മകളിൽ കിനിയുന്നത് ഒരു വനയാത്രയുടെ മാധുര്യം. പ്രകൃതിയുടെ സ്വച്ഛതയിലേക്ക് ഒരു അനുപമയാത്ര.

1998 ജനുവരി 8

കോട്ടയത്തുനിന്നും കുമളിയിലേക്കു തിരിക്കുന്ന ''പിൽജ'' എന്ന റൂട്ട്ബസിൽ ഹരിതാഭമായ കാട്ടുപാതയിലേക്കുള്ള ഒരു യാത്രയുടെ തുടക്കം. അതിൽ, യാന്ത്രികതയുടെ പടയോട്ടങ്ങളിൽ മനുഷ്യനു പ്രകൃതിയിൽ നഷ്ടപ്പെട്ട സ്ഥാനങ്ങളെക്കുറിച്ചറിയാൻ ഞങ്ങൾ മുപ്പതോളം വിദ്യാർത്ഥികൾ. കൂടെ കുറവിലങ്ങാട് ദേവമാതാ കോളേജിലെ ഗ്രീൻസീഡ്സ് ഡയറക്ടർ പത്രോസ് സാർ. അദ്ദേഹത്തിനു തുണയായി കൊമേഴ്സ് ഡിപ്പാർട്ട്മെൻറിലെ തന്നെ ബേബിസാർ. മണ്ഡലകാലമായതിനാൽ കെ. കെ. റോഡ് സജീവമായിരുന്നു. മുന്നോട്ടുള്ള യാത്രയിലൊക്കെയും കാൽനടയായും സൈക്കിളിലുമൊക്കെ ശബരിമലയിലേക്കു പോകുന്ന അയ്യപ്പന്മാർ ഒരു സ്ഥിരം കാഴ്ചയായിരുന്നു. പകലിൻെറ വറുതിയിലും, നോക്കെത്താദൂരത്തോളം നീണ്ടുകിടക്കുന്ന റബറിനെ ചുററിയടിക്കുന്ന പൊടിക്കാററിലും തളരാതെ, വന്യതയുടെ മടിത്തട്ടിൽ സംഗീതം പൊഴിക്കുന്ന പച്ചപ്പുകളെ ഞങ്ങൾ കിനാവുകണ്ടു. അടിയേററ ചേരയെപ്പോലെ വളഞ്ഞു പുളഞ്ഞു കിടക്കുന്ന മലമ്പാതകൾക്കിരുവശത്തും നിറയുന്ന പുതിയ അറിവുകളിൽ പച്ചപ്പിൻെറ പര്യായ വൃക്ഷങ്ങളെ ഞങ്ങൾ അത്ഭുതത്തോടെ കണ്ടു. ഉച്ചയ്ക്ക് കുമളിയിലെ ഹോട്ടൽ ശ്രീകമാറിൽ നിന്നും ഭക്ഷണം അതിനുശേഷം ഏകദേശം ഒരു കിലോമീററർ മാത്രമകലെയുള്ള ഡോർമെട്രിയിലേക്ക്.

പച്ചവിരിച്ച പാടങ്ങൾക്കപ്പുറം അസംഖ്യം പൂക്കൾ വിടർന്നു വിലസുന്ന കൊച്ചുചെടികൾ അതിരിട്ടു നിൽക്കുന്ന ഫോറസ്റ്റ് റെസ്റ്റ് ഹൗസ്. ഞങ്ങളുടെ യാത്രയുടെ ഭാവി പരിപാടികൾ റെയ്ഞ്ചർ ജയിംസ് സക്കറിയയിൽ നിന്നറിഞ്ഞ പത്രോസ് സാർ പറഞ്ഞു.'' നമ്മൾ പോകാനുദ്ദേശിച്ച മുല്ലക്കുടിയിൽ മരം വീണ് കെട്ടിടം തകർന്നിരിക്കുന്നു. തൽക്കാലം നമ്മൾ ഇവിടെ തങ്ങുന്നു. ഇന്ന് ഒരു ചെറിയ ട്രക്കിങ്ങ് അഞ്ചുരുളിയിലേക്ക്, ഗാർഡ് വള്ളിവേലു ഉണ്ടാവും കൂടെ.

വൃക്ഷത്തലപ്പുകളെ തൊട്ടുതഴുകി, അവയിൽ നിന്നുതിരുന്ന ശുദ്ധവായു ശ്വസിച്ചുള്ള ട്രക്കിങ്ങ്. ആറുമണിക്കൂർ നീണ്ട ബസ് യാത്രയുടെ ക്ഷീണമുണ്ടായിരുന്നെങ്കിലും കാടിനു നടുവിലൂടെയുള്ള യാത്ര രസകരമായിരുന്നു. ഞങ്ങൾ വള്ളിവേലിനു പി

ന്നിൽ വരിവരിയായി മുന്നോട്ട്. തേക്കും ചന്ദനവും അടക്കം അനേകം വൻവൃക്ഷങ്ങൾ നിറഞ്ഞ കാട്. അവയുടെ ചില്ലകളിൽ തൂങ്ങിയാടി അതിവേഗം സഞ്ചരിക്കുന്ന കപിവീരന്മാർ. കരിങ്കുരങ്ങുകളെയായിരുന്നു ഞങ്ങൾ കൂടുതൽ കണ്ടത്. കാഴ്ചകൾ കണ്ട് മുന്നോട്ടു പോകവേ വള്ളിവേലു നിന്നു. ''ഒറ്റയാന്റെ ചിന്നം വിളി കേൾക്കുന്നുണ്ടോ?'' ആനയുടെ കാല്പാടുകൾ നിറഞ്ഞ കാട്ടുപാതകളും പിണ്ഡവുമെല്ലാം ഞങ്ങളുടെ സംശയം വർദ്ധിപ്പിച്ചു. അല്പം കൂടി മുന്നോട്ടുനടന്നു നോക്കിയ വള്ളിവേലുവിനെ ബേബിസാറും അനുഗമിച്ചു. ഭയാത്മകമായ പുതിയ പരിതസ്ഥിതികളിൽ ആകാംക്ഷയോടെ കാത്തിരുന്ന ഞങ്ങളുടെ അവർ തിരിഞ്ഞോടിവരുമ്പോൾ വിളിച്ചു പറയുന്നുണ്ടായിരുന്നു. ''ഒറ്റയാനാ ഓടിക്കോ.'' ഓട്ടത്തിൽ മോശമല്ലാത്ത എന്നെയും പിന്നിലാക്കി ഓടിക്കയറുന്ന തടിയന്മാരെയും ചെരുപ്പ് കയ്യിലെടുത്തു കുതിച്ചോടുന്ന സാറിനെയും ഓട്ടത്തിനിടയിൽ ഞാനും ഒരു നിമിഷമേ നോക്കിയുള്ളൂ.

ഭാഗ്യത്തിന് ഒറ്റയാൻ പിന്തുടർന്നില്ലെങ്കിലും അഞ്ചുരുളിയിലേക്കുള്ള യാത്ര ഉപേക്ഷിക്കപ്പെട്ടു. വൈകുന്നേരത്തെ ചായക്കുശേഷം കുമളിയിലെ രാജീവ് ഗാന്ധി മ്യൂസിയത്തിലേക്ക്. സ്റ്റഫ് ചെയ്യപ്പെട്ട വന്യജീവികളുടെ പ്രാഗ്‌രൂപങ്ങൾ ഞങ്ങളെ ആകർഷിച്ചു. പലതരം പാമ്പുകളെയും മത്സ്യങ്ങളെയും തവളകളെയുമൊക്കെ സ്പിരിറ്റിൽ മുക്കി കുപ്പികളിൽ കേടുകൂടാതെ ഇവിടെ സൂക്ഷിച്ചിരിക്കുന്നു. കടുവയും പുലിയും അനേകം സസ്യങ്ങളും എണ്ണമറ്റ നിറക്കൂട്ടുകളിൽ ചാലിച്ച ചിറകുമായ് അസംഖ്യം ഷഡ്പദങ്ങളുമൊക്കെ പോയകാലത്തെ പരുക്കൻ തറയിൽ തുടങ്ങി ഇന്നും അവസാനിക്കാത്ത ദൗത്യങ്ങളുമായി തലയെടുപ്പോടെ നിൽക്കുന്നു. പിന്നെ രണ്ടാംനിലയിലെ ചെറിയ ഹാളിൽ ജോസഫ് കുരൂർ സാറിന്റെ ക്ലാസ്സ്. ആംഗലേയത്തിലെങ്കിലും ലളിതമായ ഭാഷയിൽ അദ്ദേഹം പഠിപ്പിച്ച തേക്കടിയുടെ ചരിത്രവും അവിടെ പ്രദർശിപ്പിച്ച ഫോട്ടോ സ്ലൈഡുകളും തേക്കടിയുടെ വന്യതയെ അടുത്തറിയുവാനും പ്രകൃതിയെ പുതിയ വീക്ഷണ കോണിലൂടെ കാണാനും ഞങ്ങളെ സഹായിച്ചു.

## 1998 ജനുവരി 9

രാവിലെ ഞങ്ങൾ മംഗളാദേവിയിലേക്ക് പുറപ്പെട്ടു. അതികാലത്തെ കൊടും തണുപ്പിൽ ഉച്ചഭക്ഷണവും പൊതിഞ്ഞു വാങ്ങി കാടുകയറിയപ്പോൾ തന്നെ ആത്മാവിലെവിടെയോ പ്രകൃതി സ്നേഹത്തിന്റെ ദിവ്യമന്ത്രങ്ങളാൽ ഞങ്ങൾ പ്രതിഷ്ഠിച്ചുകഴിഞ്ഞിരുന്നു, ഈ മംഗളാദേവിയെ. ഇരുപാടും ഇടതിങ്ങിയ ഇരുണ്ട വനങ്ങളിലൂടെ...... ഒരു യാത്ര. ഈർപ്പം കലർന്ന, അട്ടകൾ നിറഞ്ഞ നിലങ്ങൾ. ദുർഘടം നിറഞ്ഞ യാത്രാമദ്ധ്യേതന്നെ പലരും തളർന്നിരുന്നു. പൊക്കമുള്ള കുന്നുകളുടെ നിരകളിൽ കോടമൂടിയ അന്തരീക്ഷത്തിലേക്ക് തുളച്ചുനിൽക്കുന്ന നീണ്ട മെലിഞ്ഞ വൃക്ഷങ്ങൾ. മല കയറുന്നതിനിടയിൽ മലഞ്ചെരുവിലൂടെ സ്വൈരവിഹാരം നടത്തുന്ന കാട്ടുപോത്തുകളെ കണ്ടു. ഞങ്ങളുടെ സാമീപ്യം മനസ്സിലായപ്പോഴാവണം അവ കടന്നു കളഞ്ഞു. ബ്രാണ്ടിപ്പാറ കഴിഞ്ഞപ്പോഴേക്കും പലരും വിഷമിച്ചു. പക്ഷേ പിന്നീടുള്ള വഴികൾ താണ്ടാൻ കൂടുതൽ ബുദ്ധിമുട്ടേണ്ടിവന്നു. പാറയിൽ കിളുർത്ത പുല്ലുകളിൽ തങ്ങി നിൽക്കുന്ന കോടമഞ്ഞിന്റെ നനവ് യാത്ര കൂടുതൽ ദുഷ്കരമാക്കി. ഒടുവിൽ കുത്തനെയുള്ള ഒരു വലിയ കയറ്റം. അതിനു മുകളിൽ ഹരിതാഭമായ പച്ചപ്പുൽപ്പരപ്പുകൾ. അവി

ഒ മഞ്ഞിൻ യവനികയ്ക്കുള്ളിലെവിടെയോ മുകളറ്റം ഒളിപ്പിച്ച ഒരു വലിയ മല. ഞങ്ങളിൽ പലരും അതിന്റെ പകുതി ദൂരം വരെ കയറി നോക്കി. താഴ്വാരങ്ങളും കുന്നിൻചെരുവുകളുമെല്ലാം കോടമഞ്ഞിനാൽ മൂടിയിരുന്നതിനാൽ കാഴ്ചകൾ തീർത്തും അവ്യക്തമായിരുന്നു. അവിടെ നിന്നും കുറച്ചുകൂടി നടന്നാൽ മംഗളാദേവിയായി. ഏതോ കാലത്തെ ഗോത്രവർഗ്ഗങ്ങളുടെ പൂജാമന്ത്രങ്ങളിൽ പ്രസാദിച്ചിരുന്ന കണ്ണകി......ഇന്ന് ഇരുണ്ട കരിങ്കൽത്തൂണുകൾക്കിടയിൽ കാനനം തിരിച്ചുപിടിച്ച നഷ്ടാവശിഷ്ടങ്ങൾ മാത്രമായി അവശേഷിക്കുന്നു. ക്ഷേത്രത്തിനോടടുത്തു തന്നെ ഒരു പഴയ തുരങ്കമുണ്ട്. ഇത് മധുരമീനാക്ഷി ക്ഷേത്രത്തിലേക്കുള്ളതാണെന്ന് പറയപ്പെടുന്നു.

മംഗളാദേവിയിൽ വളരെ പുരാതനമായ ഒരു കിണറുണ്ട്. പരസ്പർശം അധികമേൽക്കാത്ത കിണറിലെ തണുപ്പാർന്ന ശുദ്ധജലം യാത്രാമദ്ധ്യേ ഞങ്ങൾ പറിച്ചുതിന്ന കാട്ടുനെല്ലിക്കകൾക്ക് മധുരമേകി. ഉച്ചഭക്ഷണത്തിനു ശേഷം തേക്കടിയിലേക്ക് ജീപ്പു റൂട്ടിലൂടെയുള്ള യാത്ര സുഗമമായിരുന്നു. ഇടയ്ക്കിടെ കാണുന്ന തെളിനീരുറവകൾ ഞങ്ങളുടെ ദാഹശമനിയായി. വൈകുന്നേരത്തോടെ ഞങ്ങൾ തേക്കടിയിലെത്തി. അവിടെനിന്നും 'വനമാല' എന്ന ബോട്ടിൽ മുല്ലപ്പെരിയാറിലേക്ക്. റിസർവ്വോയറിലെ ഒഴുക്കില്ലാത്ത ജലത്തിൽ പണ്ടെന്നോ നഷ്ടപ്പെട്ട പച്ചപ്പിന്റെ മധുരസ്മൃതിയിൽ അനേകം വൻവൃക്ഷങ്ങൾ ഇന്നും നശിക്കാതെ നിൽക്കുന്നു. അവയുടെ ചില്ലകളിൽ കൂടുകൂട്ടി മത്സ്യങ്ങളെ വേട്ടയാടുന്ന ചേരപ്പക്ഷികൾ. ചുററും പ്രകൃതിയിലെ നാനാവിധ അഴകുകളുടെ അത്ഭുതകരമായ പ്രദർശനശാലകൾ. തടാകത്തിലെ ജലം കുടിക്കാനെത്തുന്ന നിരവധി മ്ലാവുകളും കാട്ടുപന്നികളും നീർനായയുമെല്ലാം ഞങ്ങളുടെ കണ്ണുകൾക്ക് വിരുന്നായി. പക്ഷേ ഞങ്ങൾ പ്രതീക്ഷയോടെ കാത്തിരുന്ന കാട്ടാനക്കൂട്ടങ്ങളെ മാത്രം കണ്ടില്ല. ഏകദേശം രണ്ടുമണിക്കൂർ യാത്രയ്ക്കുശേഷം ഞങ്ങൾ മുല്ലപ്പെരിയാറിലെത്തി. തമിഴ്നാട്ടിലേക്ക് ജലം വഹിച്ചു കൊണ്ടുപോകുന്ന വലിയ ടണലുകളും രണ്ടുമലകളെ കൂട്ടിയിണക്കി നിർമ്മിച്ച ഡാമുമെല്ലാം. ഒരിക്കലും മായാത്ത വർണ്ണചിത്രങ്ങൾ ഞങ്ങളുടെ മനസ്സിൽ കോറിയിട്ടിരിക്കുന്നു. രാത്രിയോടെ തിരിച്ച് തേക്കടിയിലെത്തി. ഫോറസ്റ്റ് വക വാഹനത്തിൽ തിരിച്ച് ഡോർമെട്രിയിലേക്ക്.

ജനവരി 10 ശനി

പ്രകൃതിയുടെ സംഗീതവും ഹൃദയത്തിൽ പേറിയുള്ള മടക്കം. ഇന്നും പച്ചപ്പിന്റെ രക്ഷാകേന്ദ്രമായി അവശേഷിക്കുന്ന തേക്കടിയും കോട മഞ്ഞ നേരത്ത് മലമുകളിൽ നിന്ന് നോക്കിക്കണ്ട കമ്പത്തിന്റെയും തേനിയുടെയും മനോഹര ദൃശ്യങ്ങളും റിസർവ്വോയറിലെ ബോട്ടിംഗിൽ ഞങ്ങളുടെ കണ്ണുകൾക്ക് വിരുന്നൊരുക്കിയ വന്യജീവികളുമെല്ലാം ഇനിയെന്നും ഓർമ്മയുടെ താഴ്വാരങ്ങളിൽ തണുപ്പേകുന്ന മഞ്ഞിൻ കണങ്ങൾ...... ഈ യാന്ത്രികയുഗത്തിൽ അവശേഷിക്കുന്ന പച്ചപ്പുകളെ മാറോടണച്ചിരിക്കുന്ന പെരിയാറിന്റെ തീരങ്ങളെ നിങ്ങൾക്കൊരായിരം സ്വസ്തി.

ANOOP P. N.
I DC. Maths
No: 2

ജോബി തോമസ്
II DC Maths

# വിദ്യാഭ്യാസ രംഗത്തേയ്ക്ക് ഒരെത്തിനോട്ടം

''വിദ്യാധനം സർവ്വധനാത് പ്രധാനം''

വിദ്യയ്ക്ക് എന്നും മഹത്തായ സ്ഥാനം കൽപ്പിച്ചിരുന്ന നാടാണ് ഇന്ത്യ. 'ഗുരുർ ദേവോഭവ' എന്ന് അക്ഷരലക്ഷം ഉരുവിട്ടവരുടെ നാടാണ് ഭാരതം. ബ്രഹ്മജ്ഞാനമുള്ളവർക്ക് സർവ്വാധിപത്യം കൽപ്പിച്ചിരുന്ന നാട്. വിദ്യാധനം സർവ്വധനാത് പ്രധാനം എന്ന മനസ്സിലാക്കിയവരാണ് ഭാരതീയർ. അജ്ഞത അന്ധകാരമാണെന്നവരറിഞ്ഞിരുന്നു. വിജ്ഞാനസമ്പാദനത്തിനായി ജീവിതം ഉഴിഞ്ഞുവച്ച ഋഷിവര്യന്മാരുടെ രക്തമാണ് നമ്മുടെ സിരകളെ നിറയ്ക്കുന്നത്. പൂർവ്വികരുടെ മഹത്ചരിതങ്ങൾ തേടിപ്പിടിക്കുകയും ആ വീരഗാഥകൾ ഏറ്റുപാടുവാൻ വെമ്പൽകൊള്ളുകയും ചെയ്യുന്ന നമ്മുടെ. വിദ്യാഭ്യാസ മേഖലയുടെ ഇന്നത്തെ അവസ്ഥ നമ്മുടെ പഠനങ്ങൾക്ക് വിഷയീഭവിക്കേണ്ടിയിരിക്കുന്നു.

ഇന്ന് ഭാരതത്തിൽ പ്രത്യേകിച്ച് കേരളത്തിൽ വിദ്യാഭ്യാസമേഖല കുറെയേറെപ്പേർക്ക് തൊഴിൽ നല്കുകമാത്രം ചെയ്യുന്ന ഒരു കൂട്ടുകച്ചവടമായി അധഃപതിച്ചിരിക്കുന്നു. മക്കളുടെ പഠന നിലവാരം അവരുടെ മാർക്കലിസ്റ്റിൽ മാത്രം തേടുന്ന മാതാപിതാക്കളും റാങ്കുകൾക്കും വിജയശതമാനത്തിനും വേണ്ടി ക്രമക്കേടുകളുടെ നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്ന അദ്ധ്യാപകരും ആർക്കൊന്നും വേണ്ടി ഓക്കാനിക്കുന്ന വിദ്യാർത്ഥികളും നോട്ടുകെട്ടുകളെ മാത്രം മാനിക്കുന്നസമൂഹവും ഈ കേസ്സിൽ 'ഒന്നാംപ്രതി' സ്ഥാനത്തിന് ഒരു പോലെ യോഗ്യരാണ്.

വിദ്യാഭ്യാസം അറിവ് കരഗതമാക്കുന്നതിനുള്ള പരിശീലനമാണ് പക്ഷേ ഇന്ന് ഈ നിർവ്വചനം തിളക്കം നഷ്ടപ്പെട്ട് തുരുമ്പിച്ചിരിക്കുന്നു. ഇപ്പോൾ വിദ്യാഭ്യാസം എന്നാൽ കുറെ പുസ്തകങ്ങൾ മനഃപാഠമാക്കുന്നതാണ്. അല്ലെങ്കിൽ പരീക്ഷയിൽ കുറെ മാർക്കു വാങ്ങിക്കുന്നതാണ്. പരീക്ഷകൾ നല്ലതാണ്; അത് ഒരു യഥാർത്ഥ അളവുകോലാകുമ്പോൾ, എന്നാൽ ഇന്ന് പരീക്ഷ എന്നാൽ 'വാരി വലിച്ചുതിന്ന കുറെ ഭക്ഷണ സാധനങ്ങളുടെ പ്രവേശന മാർഗ്ഗത്തിലൂടെയുള്ള വിസർജ്ജനമാണ്'. പരീക്ഷകഴിയുന്നതോടെ മനസ്സും മനീഷയും ശൂന്യമാകുന്നു. ധിഷണാശാലികളായ നാളത്തെ പൗരന്മാരെ നാം എങ്ങനെ ഈ വിദ്യാഭ്യാസത്തിലൂടെ വാർത്തെടുക്കും?.

മനുഷ്യനെ ശുദ്ധീകരിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പക്ഷെ

റാങ്കുകൾക്കും വിജയശതമാനത്തിനും (വിജ്ഞാനത്തിനല്ല) വേണ്ടിയുള്ള മട്ടത്തിൽ ധ്രുവീകരണ പ്രക്രിയകൾ പുറത്തായിരിക്കുന്ന ക്ലാസ്സിലിരുന്ന് ഹരിശ്ചന്ദ്രന്റെ കഥയോ ഗാന്ധിജിയുടെ സത്യാന്വേഷണ മാർഗ്ഗങ്ങളോ പറഞ്ഞുകൊടുക്കുന്ന അദ്ധ്യാപകനേക്കാൾ 'പ്രിയങ്കരൻ' (മാതാപിതാക്കൾക്കും കുട്ടികൾക്കും) പരീക്ഷയ്ക്കു വരാൻ സാധ്യതയുള്ള ചോദ്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്ന അദ്ധ്യാപകനാണ്. പത്താം ക്ലാസ്സുവരെ കോപ്പിയടിക്കരുത് എന്ന് പറഞ്ഞുകൊടുത്തിട്ട് പത്താം ക്ലാസ്സിലെത്തുമ്പോൾ എങ്ങനെ കോപ്പിയടിക്കാം എന്നതിലേയ്ക്ക് തിയറിയും പ്രാക്ടിക്കലും ഉൾപ്പെടുന്ന ക്ലാസ്സുകളെടുക്കുന്നു. ആരെയാണ് ശ്രദ്ധിക്കേണ്ടത്? ഒന്നാം തീയതി ലഭിക്കേണ്ട ശമ്പളത്തിനായി ക്ലാസ്സിലിരുന്ന് പത്രം വായിക്കുന്ന അദ്ധ്യാപകനെയോ? മാനുഷിക മൂല്യങ്ങൾക്ക് പുല്ലുവില കല്പിക്കുന്ന ഇന്നത്തെ സമൂഹത്തെയോ?

ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഒരേകദേശ ചിത്രം വരയ്ക്കുവാൻ ശ്രമിക്കുകയായിരുന്നു. ഈ ചിത്രത്തിലേയ്ക്ക് നോക്കി നിൽക്കുമ്പോൾ എനിക്ക് ചോദിക്കാൻ തോന്നുന്നത് എവിടെയാണ് നമുക്ക് വീഴ്ചവന്നതെന്നാണ്. കാരണം, വീഴ്ച വന്നു എന്നത് ചിത്രത്തിൽ നിന്നു തന്നെ സുവ്യക്തമാണ്. നമ്മുടെ വിദ്യാഭ്യാസമേഖല ഒരച്ചു വാർക്കലിനു വിധേയമാകേണ്ടിയിരിക്കുന്നു. വിഷയജ്ഞാനമില്ലാത്ത അദ്ധ്യാപകനും പഴഞ്ചനായ പാഠ്യപദ്ധതികളും ക്ലാസ്സ് മുറിയുടെ ഇരമ്പിൽ കഴിയുന്ന വിദ്യാർത്ഥികളും നമ്മുടെ വിദ്യാഭ്യാസരംഗത്തുനിന്ന് ആട്ടിപ്പായിക്കപ്പെടേണ്ടിയിരിക്കുന്നു. ഗൈഡുകളും റാങ്ക് ഫയലുകളും വിധി നിർണ്ണയിക്കുന്ന നമ്മുടെ പരീക്ഷാ സമ്പ്രദായം പൊളിച്ചെഴുതേണ്ടിയിരിക്കുന്നു. കാരണം ഉന്നത മാർക്കോടുകൂടി ബിരുദമെടുത്തു കലാലയങ്ങളിൽനിന്ന് ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന യുവാവിന് അവൻ പഠിച്ച പൈതഗോറസ് സിദ്ധാന്തത്തിൽ നിന്നും 'ജീവിതം'? എന്ന ചോദ്യത്തിനുത്തരം കണ്ടെത്താൻ കഴിയുന്നില്ല.

ഈ അവസ്ഥയ്ക്കൊരു മാറ്റം വരേണ്ടിയിരിക്കുന്നു. എന്തിനും ഏതിനും പാശ്ചാത്യരെ അനുകരിക്കുന്ന നാം ഈ കാര്യത്തിൽ അവർ തെളിയിച്ച സത്യങ്ങൾക്കുനേരെ മുഖം മറയ്ക്കുന്നു. വികസിത രാജ്യങ്ങളിൽ വിദ്യാരംഭം ആറാം വയസ്സിലാണ്. കേരളത്തിലത് മൂന്നാം വയസ്സിലാണ്. ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെപ്പോലെ നമ്മുടെ പുതിയ തലമുറ വളർന്നുവരുന്നു! രണ്ടു പുസ്തകവും സ്ലേറ്റും കല്ലു പെൻസിലും നിക്ഷേപിക്കുന്നതിനായി, മാതാപിതാക്കൾ ഉള്ളടക്കത്തിന്റെ നാലിരട്ടി ഭാരമുള്ള ബാഗുകൾ കുട്ടികളുടെ ചുമലിൽ കെട്ടിവച്ച് തങ്ങളുടെ സ്റ്റാറ്റസ് ഒന്നു കൂട്ടി ഉയർത്താനായി ആ പാവം കുട്ടിയുടെ മൃദുപാണികളിൽ വാട്ടർ ബോട്ടിലും ടിഫിൻ ബോക്സും കെട്ടിത്തൂക്കുന്നു. നമ്മുടെ പഴയ ആശാൻ കളരികളെക്കാൾ എന്തെങ്കിലും കൂടുതൽ ഫലം ഇന്നത്തെ കിന്റർ ഗാർട്ടനുകൾക്കുണ്ടോ?. അന്നത്തെ കുട്ടികളുടെ നാലിലൊന്ന് ഭാരം ഇന്നത്തെ ബ്രോയിലർക്കുഞ്ഞുങ്ങൾക്കുണ്ടോ?. അന്നത്തെ കുട്ടികൾക്കുണ്ടായിരുന്നതിന്റെ ഒരു ശതമാനം സുഹൃത്തുക്കളെങ്കിലും ഇന്ന് കുട്ടികൾക്കുണ്ടോ?

നമ്മുടെ പ്രൈമറി ഹൈസ്കൂൾ തലങ്ങളിലെ വിദ്യാഭ്യാസവും മെച്ചമല്ല. നാമിപ്പോഴും പണ്ട് ഇംഗ്ലീഷുകാർ ഉപേക്ഷിച്ചിട്ടുപോയ വിദ്യാഭ്യാസ രീതിയിൽ തന്നെ ഉറങ്ങിക്കിടക്കുകയാണ്.

ഓരോ ഭരണകർത്താക്കളും പാഠപുസ്തകങ്ങളിൽ അവരുടെ ചിന്താരീതികൾ നിറഞ്ഞവ ഏട്ടിൽ കുത്തുവാൻ മാത്രം ശ്രമിച്ചു. പിന്നെ അദ്ധ്യാപകർ, സ്കൂളുകളിൽ ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപകർ എന്തെങ്കിലുമൊരു ശാസ്ത്രവിഷയത്തിൽ ബിരുദമെടുത്തവരാണ്. ആ സ്ഥിതി മാറി ഓരോ വിഷയങ്ങൾക്കും അതാതു വിഷയങ്ങളിൽ ബിരുദമെങ്കിലുമുള്ളവരെ നിയമിച്ചാൽ നമ്മുടെ സംസ്ഥാനത്തെ മലയാളം വിദ്യാലയങ്ങൾതന്നെ കോളേജ് വിദ്യാഭ്യാസത്തിന് ആവശ്യമുള്ള അടിത്തറ നൽകും.

പക്ഷെ സർവ്വപ്രധാനമായ മാറ്റം വരുത്തേണ്ടതു് പരീക്ഷാരീതികളിലാണ്. ഒരു വിഷയത്തിൽ വിദ്യാർത്ഥിക്കുള്ള അറിവും പരിജ്ഞാനവും പൂർണ്ണമായി അളക്കാൻ പരീക്ഷകൾക്ക് കഴിയണം. ഇന്ന് കലാലയങ്ങളിൽ ഹാജർ തികയ്ക്കാനായി മാത്രം വരുന്ന വിദ്യാർത്ഥികൾക്കും പരീക്ഷയ്ക്ക് മുൻപ് കുറെ ഗൈഡുകൾ കാണാപ്പാഠം പഠിച്ചാൽ പരീക്ഷയിൽ നന്നായി വിജയിക്കാം. ഈ രീതി മാറി പഠനത്തോടൊപ്പം തന്നെ പരീക്ഷകളും നടക്കുന്ന രീതിയുണ്ടാകണം. ഒരു വിദ്യാർത്ഥിക്കു ലഭിക്കുന്ന മാർക്ക് ക്ലാസ്സുകളിലുള്ള പ്രകടനത്തെക്കൂടി ആശ്രയിച്ചിരിക്കണം. മാത്രമല്ല വിഷയത്തെക്കുറിച്ചും വിഷയ സംബന്ധമായ മറ്റ് അറിവുകളെക്കുറിച്ചുള്ള ഒരു വിദ്യാർത്ഥിയുടെ ഗ്രാഹ്യവും പരീക്ഷയ്ക്ക് വിധേയമാകണം. ഇതിനുപുറമേ ഒരു വിദ്യാർത്ഥിയുടെ കലാപരവും കായികവുമായ കഴിവുകൾകൂടി മാർക്ക് ലിസ്റ്റിൽ ഉൾക്കൊള്ളിക്കാനായാൽ അതു് ഒരു വിധം പൂർണ്ണമാവും.

അതെ, ഇന്നത്തെ വിദ്യാഭ്യാസം ബുക്കുകളിലുള്ള പാഠമാത്രം കോരിയെടുക്കുന്നു. ശരിയായ വെള്ളം കണ്ടെത്താൻ നമുക്കു കഴിയുന്നില്ല. ഗാന്ധിജി സ്വപ്നം കണ്ടതുപോലെ വിദ്യാർത്ഥിയുടെ ഉള്ളിലുള്ള സർവ്വകഴിവുകളെയും വളർത്തിയെടുക്കാൻ ഇന്നത്തെ വിദ്യാഭ്യാസത്തിനു കഴിയുന്നില്ല. യഥാർത്ഥ മുത്തുകൾ കണ്ടെത്താനായി കടലിന്റെ ആഴങ്ങളിലേയ്ക്കു നാം മുങ്ങേണ്ടിയിരിക്കുന്നു. ഇന്നു ലോകം ഒരോട്ട പന്തയത്തിലാണ് എവിടെയെങ്കിലും ഒരൽപ്പം അലസത കാട്ടിയാൽ പരാജയപ്പെട്ടു. നാടോടുകയാണ്, നടുവേ ഓടിയില്ലെങ്കിൽ രക്ഷയില്ല. അതിനാൽ നമ്മുടെ വിദ്യാഭ്യാസരംഗത്ത് നവംനവമായ പരീക്ഷണങ്ങൾ നടത്തി നൂതനവും ഫലപ്രദവുമായ ഒരു പാഠ്യപദ്ധതി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

**ജോബി തോമസ്**
II DC Maths

# പ്രകാശം അകലെയോ..?

ഏറെ പ്രതീക്ഷയോടെ നാമേവരും കാത്തിരിക്കുന്ന ലോകത്തിലേക്ക് സ്വാഗതം. കവി ഭാവനയിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ലോകം. ഇവിടെ ദുഃഖങ്ങളും തകർന്നടിയുന്ന ഏതാനും സ്വപ്നങ്ങളും, അക്രമ രാഷ്ട്രീയവും, അനീതിയും, കൈക്കൂലിയും എല്ലാം ചേർന്ന് ഭൂമിയെ അടക്കി ഭരിക്കുന്നു. പട്ടിണിപ്പാവങ്ങളും, നിരപരാധികളും ഇവിടെ നിറഞ്ഞ് നിൽക്കുന്നു. സ്നേഹവും, ക്ഷമയും, സേവനവും, ത്യാഗവുമെല്ലാം എങ്ങോ കൈമോശം വന്നുപോയി. പകരം സ്വാർത്ഥത കൊടികുത്തി വാഴുന്ന ലോകം. വിശുദ്ധിയുടെ നെയ്‌വിളക്ക് അണഞ്ഞുകൊണ്ടിരിക്കുന്നു. പ്രകാശത്തിന്റെ പൊൻനാമ്പ് എങ്ങും കാണ്മാനില്ല. എങ്ങും പരം അന്ധകാരമാണ്. അന്ധകാരം!

സമാധാനം വഴിമാറിയ നമ്മുടെ രാജ്യത്ത് കുടികൊള്ളുന്നതെന്താണ്? അക്രമ രാഷ്ട്രീയം വരുത്തുന്ന വിന! പിറന്ന് വീഴുന്നതിന് മുൻപേ തങ്ങളുടെ കുഞ്ഞുങ്ങളെപ്പറ്റി സ്വപ്നം കാണുന്നവർ. ഉന്നത വിദ്യാഭ്യാസത്തിനായി അവരെ കോളേജിലേക്കയയ്ക്കുന്നവർ. അന്തിയാകുമ്പോൾ തങ്ങളുടെ പൊന്നോമനകൾ തിരിച്ചെത്തുമെന്നോർക്ക് പ്രതീക്ഷിക്കാം. അവർക്ക് ലഭിക്കുന്നത് വെള്ളത്തുണിയിൽ പൊതിഞ്ഞ നിശ്ചലരൂപങ്ങളെയാണ്. അക്രമരാഷ്ട്രീയത്തിന്റെ പ്രതിബിംബങ്ങൾ! കുരുന്നു മനസ്സുകളിലേക്ക് അക്രമത്തിന്റെ വിഷം കുത്തിനിറയ്ക്കുന്ന കിരാതന്മാർ. നന്മയിലേക്ക് കൈപിടിച്ചു ഉയർത്തേണ്ടതിന് പകരം അനീതിയിലേക്ക് വലിച്ചിഴക്കുന്ന ആദർശധീരന്മാർ. കടിച്ചുകീറിടരിക്കുന്നത് നോക്കി നിന്ന് രക്തം കുടിക്കാൻ കാത്തിരിക്കുന്നവർ- നിങ്ങൾക്കൊരുയിർത്തെഴുന്നേൽപ്പില്ലേ?

സ്വാർത്ഥതയുടെ കാരാഗ്രഹങ്ങളിലമർന്ന ലോകം. സ്വാർത്ഥ മോഹങ്ങൾക്കും ലാഭേച്ഛയ്ക്കുമായി ആയിരങ്ങളെ തേജോവധം ചെയ്യുന്നവർ. വിങ്ങുന്ന ഹൃദയത്തിന്റെ തേങ്ങലുകൾ കണ്ടിട്ടും അറിയാത്ത പോലെ നടന്നു നീങ്ങുന്നവർ. അവർ പായുകയാണ് അതിമോഹത്തിനറുതി വരുത്താൻ. അവിടെ സ്നേഹത്തിന് സ്ഥാനമില്ല. അവിടെ മുഴങ്ങുന്നതൊന്നു മാത്രം; ഞാൻ...ഞാൻ...ഞാൻ മാത്രം. സ്വാർത്ഥതയ്ക്ക് കടിഞ്ഞാണിടാൻ ശ്രമിക്കുന്നവർ ചുരുക്കം. സ്റ്റാറ്റസിനെ മാത്രം ഉയർത്തിപ്പിടിച്ച് പണത്തിനടിമയായി ജീവിതം ഹോമിക്കുന്ന നിർഭാഗ്യവാന്മാരല്ലേ നമ്മുടെ ലോകത്തിന്റെ സമ്പാദ്യം. 'കരുണ' എന്ന ലവലേശം പോലും ആ മിഴികളിലില്ല. പകരം മാത്സര്യത്തിന്റെ തിളക്കം മാത്രം. ഇവരെന്ന് തന്റെ ചുറ്റുപാടും കണ്ണോടിക്കും?

കൈക്കൂലിയുടെയും കരിഞ്ചന്തയുടെയും ലോകം. ഇവിടെ പരസ്പര വിശ്വാസവും, സഹാനുഭൂതിയും വംശനാശം നേരിട്ടുകഴിഞ്ഞില്ലേ? ഏത് ദിക്കിലും കൈക്കൂലിയുടെ അലയടി മാത്രമല്ലേ കാണുവാനുള്ളൂ? എം. ബി. ബി. എസ്സിന്റെ പടികടന്ന് ഭൂലോക സമ്പൂജിതരായി നടന്നു നീങ്ങുന്ന നമ്മുടെ ബഹുമാന്യരായ ഡോക്ടേഴ്സ്. തങ്ങളെ പൂജിക്കുന്ന ഭൂലോകത്തിന് പി

ന്നിലെ കറുത്ത മുഖം പുറത്തുകാണാൻ കാത്തിരിക്കുന്നവരല്ലേ ഇവരിൽ അധികവും? ഇവരുടെ കണ്ണുകൾ പിടയുന്ന ജീവനെ കാണുന്നില്ല. കാതുകൾ യാചനയുടെ സ്വരം കേൾക്കുന്നില്ല. ചോരയുടെ പട്ടികയാണിവരുടെ കാതുകളിൽ. കണ്ണുകളിൽ പണത്തിന്റെ തിളക്കവും. ഇങ്ങനെ വിവിധ ജീവിതവൈരുദ്ധ്യങ്ങളിൽ കഴിയുന്ന പലരും തങ്ങളാരെന്നതാണോ കറുത്ത കോട്ട് പിന്നിലൊളിപ്പിച്ചുവെച്ചിരിക്കുന്നത് എന്ന യാഥാർത്ഥ്യമല്ലേ? ഇവരുടെ മിഴികളിൽ സഹാനുഭൂതിയുടെ തിളക്കം ഒട്ടുമില്ലേ?

മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് സ്വജീവിതം നശിപ്പിക്കുന്ന കമിതാക്കന്മാരുടെ ലോകമല്ലേ ഇത്? പണക്കൊഴുപ്പിൽ തിമിർത്ത് പുളയുന്ന ഇവരാരും തങ്ങളുടെ പോക്ക് എങ്ങോട്ടാണെന്ന് ചിന്തിക്കുന്നില്ല. പിന്തിരിഞ്ഞ് നോക്കുമ്പോഴേക്ക് സമയം വളരെ കടന്നു പോയിരിക്കും. ഇടിഞ്ഞ് പൊളിഞ്ഞ തങ്ങളുടെ ജീവിതത്തെ ഉയർത്തിക്കെട്ടുവാൻ സാധ്യമല്ല എന്നാരും മനസ്സിലാക്കുന്നില്ല. തങ്ങൾക്കേതോ മായാലോകത്തിലൂടെ പാറി ഉല്ലസിക്കാം എന്ന വ്യാമോഹിക്കുന്ന ഇക്കൂട്ടർ തന്റെ ശരീരത്തെ നായ്ക്കൾക്ക് കടിച്ചു കീറുവാൻ നല്കുന്നതല്ലേ ഇതിനേക്കാൾ ഭേദം?

നമ്മുടെ രാജ്യത്തെ കാർന്നു തിന്നുന്ന ഭീകര സത്യമല്ലേ ഭ്രൂണഹത്യ? സ്വരക്തത്തിലൂറിക്കൂടിയ സ്വന്തം ജീവനെ ഉദരത്തിൽ വെച്ചുതന്നെ ക്രൂരമായി കൊലപ്പെടുത്തുന്നതിനെതിരെ ആര് ശബ്ദമുയർത്തും? അമ്മേ......എന്നെ നശിപ്പിക്കരുതേ......എന്നുള്ള നിലവിളി കേൾക്കാതെ ഹൃദയങ്ങളെ കൊട്ടിയടയ്ക്കുന്ന അമ്മമാരല്ലേ ഇന്നുള്ളത്. യാതൊരു തെറ്റും ചെയ്യാതെ പുറംലോകത്തേയ്ക്ക് കുതിച്ചു ചാടുവാൻ വെമ്പൽ കൊള്ളുന്ന കുഞ്ഞു ജീവനെ ഉള്ളിൽ വെച്ച് തന്നെ യാതൊരു മടിയുമില്ലാതെ ഇല്ലാതാക്കുന്നതിൽ ആത്മസംതൃപ്തിയടയുന്ന അമ്മമാരുടെ ലോകമാണിത്. ഇത്രയും ഹീനമായ മറ്റൊരു പ്രവൃത്തി ഇല്ല. ഇവർ അമ്മ എന്ന പരിപാവനമായ പദവിക്ക് അർഹരാണോ?

പിച്ചവെയ്ക്കുന്ന കുഞ്ഞുമോൾ മുതൽ യമദേവന്റെ കാലൊച്ചയ്ക്കായി കാത്തിരിക്കുന്ന വല്യമ്മച്ചിക്കുവരെ നമ്മുടെ പാതയോരങ്ങളിലൂടെ പട്ടാപ്പകൽ പോലും നടക്കാനാവാത്ത അവസ്ഥ. 'സൂര്യനെല്ലി' പോലെ അനേകസംഭവങ്ങൾ എങ്ങും അലയടിക്കുന്ന വിവരം നമുക്കജ്ഞാതമല്ല. അറിഞ്ഞും അറിയാതെയും എങ്ങും പുകഞ്ഞ് നീറുന്ന സംഭവങ്ങൾ. ഇത്തരം കശക്കിയെറിയുന്നവരുടെ ജീവിതത്തെപ്പറ്റി ചിന്തിക്കുന്ന എത്ര കാട്ടാളന്മാരാണ് നമ്മുടെ ഇടയിലുള്ളത്. കഴുകന്റെ കണ്ണുകളുള്ളോരും ക്രൂരത നിറഞ്ഞവർ. അവരാരും മനസ്സിലാക്കുന്നില്ല തന്റെ കാൽക്കീഴിൽ പിടയുന്നവർക്ക് തന്നെ പ്രസവിച്ച മാതാവിന്റെ, തന്റെ കുഞ്ഞിപ്പെങ്ങളുടെ രൂപമാണെന്ന്?

ഇരുട്ടറകളിലെ നെടുവീർപ്പുകളും നമുക്കജ്ഞാതമോ? നിരപരാധികളേയും കുറ്റവാളികളുടെ ഗണത്തിലേയ്ക്കെണ്ണപ്പെട്ട് ജീവിതം നശിച്ച് ഹതാശയരായവർ. ''ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നീതിമാൻപോലും ശിക്ഷിക്കപ്പെടരുത്'' എന്ന നിയമത്തിന് പകരം ആയിരം നീതിമാന്മാരാണ് ശിക്ഷയ്ക്ക് പാത്രമാകുന്നത്. പണത്തിന്റെ പിൻബലത്തിൽ കറുത്ത കോട്ടധാരികൾ വാദമുഖങ്ങൾ നിരത്തുന്നു. സാഹചര്യത്തെളിവുകളുടെ സമ്മർദ്ദംമൂലം എന്ന് ന്യായാധിപൻ വിധിയെഴുതുന്നു. ആരും യാഥാ

ക്യത്തിലേക്ക് നോക്കുവാൻ ശ്രമിക്കുന്നില്ല. ഈ നീതിമാന്റെ ഹൃദയവിചാരം ആരറിയുന്നു. അവന്റെ വീഴ്ചയിൽ പരിഹസിക്കാനല്ലാതെ ആശ്വസിപ്പിക്കാനായി ഒരു കരം പോലും നീളുകയില്ലേ?

മൂക്കളയൊലിപ്പിക്കുന്ന മുഖവും, പാറിപ്പറന്ന മുടിയും, വരണ്ട ചുണ്ടുകളുമായി, ഒട്ടിയ നഗ്നമായ വയറിൻമേൽ തന്റേതുമാത്രമായ പൊട്ടപ്പാത്രവും ചേർത്ത് പിടിച്ച് മിഴികളിൽ പ്രതീക്ഷയുടെ കിരണവുമായി ബസ്സ്റ്റാൻഡിലുടനീളം നടക്കുന്ന പട്ടിണിക്കോലങ്ങളില്ലേ നമ്മുടെ ഇടയിൽ? ഒരു നേരത്തെ ആഹാരത്തിനായി നായ്ക്കളോട് പൊരുതുന്ന കുരുന്നുകളുടെ ലോകമല്ലേ ഇത്? ചേരിപ്രദേശങ്ങളുടെ തെരുവിലായി കഴിയുന്നവരില്ലേ? ഇവർക്കാരു നൽകും ഒരുനേരത്തെ ആഹാരം? ഇവർക്കാരു നൽകും നഗ്നതമറയ്ക്കുവാനുള്ള ആവരണം? ഇവർക്കുമില്ലേ തല ചായ്ക്കാനൊരിടം? ആർഭാടമായ വേഷവിധാനങ്ങളോടെ തന്റെ ചുമലിലിരിക്കുന്ന പൈതലിന് സമമാണിവരെന്ന് മനസ്സിലാക്കുവാൻ ആരുമില്ലേ?

അനാഥത്വത്തിന്റെ ചൂടുംപേറി അനാഥമന്ദിരത്തിന്റെ കോണിൽ തളച്ചിട്ടിരിക്കുന്ന കുഞ്ഞുങ്ങളും വൃദ്ധജനങ്ങളുമില്ലേ? മാതാപിതാക്കളുടെ ചൂടുംചൂരുമേറ്റ് വളരേണ്ട പ്രായത്തിൽ തങ്ങളുടെ കുഞ്ഞുങ്ങളെ നിഷ്കരുണം ഉപേക്ഷിക്കുന്നവർ കുറവല്ല. സ്നേഹത്തിനായി ഉഴറുന്നവർ. അവരെ സന്ദർശിക്കാൻ ബന്ധുക്കളില്ല. അവർക്ക് സമ്മാനവുമായി ആരും എത്താറുമില്ല. ഇവർക്കു വേണ്ടി ഒരിറ്റു കണ്ണുനീരില്ലേ?

ഒരു വിഭാഗം ആർഭാടത്തിന്റെ മണിമന്ദിരത്തിൽ, മറ്റൊരു വിഭാഗം അധഃപതനത്തിന്റെ ചെളിക്കുണ്ടിൽ. അവരെ കൈപിടിച്ചുയർത്താൻ ആരും ശ്രമിക്കുന്നില്ല. അവർക്കായി ശബ്ദിക്കാൻ ഒരു നാവും ഉയരുന്നില്ല. ഞെരിഞ്ഞമരുന്ന ജീവനിൽ ഒരു ഹിമകണമായി മാറുവാൻ ആരുമില്ല. ഓടയിൽ പിറന്നവനും ലോകത്തിന്റെ സൃഷ്ടി. സ്വർണ്ണക്കരണ്ടിയുമായി പിറന്നവനും ലോകത്തിന്റെ സൃഷ്ടി. ഇവരെ ഒരുപോലെ കാണുന്ന കണ്ണുകളുടെ എണ്ണം വർദ്ധിക്കില്ലേ?

അക്രമത്തിന്റേയും, അനീതിയുടേയും, കൊലപാതകത്തിന്റേയും ലോകം. ക്രൂരതയുടെ കറുത്ത മുഖങ്ങൾ. ഇവിടെ ചുടുനിണത്തിന്റേയും പച്ചമാംസത്തിന്റേയും മണം മാത്രം. ഇല്ല എങ്ങുമില്ല വിശുദ്ധിയുടെ പരിമളം ഇതിൽ നിന്നൊരു മോചനം നല്കാൻ ആർക്കു കഴിയും?

ഇന്നിന്റെ ചൈതന്യമേ! വിശുദ്ധിയുടെ പരിമളം വിതയ്ക്കാൻ നിങ്ങൾക്കാവില്ലേ? പട്ടിണിപ്പാവങ്ങളുടെ ഇടയിലേക്കൊരു പൊൻവെളിച്ചമായി മാറുവാൻ കഴിയില്ലേ? അനീതിക്കെതിരെ ആഞ്ഞടിക്കുന്ന ഒരു കരുത്തുറ്റ ഹൃദയത്തിനുടമകളല്ലയോ നിങ്ങൾ?

''സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും വിശുദ്ധിയുടേയും പൊൻശോഭ പരത്തുന്ന നവ്യമായൊരു ലോകം നമുക്കാശിക്കാമോ''?

SOPHY MATHEW
II PDC IV Batch No: 384

# "കൃഷ്ണാഷ്ടമി നാളിൽ"

SURYA S.
II DC. Maths

ഉദയസൂര്യന്റെ പൊൻകതിരുകൾ ഭൂമിയിൽ പതിച്ചു തുടങ്ങി. മുറ്റത്തു നിൽക്കുന്ന പൂച്ചെടികളുടെ ഇലകളിലും പൂവുകളിലും മഞ്ഞുകണങ്ങൾ തങ്ങിനിൽക്കുന്ന ഉമ്മറപ്പടിയിലും തുളസിത്തറയിലും കോലം വരച്ചതിനുശേഷം ഗംഗ മുറിയിലേക്കു കയറി. കുളിച്ചീറനായ നീണ്ട തലമുടിയിൽ ഒരു ടവ്വൽ ചുററി വച്ചിട്ട് അവൾ അടുക്കളയിലേക്കു ചെന്നു.

മുത്തശ്ശി രാവിലെ തന്നെ കുളിയൊക്കെ കഴിഞ്ഞ് ഒരു കീർത്തനവും പാടി മുറിയിലിരിക്കുന്നുണ്ട്. ഉമയേട്ടത്തി വളരെ തിടുക്കത്തിൽ കോവണിപ്പടിയിറങ്ങി അടുക്കളയിലേക്കു വന്നു. ഗംഗയോട് ശബ്ദമുണ്ടാക്കരുതെന്ന് ആംഗ്യഭാഷയിൽ കാണിച്ച്, അലമാരിയിൽ നിന്ന് അല്പം കാച്ചെണ്ണയെടുത്ത് മുടിയിൽ പുരട്ടി വേഗത്തിൽ കുളിമുറിയിലേയ്ക്കോടി. 'പാവം ഏട്ടത്തി. മുത്തശ്ശിയുടെ ചിട്ടകളൊക്കെ അനുസരിക്കാൻ ഇപ്പോഴും വളരെ പ്രയാസപ്പെടുകയാണ്. ആറുമണിക്ക് മുൻപേ ഉണരുന്ന കാര്യം തന്നെയാണത്രേ ഏററവും പ്രയാസം. നാലുവയസുകാരൻ ഉണ്ണിക്കുട്ടൻ വരെ അതിനുമുൻപേ ഉണരുവാൻ തയ്യാറാണ്, ഇനിയിപ്പോൾ മുത്തശ്ശി കീർത്തനം പൂർത്തിയാക്കുന്നതിനു മുൻപുതന്നെ ഉമയേട്ടത്തി കുളികഴിഞ്ഞ് അടുക്കളയിൽ എത്തിയിരിക്കും' ഓർത്തപ്പോൾ ഗംഗയ്ക്കു ചിരിപൊട്ടി. പിന്നെ താൻ തയ്യാറാക്കി വച്ചിരിക്കുന്ന ചായയുമായി മുകളിൽ ചെന്ന് വിഷ്ണു ഏട്ടനെയും ഉണ്ണിക്കുട്ടനെയും ഉണർത്തുകയാണ് ഏട്ടത്തിയുടെ അടുത്ത പരിപാടി.

ഗംഗയുടെ മനസ്സിൽ പഴയ ഓർമ്മകൾ ഓരോന്നായി പൊങ്ങിവന്നു. കുട്ടിയായിരുന്നപ്പോൾ തന്നെ അമ്മ നഷ്ടപ്പെട്ട തനിക്ക് പിന്നീട് എല്ലാം മുത്തശ്ശിയായിരുന്നു. രണ്ടു വർഷം മുമ്പ് അസുഖം ബാധിച്ച്, അച്ഛനും കാലയവനികയ്ക്കുള്ളിൽ മറഞ്ഞപ്പോൾ ഏക ആശ്രയവും സാന്ത്വനവും ആയിരുന്നതും മുത്തശ്ശി തന്നെ. ദിനചര്യകളിലുള്ള പ്രത്യേക ക്രമങ്ങൾ മൂലമാകാം, മുത്തശ്ശിയുടെ പ്രായത്തെ അപേക്ഷിച്ച് നോക്കുമ്പോൾ അവർ ഇന്നും ആരോഗ്യവതിയാണ്. അച്ഛന്റെ ആദ്യഭാര്യയുടെ മരണശേഷം ഈ വീട്ടിലേക്ക് വിവാഹം കഴിച്ചുകൊണ്ടുവന്ന തന്റെ അമ്മയോടും, ചെറിയ കുട്ടിയായിരുന്നപ്പോൾ മുതൽ തന്നോടും അവർക്കുണ്ടായിരുന്ന സ്നേഹ വാത്സല്യങ്ങൾ ഇപ്പോഴും ഓർമ്മയിലുണ്ട്. പിന്നീട് വിഷ്ണുവേട്ടന്റെ സഹോദരിയായി മുത്തശ്ശിയുടെ സംരക്ഷണയിൽ താൻ വളർന്നു. വിഷ്ണുവേട്ടന്റെ വിവാഹശേഷം ഉമയേട്ടത്തിയെ സ്വന്തം ഏട്ടത്തിയെപ്പോലെ കാണാനായിരുന്നു തനിക്ക് താൽപ്പര്യം. എന്നാൽ ഏട്ടത്തിയുടെ മുന്നിൽ താൻ പലപ്പോഴും അന്യയാകുന്നു പോലെ... സ്വന്തം കാര്യങ്ങൾ അധിക

ഒന്നും പുറത്തുപറയുന്നത് ഏട്ടത്തിക്ക് ഇഷ്ടമില്ല. അതുകൊണ്ടുതന്നെ അത്തരം കാര്യങ്ങൾ താൻ സംഭാഷണത്തിൽനിന്നും മനഃപൂർവ്വം ഒഴിവാക്കാറാണു പതിവ്. വിഷ്ണുവേട്ടന്റെ ഓഫീസ് കാര്യങ്ങളെക്കുറിച്ചോ ഏട്ടത്തിയുടെ വീട്ടുകാരെപ്പറ്റിയോ പറയേണ്ടി വന്നാലും ഒരു താത്പര്യക്കുറവ് പ്രകടമാകും. എങ്കിലും ചിലപ്പോഴൊക്കെ ഏട്ടത്തിക്ക് തന്നെ വലിയകാര്യമാണ്. ഒരിക്കൽ ഒരുമിച്ച് അമ്പലത്തിൽ പോകുംവഴി ഏട്ടത്തി പറഞ്ഞതോർക്കുന്നു. തനിക്ക് വീട്ടിലെ ചുമരിൽ തൂക്കിയിരിക്കുന്ന കലണ്ടറിലെ ദുർഗ്ഗാദേവിയുടെ രൂപത്തോട് വളരെ സാമ്യമുണ്ടത്രേ. നീണ്ട മുടി പിന്നിയിട്ട് തരുവാനും ഏട്ടത്തിയ്ക്കെപ്പോഴും ഒരു പ്രത്യേക താത്പര്യമുണ്ടായിരുന്നു. "അല്ല, ഗംഗ ഇവിടെയൊട്ടുമില്ലെന്നുതോന്നുന്നു." ഏട്ടത്തി, കുളികഴിഞ്ഞെത്തി ചായ കപ്പിലേക്കുപകരുവാൻ തുടങ്ങുന്നു. അവളും ഉടൻ തന്നെ ഏട്ടത്തിയെ സഹായിച്ചു.

നാളുകൾ കടന്നുപോയി. ഒരു ദിവസം, ഉമ അവളുടെ ആഭരണശേഖരത്തിൽ നിന്നും കുറച്ചെടുത്ത് ഗംഗയെ കാണിച്ചു. അടുത്ത ദിവസം ഉമയുടെ സഹോദരന്റെ വിവാഹമാണ്. നാഗപടത്താലിയും ഇളക്കത്താലിയും പിന്നെ വൈരക്കല്ലുകൾ പതിച്ച മനോഹരമായ ഒരു മാലയും ഗംഗ, ഏട്ടത്തിയ്ക്ക് അണിയുവാൻ വേണ്ടി തെരഞ്ഞെടുത്തു. ഉമ അപ്പോഴുണ്ടായ ഒരു താല്പര്യത്തിൽ ആ വൈരക്കൽ മാല ഗംഗയുടെ കഴുത്തിലണിയിച്ചു. "ഇപ്പോൾ ഗംഗയെ കാണാൻ ഇരട്ടി ചന്തമാണ്. നാളെ നീ ഇതണിഞ്ഞു വേണം വിവാഹത്തിനുപോകുവാൻ" അവൾ പറഞ്ഞു. "അതൊന്നും വേണ്ട ഏട്ടത്തി," മാല ഊരി കൈയിൽ ഏല്പിക്കുന്നതിനിടയിൽ ഗംഗ പറഞ്ഞു "ഞാൻ എന്റെ മാല തന്നെ അണിഞ്ഞു കൊള്ളാം. അതിന് വേണ്ടത്ര ഇറക്കവും വീതിയും ഉണ്ടല്ലോ." പക്ഷേ ഏട്ടത്തിയുടെ നിർബന്ധത്തിന് വഴങ്ങി ഒടുവിൽ ആ മാല തന്നെ അണിയേണ്ടി വന്നു. "ശരിയാണ്" താനിപ്പോൾ കൂടുതൽ സുന്ദരിയായതുപോലെ" എന്നാലും വിവാഹമൊക്കെ കഴിഞ്ഞ് മാല തിരിച്ച് ഏട്ടത്തിയെ ഏല്പിച്ചു കഴിഞ്ഞാണ് സമാധാനം തോന്നിയത്. ഉമയേട്ടത്തി അപ്പോൾ തന്നെ, താലിമാലയോടൊപ്പം ആ മാലയും കഴുത്തിലണിഞ്ഞു.

പിറ്റേ ദിവസം ഊണു കഴിച്ചുകൊണ്ടിരുന്നപ്പോൾ ഏട്ടത്തിയുടെ കഴുത്തിൽ ആ മാല ഉണ്ടായിരുന്നില്ല. എന്തോ ചോദിക്കാനായി നാവുയർന്നതാണ്. പിന്നെ, പെട്ടെന്നത് വേണ്ടെന്നു വച്ചു. മാല ഊരിയെടുത്ത് സൂക്ഷിച്ചു വച്ചിട്ടുണ്ടാകും. ഊണു കഴിഞ്ഞ് എഴുന്നേറ്റപ്പോഴും മാലയെപ്പറ്റി ചോദിച്ചാലോ എന്നു വിചാരിച്ചതാണ്. 'വേണ്ട, ഏട്ടത്തിയ്ക്കിഷ്ടമായില്ലെങ്കിലോ.''

രണ്ടു ദിവസം കഴിഞ്ഞ് ഏട്ടത്തിയുടെ മുഖത്ത് എന്തോ ഒരു വിഷാദഛായ പ്രകടമായിരുന്നു. മുത്തശ്ശിയും അതു ശ്രദ്ധിച്ചിരുന്നു. "എന്താ ഉമേ, നിന്റെ മുഖത്താകെയൊരു വിഷമം. എന്താ, കുട്ടി ക്ഷീണമെന്തെങ്കിലും ഉണ്ടോ?" "ഇല്ലമ്മേ' ഒന്നുമില്ല. അമ്മയ്ക്കു വെറുതെ തോന്നുന്നതാ". ഉമയേട്ടത്തി വേഗം തന്നെ കോവണിപ്പടികൾ കയറി മുകളിലേയ്ക്കു പോയി. അല്പസമയം ഉമയേട്ടത്തിയുടെ പോക്കു നോക്കി നിന്നിട്ട് മുത്തശ്ശി "ശിവ! ശിവ!" എന്നു പറഞ്ഞ് അവരുടെ മുറിയിലേക്കു നടന്നു.

അടുത്ത ദിവസം കൃഷ്ണാഷ്ടമിയായിരുന്നു. അവധി ദിവസം ആയതി

നാൽ അന്ന് വീട്ട് വെള്ള പൂശാൻ ആളുകളെ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിഷ്ണുവേട്ടൻ പറഞ്ഞിരുന്നു. അതിനാൽ രാവിലെ മുതൽ തന്നെ, മുറിയിലെ സാധനങ്ങളൊക്കെ ഒതുക്കി വയ്ക്കലും മററുമായി നല്ല തിരക്കിലായിരുന്നു ഗംഗ. സ്വീകരണമുറിയിലെത്തിയപ്പോൾ അവിടെ ഉമ ഏട്ടത്തിയെ കണ്ടു. മുഖത്തെ വിഷാദഭാവം ഇപ്പോഴുമുണ്ട്. ഇന്ന് ഇത്രനേരമായിട്ടും തന്നോടൊന്നും സംസാരിച്ചതുമില്ല. ഈ ഏട്ടത്തിയ്ക്കെന്തുപററി'' അവൾ ഓർത്തു. ഏതായാലും അന്വേഷിക്കുക തന്നെ. രണ്ടും കൽപിച്ച് ഗംഗ ചോദിച്ചു. ''എന്തുപററി ഏട്ടത്തി, എന്തിനാ ഇങ്ങനെ വിഷമിച്ചിരിക്കുന്നത്,'' ഉമ അവളെ ഒന്നു നോക്കുകമാത്രം ചെയ്തു. ''ഇന്നലെ മുതൽ ഞാൻ ഏട്ടത്തിയെ ഇങ്ങനെ കാണുന്നു. വിഷമിക്കുന്നതെന്തിനാണെന്നു പറയാതെ അറിയുന്നതെങ്ങനെ? പെട്ടെന്ന് ഉമയേട്ടത്തിയുടെ ഭാവമാകെ മാറി. അവരെ കണ്ടപ്പോൾ ഗംഗയുടെ മുഖത്ത് ഭയത്തിന്റെ ചെറിയ നിഴൽപ്പാടുകൾ തെളിഞ്ഞുവന്നു. ഏട്ടത്തിയെന്തേ ഇത്ര രൂക്ഷമായി നോക്കുന്നു. അവൾ അമ്പരന്നു നിന്നു. ''ഗംഗേ ഞാൻ പറഞ്ഞാലേ നിനക്ക് കാരണം മനസിലാവുകയുള്ളോ? നിന്നിൽ നിന്നും ഞാനിതൊരിക്കലും പ്രതീക്ഷിച്ചില്ല. എന്നോട് ഇങ്ങനെ വേണ്ടിയിരുന്നില്ല''. ''എന്തൊക്കെയാ ഏട്ടത്തി ഈ പറയുന്നത്,'' ''ഗംഗയുടെ നാവിൽനിന്നും അവളറിയാതെ വാക്കുകൾ പുറത്തുവന്നു. ഏട്ടത്തിയുടെ ഭാവം സാധാരണനിലയിലായി. പിന്നെ അല്പം ദയനീയമായ സ്വരത്തിൽ അവർ പറഞ്ഞു. ''നീ, ആ വൈരക്കൽ മാല ഇങ്ങ് തന്നേയ്ക്കു, ഗംഗേ, അതു സൂക്ഷിച്ചിരുന്ന സ്ഥലം ഞങ്ങൾക്കും, പിന്നെ നിനക്കും മാത്രമേ അറിയൂ'' ഇടിവെട്ടേററതുപോലെയായി ഗംഗ. അവൾക്ക് സ്വന്തം കാതുകളെ വിശ്വസിക്കാൻ പ്രയാസം തോന്നി. പറയുന്നത് ഉമയേട്ടത്തിയാണെന്നും അത് തന്നോടാണെന്നും ഓർക്കാൻ കൂടി സാധിക്കുന്നില്ല. ''അമ്മേ, വെള്ള പൂശാൻ ആളുകൾ എത്തി പായ്പ്പിൽ നിന്നും ഒരു ബക്കററെടുത്തു തരാൻ അച്ഛൻ പറഞ്ഞു.'' ഉണ്ണിക്കുട്ടന്റെ സ്വരം അടുത്തുവന്നപ്പോൾ ഉമ ഗംഗയെ ഒന്ന് അടിമുടിനോക്കിയിട്ട് പെട്ടെന്ന് വെട്ടിത്തിരിഞ്ഞ് അകത്തേക്കുപോയി.

ഗംഗ തന്റെ മുറിയിലേയ്ക്കോടി എത്ര ശ്രമിച്ചിട്ടും കരയാതിരിക്കാൻ അവൾക്കു കഴിഞ്ഞില്ല. കിടക്കയിൽ മുഖമമർത്തി അവൾ കരച്ചിലടക്കാൻ പാടുപെട്ടു. പെട്ടെന്ന് മുത്തശ്ശി മുറിയിലേക്കു വന്നു. അവർ അവളുടെ അരികെ കട്ടിലിൽ ഇരുന്നു. ഗംഗയെ അടക്കിപ്പിടിച്ച് മുടിയിൽ തഴുകി ചോദിച്ചു. ''കുട്ടീ, നീ എന്തെ ഇങ്ങനെ വിഷമിക്കുന്നത്. എന്തായാലും നിനക്ക് എന്നോട് പറയരുതോ''? അവൾ കരച്ചിലിനിടയിൽ എങ്ങനെയൊക്കെയോകാര്യം മുത്തശ്ശിയെ അറിയിച്ചു. ''ഉമ —ന്റെ കുട്ടിയോട് അങ്ങനൊക്കെ പറഞ്ഞോ'' അവർക്കും ആകെ അമ്പരപ്പായിരുന്നു.

കുറച്ചു കഴിഞ്ഞില്ല, കുളിമുറിയിൽ നിന്നും വിഷ്ണുവേട്ടൻ ഏട്ടത്തിയെ വിളിക്കുന്നതുകേട്ടു. ഏതോ ഒരുൾപ്രേരണയാൽ ഗംഗയും കിടക്കയിൽ നിന്നും ചാടിയെഴുന്നേററ് അങ്ങോട്ടു നടന്നു. മുത്തശ്ശിയും അവളെ അനുഗമിച്ചു. 'ഇതിങ്ങനെ കുളിമുറിയിൽ ഉപേക്ഷിക്കാൻ പററുന്ന സാധനമാണോ'? കൈയിൽ ഉയർത്തിപ്പിടിച്ച വൈരക്കൽ മാലയുമായി വിഷ്ണുവേട്ടൻ! ഗംഗയുടെ അപ്പോഴത്തെ അവസ്ഥ വിവരിക്കുന്നതെങ്ങനെ?...

ഉമ പെട്ടെന്നോർമ്മിച്ചു. അന്ന് ഈ മാലയും ധരിച്ചാണ് കുളിക്കാൻ പോയത് അപ്പോൾ മാല ഊരിയെടുത്ത് ഭിത്തിയി

ലെ ചെറിയ അലമാരയിൽ, ബ്രഷും പേസ്റ്റും ഒക്കെ സൂക്ഷിക്കുന്ന കപ്പിനുള്ളിൽ ഭദ്രമായി വച്ചിരുന്നതാണ്. ഒററ നോട്ടത്തിൽ കാണാനാകാവുന്ന വിധത്തിലായിരുന്നില്ല അത്. മാല ഊരിയിടുന്ന ശീലമില്ലാതിരുന്നതിനാലാവും അത് തിരികെയെടുക്കാൻ മറന്നു. പിന്നീട് മാലയന്വേഷിച്ച് ആഭരണപ്പെട്ടി മുഴുവൻ അരിച്ചുപെറുക്കുമ്പോഴും ഇക്കാര്യം ഓർത്തതേയില്ല. അതിനകം മനസ്സ് ഗംഗയെ സംശയിക്കാൻ തുടങ്ങിയിരുന്നല്ലോ.

ഇപ്പോൾ വെള്ളപൂശാൻ വന്നവർ സാധനങ്ങൾ എടുത്തുമാററിയപ്പോൾ, അന്നുതന്നെയുണ്ടായിരുന്ന വിഷ്ണുവേട്ടനെ ഏൽപ്പിച്ചതാണത്. എല്ലാവരുടെയും മുന്നിൽ ഉമയുടെ ശിരസ്സ് കുനിഞ്ഞു. ഗംഗയുടെ നേരെ ഒന്നു നോക്കുവാൻ പോലും അവൾക്കായില്ല. ഗംഗ ഒരിയ്ക്കൽകൂടി മുത്തശ്ശിയുടെ സ്നേഹ വാത്സല്യങ്ങളടങ്ങിയ തഴുകലിൽ തന്നെത്തന്നെ മറന്ന് ശാന്തമായ മനസ്സോടെനിന്നു. അവളുടെ കവിൾത്തടങ്ങളിലൂടെ അപ്പോഴും ഒലിച്ചിറങ്ങിയിരുന്ന കണ്ണീർ ഉണ്ണിക്കുട്ടൻ കണ്ടു. അമ്മയുടെ ഭംഗിയുള്ള മാല ഇവിടെനിന്നും കിട്ടിയപ്പോഴും ഗംഗയപ്പച്ചി മാത്രം കരയുന്നതെന്തിനെന്ന് പാവം, ഉണ്ണിയ്ക്കുമനസ്സിലായില്ല.



# ഒരു കൊച്ചു സ്വപ്നത്തിന്റെ മരണം

ബിനു എം. പി.
ഒന്നാം വർഷ മലയാള സാഹിത്യം

ഗീതുമോളേ...പേപ്പറിൽ തിരിച്ചറിയാൻ വയ്യാത്ത എന്തൊക്കെയോ അവ്യക്ത ചിത്രങ്ങൾ വരയ്ക്കുകയായിരുന്നു ഗീതുമോൾ, പെട്ടന്ന് മുഖമുയർത്തി. മുത്തശ്ശനാണ്. വിളികേൾക്കാത്തതായി അവൾ നടിച്ചു. വീണ്ടും വരയ്ക്കാൻ തുടങ്ങി. മുത്തശ്ശൻ അരികിലെത്തിയതും അവൾ അറിഞ്ഞു എങ്കിലും നോക്കിയില്ല. ഇന്നേവരെ കണ്ടിട്ടില്ലാത്ത ഡാഡിയുടേയും മമ്മിയുടെയും മുഖങ്ങൾ കടലാസ്സിലേക്ക് പകർത്താൻ ശ്രമിക്കുകയാണ് കുഞ്ഞുവിരൽ.

മുത്തശ്ശൻ അവളുടെ അടുത്തിരുന്നു. പതുക്കെ അവളുടെ കോലൻ മുടിയിൽ തലോടി. ഗീതുമോൾ പെൻസിൽ തറയിൽ വച്ചിട്ട് മെല്ലെ മുത്തശ്ശന്റെ മുഖത്തേക്ക് നോക്കി. അപ്പോൾ അവളുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. മുത്തശ്ശന്റെ കണ്ണുകളിലേക്കും ആ നനവ് പടർന്നു. ഒരു തേങ്ങലോടെ ഗീതുമോൾ മുത്തശ്ശനെ കെട്ടിപ്പിടിച്ചു. വിങ്ങി വിങ്ങി കരഞ്ഞുകൊണ്ട് പറഞ്ഞു.

മുത്തശ്ശനല്ലേ പറഞ്ഞെ മോളൂനെ ഡാഡീടേം മമ്മീടേം അടുത്തുകൊണ്ട് പോവാന്ന്. എന്നിട്ട് എന്താ എന്നെ കൊണ്ടുപോവാത്തെ. മോളൂന് മമ്മിയേം ഡാഡിയേം കാണാൻ കൊതിയാവ്വാ. എന്റെ ക്ലാസിലെ ചിഞ്ചൂന്റെ മമ്മി ഇന്നലെ എന്നോട് ചോദിക്കുവാ മോടെ മമ്മിയെന്താ വരാത്തേന്ന്. എന്താ മുത്തശ്ശാ എന്റെ മമ്മീമാത്രം എന്നെ കാണാൻ വരാത്തെ? 'മോളൂനെ ആർക്കും വേണ്ടേ?!'

ആ കുരുന്നു മനസ്സിലെ സങ്കടം കണ്ണീരായി കുതിച്ചൊഴുകി. മുത്തശ്ശൻ ഒന്നും മിണ്ടിയില്ല. ഗീതുമോളുടെ ഒന്നാം പിറന്നാളിൽ അവൾക്ക് നഷ്ടപ്പെട്ട ഡാഡിയുടെയും, മമ്മിയുടെയും മുഖമായിരുന്നു അപ്പോൾ ആ മനസ്സിൽ. മുത്തശ്ശൻ ഗീതുമോളെ ചേർത്തു നിർത്തി നെറുകയിൽ ഉമ്മവച്ചപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നൊഴുകിയ രണ്ടുതുള്ളി കണ്ണുനീർ ഗീതുമോളുടെ നെറുകയിൽ വീണുചിതറി.

ഗീതുമോൾക്ക് മുത്തശ്ശനും, മുത്തശ്ശിയും മാത്രമേയുള്ളു. ആ കുരുന്നു മനസ്സ് ഇന്നും പ്രതീക്ഷയോടെ കാത്തിരിക്കുകയാണ് ഒരിക്കലും തിരിച്ചുവരാത്ത അവളുടെ മമ്മിയേയും ഡാഡിയേയും.

ഗീതുമോളുടെ ഡാഡീം മമ്മീം ദൂരെ ഡൽഹിലാണെന്നാണ് മുത്തശ്ശൻ പറഞ്ഞിരിക്കുന്നത്. ആ നിഷ്കളങ്കമായ മുഖത്ത് നോക്കി അവളുടെ മാതാപിതാക്കൾ ഇനിയൊരിക്കലും തിരിച്ചുവരില്ല എന്നു പറയാനുള്ള ശക്തി അവർക്കിരുവ

ക്കും ഇഷ്ടമായിരുന്നു. മുത്തശ്ശനും മുത്തശ്ശിയും ഗീതുമോളെ തങ്ങളുടെ ജീവനേക്കാളും അധികമായി സ്നേഹിക്കുന്നു. എങ്കിലും അവളുടെ കൊച്ചുമനസ്സ് നിറയെ ദുഃഖമാണ്. അവൾക്ക് ഡാഡിയേയും മമ്മിയേയും കാണണം. പലപ്പോഴും അവരെയോർത്ത് അവൾ കരയാറുണ്ട്. കരയുമ്പോൾ പതിഞ്ഞ ഇടറിയ സ്വരത്തിൽ അവൾ സ്വയം പറയും.

'എനിക്ക് ഡാഡിയേയും, മമ്മിയേയും കാണണം...'

കുന്നിലുള്ള അവളുടെ വീടിന്റെ പച്ച പെയിന്റടിച്ച ഗെയിറ്റിന് കുറച്ച് മാറി ഒരു ട്രെയിൻ പാളമുണ്ട്. വീടിന്റെ പൂമുഖത്തിരുന്നാൽ അതിലെ ഇരമ്പി പായുന്ന ട്രെയിനുകൾ കാണാം.

'ആ പോകുന്ന ട്രെയിന്റെ പേരറിയുമോ മോളൂന്'

ഒരു ദിവസം രാവിലെ ഒരു ട്രെയിൻ കടന്നുപോയപ്പോൾ മുത്തശ്ശൻ ചോദിച്ചു

'എനിക്കറിയില്ല മുത്തശ്ശാ'

'കേരളാ എക്സ്പ്രസ്സാണത്' തിരുവനന്തപുരത്തുനിന്നും ഡൽഹിക്ക് പോകുന്ന ട്രെയിൻ. ഗീതുമോളെ മടിയിൽ കയറ്റി ഇരുത്തിയിട്ട് മുത്തശ്ശൻ പറഞ്ഞു. ആ ട്രെയിനിലാണ് മോളെ, ഡാഡീം, മമ്മീം ഡൽഹിക്ക് പോകുന്നതും വരുന്നതും. മുത്തശ്ശന്റെ വാക്കുകൾക്കുശേഷം ഗീതുമോളുടെ പ്രതികരണം ഒന്നും കാണാത്ത അദ്ദേഹം വീണ്ടും ആ ട്രെയിനെക്കുറിച്ച് പറഞ്ഞു.

അതിനു മറുപടിയായി ഗീതുമോൾ ഒന്നു മൂളി.

ആ ട്രെയിനിൽ കയറിയാൽ തന്റെ ഡാഡീടേം മമ്മീടേം അടുത്തെത്താം. അവൾ മനസ്സിലോർത്തു.

പട്ടണത്തിലെ സ്കൂളിൽ രണ്ടാം തരത്തിൽ പഠിക്കുന്ന ഗീതുമോളെ മുത്തശ്ശനെന്നും ബസ്സിലാണ് കൊണ്ടുപോകുന്നതും കൊണ്ടുവരുന്നതും. ക്ലാസിൽ എന്നും ഒന്നാമതാകുന്ന അവളുടെ മുഖം എപ്പോഴും വാടി മ്ലാനമായിരിക്കും. ആ കുഞ്ഞുമനസ്സിൽ എപ്പോഴും വിഷാദമാണ്. ക്ലാസിലെ മറ്റെല്ലാകുട്ടികളെയും കൊണ്ടുവരുന്നതും കൊണ്ടുപോകുന്നതും അവരുടെ ഡാഡിമാരാണ്. കാറിലും, സ്കൂട്ടറിലും മറ്റും അവരെ കൊണ്ടാക്കുന്നത് കാണുമ്പോൾ ഗീതുമോൾക്ക് സങ്കടം തോന്നും.

'എന്റെ ഡാഡി എന്താ എന്നെ കൊണ്ടാക്കാൻ വരാത്തെ......?' അതോർക്കുമ്പോൾ അവൾക്ക് കരച്ചിൽ വരും. മമ്മീടേം, ഡാഡീടേം അടുത്തുപോയാലോ......? രാവിലെ കണ്ട ട്രെയിനിൽ കയറിയാൽ അവരുടെ അടുത്തെത്താം എന്നല്ലേ മുത്തച്ഛൻ പറഞ്ഞത്.

ഡൽഹിയിൽ ചെന്നാൽ ഡാഡിതന്നെ സ്കൂളിൽ കൊണ്ടാക്കും. ഡാഡീടേം, മമ്മീടേം കൂടെ താമസിക്കുകയും ചെയ്യാം.

ആ കുഞ്ഞ് മനസ്സ് അങ്ങനെ തീരുമാനിച്ചു.

എന്നും സ്കൂളിൽ പോകാനിറങ്ങുമ്പോൾ അവളുടെ ഉടുപ്പിന്റെ പോക്കറ്റിൽ ഒരു രൂപ ഇട്ട് കൊടുത്തിട്ട് പറയും ഇടവേളയ്ക്ക് മിഠായി വാങ്ങാനാണ് കേട്ടോ!

മുത്തച്ഛൻ മിഠായി വാങ്ങാൻ കൊടുത്ത കാശൊക്കെ അവൾ സൂക്ഷിച്ചു വെച്ചു അവളുടെ കൊച്ച് പെട്ടിയിൽ.

ദിവസങ്ങൾ ഓടി അകന്നു.

അന്ന് അവധി ദിവസമായിരുന്നു. ഗീതുമോൾ രാവിലെ കുളിച്ചു. നിറയെ പൂക്കളുള്ള ഫ്രോക്ക് ധരിച്ചു

മുത്തശ്ശൻ ശയന മുറിയിലാണ്. നടുവിന് വേദനയായതു കൊണ്ട് കുഴമ്പ് തേച്ച് അദ്ദേഹം കിടക്കുകയാണ്. മുത്തശ്ശി അടുക്കളയിൽ വ്യാപൃതയായിരിക്കുന്നു. പെട്ടിയിൽ സൂക്ഷിച്ച് വച്ചിരിക്കുന്ന പൈസയെല്ലാം എടുത്ത് ഫ്രോക്കിന്റെ പോക്കറ്റിലിട്ടു. വണ്ടിയിൽ പോകാൻ ടിക്കറ്റെടുക്കണമെന്നും അതിന് പൈസവേണമെന്നും അവൾക്കറിയാം

ഗീതുമോൾ പൂമുഖത്ത് ഡൽഹിക്ക് പോകുന്ന ട്രെയിനും കാത്തിരുന്നു. ഇടയ്ക്കിടയ്ക്ക് അവൾ അകത്തേക്ക് നോക്കും. അവരാരെങ്കിലും വരുന്നുണ്ടോന്നറിയാൻ. ഇല്ലെന്നറിയുന്ന നിമിഷം അവളുടെ കണ്ണുകൾ ആശ്വാസത്തോടെ നെടുവീർപ്പിടും. പിന്നെ വിടർന്ന കണ്ണുകളോടെ ഗേറ്റിനപ്പുറത്തേക്ക് സ്നേഹപൂർവ്വം നോക്കിയിരിക്കും.

കുറച്ച് കഴിഞ്ഞപ്പോൾ അവളെഴുന്നേറ്റ് ഒച്ചയുണ്ടാക്കാതെ മുറ്റത്തേക്കിറങ്ങി. ഗേറ്റിനടുത്തുവന്ന് അതിന്റെ അഴികളിൽ പിടിച്ച് നിൽപ്പായി.

കാത്തിരിപ്പ് തുടർന്നപ്പോൾ അവൾ അക്ഷമയായി. ഒരിളം കാറ്റ് അവളെ തഴുകി കടന്നുപോയി. ആ കാറ്റ് അവളെ ഡൽഹിക്ക് പോകാൻ പ്രോത്സാഹിപ്പിക്കുകയായിരുന്നോ?

ആ കുഞ്ഞ് ഹൃദയം സന്തോഷത്താൽ നിറഞ്ഞു. അകലെ നിന്ന് ട്രെയിനിന്റെ ശബ്ദം കേട്ടുവോ. ആവൾ ഒന്നു കൂടി ആ വീട്ടിനുള്ളിലേക്ക് നോക്കി. ആരും കാണുന്നില്ലെന്ന് ഉറപ്പ് വരുത്തി ശബ്ദമുണ്ടാക്കാതെ ഗേറ്റ് തുറന്ന് പുറത്തിറങ്ങി. ട്രെയിൻ അടുത്തേക്ക് വരികയാണ്. അതിന്റെ കാതടപ്പിക്കുന്ന ശബ്ദം ചെവിക്കകത്തേക്ക് തുളച്ചു കയറി.

ട്രെയിൻ ഗീതുമോളുടെ അടുത്തെത്താറായി. അവൾ പെട്ടെന്ന് പാളത്തിൽ കേറിനിന്ന് കൈനീട്ടി കാണിച്ചു. മുത്തശ്ശൻ വണ്ടി നിർത്തിക്കാൻ പ്രയോഗിക്കുന്ന മാർഗ്ഗമാണെന്നവൾക്കറിയാം. പക്ഷേ ചീറിപാഞ്ഞ് വന്ന ട്രെയിൻ ഗീതുമോളെ മരണത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി.

ഇവിടെ, ഒരു കൊച്ചു സ്വപ്നം ചതഞ്ഞരഞ്ഞു.

ഡൽഹിക്ക് പോകാൻ അവളെ പ്രചോദിതയാക്കിയ ആ കുളിരുള്ള തെന്നൽ തിരിച്ചറിയാനാവാതെ വികൃതമായി ചിതറി കിടക്കുന്ന ശരീരഭാഗങ്ങളെ തഴുകി വീണ്ടും കടന്നു പോയി......

# ഇല പൊഴിയും ശിശിരം

വർഷമേഘങ്ങളിൽ, പാപങ്ങളെ കഴുകി, മഞ്ഞും നിലാവും പെയ്യുന്ന ഈ രാവിൽ, ഓർമ്മപ്പെരുക്കങ്ങളിലേക്ക് തലചായ്ച്ചുകൊണ്ട്, ഞാൻ, നിന്നെ യാത്രയാക്കുന്നു.

അലഞ്ഞു നടക്കുന്ന നിലാവിന്റെ കിനാവുകൾക്കപ്പുറം, അന്ധമായ സംവത്സരങ്ങൾക്കുമപ്പുറം, ഒരോർമ്മത്തുണ്ടായ് നീ, പറന്നു പോവുക. എന്റെ മരണത്തിന്റെ ചിത്രഭാഷയിൽ പുനർജനിക്കാൻ പോവുക, എന്റെ പ്രിയപ്പെട്ട പക്ഷീ.

ജീവിതത്തിന്റെ വ്യസന സമസ്യകളിൽ, വിധിവാക്യം പോലെ, വേർപാടുകൾ നിറയുന്നു. അശാന്തമായ യാത്രയിലെ തീവ്രനൊമ്പരങ്ങളാണ്, ഈ വേർപിരിയൽ, കാലത്തിന്റെ ചാക്രിക പ്രവാഹങ്ങളിൽ, ജീവിതത്തിന്റെ ദുഃഖവിരസതകളിൽ, കണ്ണുനീരായാഥാർത്ഥ്യമായി, വേർപാടുകൾ നിലകൊള്ളുന്നു. ജീവിതം, വേർപാടുകളുടെ വസന്തമാകുന്നു. ജന്മത്തിന്റെ ജാതകരേഖകൾ ചീന്തിപ്പോയ കനൽപ്പാതയിലേക്ക്, വിരഹം പെയ്തിറങ്ങുന്നു. നരച്ച ആകാശങ്ങൾക്കു മീതെ, വേർപാടിന്റെ വിലാപധ്വനികളുതിരുകയാണ്. വിരഹത്തിന്റെ ഉൾതാപങ്ങളിൽ, സന്ധ്യകളെല്ലാം വിഫലങ്ങളായ് പൊലിഞ്ഞുപോകുന്നു. ജന്മാന്തരങ്ങളുടെ നക്ഷത്ര രാത്രികൾ തേടിയലഞ്ഞ പ്രണയം, വിരഹവിലാപങ്ങളിലലിഞ്ഞു പോകുന്നു. ചുററിനും തിടം വയ്ക്കുന്ന ഇരുളിൽ, വിരഹിയുടെ ഗാനം നിറയുകയാണ്, ആത്മാവുനിറഞ്ഞു മോഹിക്കുന്ന വിരഹവിലാപങ്ങളുടെ ധൂമസഞ്ചാരം കണ്ണുനീരായ് ശീതപരിസരങ്ങളിൽനിന്ന് പ്രണയം വിലാപമെന്നറിയുക.

ജീവിതത്തിന്റെ തെരുവുകളിൽ, വർത്തമാനത്തിനു തീ പിടിക്കുമ്പോൾ, സ്വപ്നങ്ങളെല്ലാം അപഹരിക്കപ്പെടുന്നു. പ്രണയം സമൃദ്ധമെന്നറിഞ്ഞ കാമനകൾ, വേർപിരിയലിന്റെ നീതിയിലൂടെ നടന്നുകഴിഞ്ഞു. സ്വയം തിരസ്കൃതമാവുന്ന ആത്മാക്കളുടെ ബലിദുഃഖമായ്, വിരഹം പരിണമിക്കുന്നു. പ്രണയത്തിന്റെ പ്രാണാകിരങ്ങളിൽ, അന്ത്യചുംബനം, ഒരു നക്ഷത്രമാകുന്നു.

പിന്നിട്ട വഴികളിലെ സൂര്യകാന്തികളിൽ തുമ്പിതുള്ളുന്ന പ്രണയിനി, വിരഹത്തിന്റെ വിഹ്വലസ്മൃതികളിൽ, പൂവായും വെളിച്ചമായും പുനർജനിക്കുകയാണ്. ഗതകാല സ്വപ്നങ്ങളുടെ നീർച്ചുഴിയിൽ കുഴഞ്ഞുവീഴുന്ന കാറ്റുകൾ, അവൾ പകർന്ന പതിവു സാന്ത്വനങ്ങളെക്കുറിച്ചോർത്തിരിക്കില്ലേ? അവൾവിടകൊണ്ടെങ്കിൽ പ്രാർത്ഥനാനിരതനാകുന്ന ഒരു നിമിഷം, നീർസ്പർശംപോലെ, പ്രണയമിവിടെ ഹൃദയസ്പന്ദനങ്ങളറിയുന്നു. യാത്രകൾ വിഫലമാകുന്ന വെളിനിലങ്ങളിൽ, ആരാണ്, പ്രണനക്ഷത്രത്തിന്റെ പുനർജനി തേടാത്തത്?

നോവുകൾ പൂക്കുന്ന താഴ്വാരങ്ങളിൽ വിരഹത്തിന്റെ മഞ്ഞു പെയ്യുമ്പോൾ, വികാരചാപല്യം പീലിവിടർത്തിയാടിയ ഒരു ഭൂതകാലത്തിന്റെ ഓർമ്മകളിരമ്പി

യാർക്കുകയാണ്. തെൻമാര നാടകത്തിന്റെ രംഗസ്മരണകൾ പോലെ, പ്രണയത്തിന്റെ സമൂർത്തമായ ശ്രുതിതാളങ്ങളായിരുന്നു.

കരച്ചിലിന്റെ അടിമുഖങ്ങളിൽ നിന്ന്, പ്രാണൻ, പ്രണയിനിയുടെ കരുത്തറിവു കണ്ട സന്ധ്യകളിലേയ്ക്ക ചേക്കേറുന്ന മഴവില്ല് പോലെ പടർന്നേറിയ കാമിനിയുടെ കണ്ണിലെ കൃഷ്ണകാന്തികളിൽ, പെയ്തൊഴിഞ്ഞ വസന്തത്തിന്റെ നീർസ്പർശം. പോയ കാലത്തിന്റെ, ഉർവരദാഹങ്ങളും, വിരഹത്തിന്റെ ശ്യാമദുഃഖങ്ങളിൽ, വിളർച്ച പൂണ്ടെത്തുന്നു. ഇവിടെ, യാത്രാമൊഴികളെല്ലാം, ആർദ്രമാവുകയാണ്. ഓർക്കുക വല്ലപ്പോഴും എന്നല്ലാതെ, എന്താണിപ്പോഴോതുവാനുള്ളത്?

ഇരുണ്ട സംഗീതം പൊടിയുന്ന വിരഹത്തിന്റെ വഴിത്താരകളിൽ, ഓർമ്മകൾ ഇടറിവീഴുന്നു. പെയ്തുതീർന്ന മഴയുടെ സ്മൃതിചിത്രങ്ങളും, ഈ വഴികളിൽ തങ്ങിനിൽക്കുന്നുണ്ട്. പട്ടുപോയ നീർമാതളവും, മയങ്ങിവീണ മയിൽപീലിയും, ഇന്ന് പ്രേതകാഴ്ചകളാണ്. എങ്കിലും, അകലങ്ങളിൽ നിന്ന്, ഇവിടത്തെ സ്പന്ദനങ്ങൾ, നീ അറിയുന്നുണ്ടോ? എന്റെ രാപ്പക്ഷികളെല്ലാം, എന്നും നീണ്ട മൗനത്തിലേയ്ക്ക്, ചിറകുകൊഴിഞ്ഞു വീണിരിക്കുന്നു. അവസ്ഥാന്തരങ്ങളുടെ ചടുല താളങ്ങളിൽ, പേക്കിനാവുകൾ, കൂട്ടായ് വരികയാണ്. സമർപ്പണത്തിന്റെ ജ്വാലാമുഖങ്ങൾ തെളിയുന്ന പ്രണയത്തിന്റെ വിഹ്വല ഭൂമിക, ഇന്ന് നമുക്കന്യമാണ്. നാഗരികത നശിപ്പിച്ച വർത്തമാനകാലജീവിതങ്ങളിൽ, പ്രണയത്തിന്റെ ഇടിത്തു രേഖകൾ നഷ്ടമാവുന്നു. ദർശനങ്ങളുടെ നക്ഷത്രദീപ്തിയിൽ, ആത്മ വിസ്മൃതി തേടിപ്പോയ പ്രണയം, ഇന്നൊരു കാല സ്മൃതിയാവുന്നു.

വീണയുടെ ശ്രുതികളിൽ, ജീവിതത്തിന്റെ നേരും, പ്രണയത്തിന്റെ നിഗൂഢലാവണ്യവും തേടി, പ്രവാസത്തിന്റെ പുത്തൻ വഴിയമ്പലങ്ങളിലേക്ക്, നമുക്കിനി യാത്രയാവാം. വാഴ്വിന്റെ വിഫലതകൾ വെളിപാടുകൊള്ളുന്ന വിരഹത്തിന്റെ വേനൽ വഴികളിൽ ഏകാന്തമായ പ്രാണസഞ്ചാരങ്ങളറിയാം; വിയോഗത്തിന്റെ, ഇരുണ്ട ആകാശങ്ങൾക്കുമീതെ, പ്രാണന്റെ വിലാപങ്ങൾ കൊളുത്തിവയ്ക്കാം.

SHIBU JAMES
2nd PDC
4th Batch 390

# സ്ററാററ്യൂട്ടറി വാണിംങ്ങ്

സ്വപ്നത്തിൽ ആ ചെമ്പൻ താടി ഉണ്ടായിരുന്നു.

തണുത്ത് മരവിച്ച ആ കരങ്ങളും തന്റെ ശരീരത്തിലൂടെ ഇഴയുന്നു. ആ മുഖം വികൃതമായിരുന്നു.

ഭീതി! തന്നെ വിറക്കുന്നു.
ചുണ്ടുകളും ചലിക്കുന്നില്ല.
അണ്ണാക്കിൽ ജലാംശമില്ല.

കരങ്ങളിൽ നീണ്ട നഖവും വായിൽ രക്തക്കറയും പുരണ്ട ആ ചെമ്പൻ താടിയും അടുപ്പിച്ചു. കരച്ചിലോ അലർച്ചയോ പുറത്തുവന്നു. ചാടിയെണീറ്റു.

ഇന്നലെ ദുസ്വപ്നങ്ങളുടെ താരാട്ട് കേട്ടാണ് മയങ്ങിയത്. അതൊരു യാഥാർത്ഥ്യത്തിന്റെ മുഖമണിയുമെന്ന് തോന്നിയതേയില്ല.

കള്ളില് വീര്യം ചേർക്കണ ഗുളികയുണ്ട്. പണ്ടത്തെ തൈതെങ്ങിലെ ഒരുകോപ്പ കള്ളടിച്ചാൽ നല്ല പുകിലുപറയായിരുന്നു. നാട്ടിലെ തൈതെങ്ങ് ഗവൺമെന്റ് പാട്ടിലാക്കിയേപ്പിന്നാ ഇങ്ങനെ'.

പണമാണ് മുഖ്യം. ആരും നമ്മെ സുഖിപ്പിക്കാനല്ല കള്ളുണ്ടാക്കുന്നത്.

ആ വിരുന്നിലെ സംസാരമിങ്ങനെ നീളുന്നു. ജനൽപാളിയിലൂടെ ഞാനതു നോക്കി നിൽപ്പുണ്ടായിരുന്നു.

തൊടിയിലെ തൈതെങ്ങിലെ കരങ്ങളിലോ പുളിമരത്തിൽ ചുണ്ടുരച്ചോ കാണിക്കുന്ന ആ കാക്കയെ നോക്കുംപോലെ.

'നാരായണന്റെ കട്ടാത്തതെന്തായേ'? ആ ചെമ്പൻമുടിയാണത് ചോദിച്ചത്. താനയാളെ നല്ലവണ്ണം നോക്കിയിരിക്കുകയായിരുന്നു.

മുത്തശ്ശി പറയാറുണ്ടായിരുന്ന ആ രാക്ഷസൻ ഇയാളെപ്പോലെയിരിക്കും.

ഒറ്റക്കണ്ണുമാത്രമുള്ള, ചെമ്പൻ താടിയും കറുത്ത ശരീരവുമുള്ള, കോമ്പല്ലുകളിൽ രക്തക്കറയുമുള്ള ആ രാക്ഷസൻ—

അതോ...

ഒളിഞ്ഞു നോക്കിയപ്പോഴും അമ്മ ശകാരിച്ചിരുന്നതാണ്.

വേണ്ടാത്തതൊക്കെ പഠിക്കാവും

അച്ഛൻ കുടിച്ചിരുന്ന ആ കത്തിവെള്ള ലായനി ആഞ്ഞിറക്കി ചൊടികളും തൊട്ടിതുണങ്ങ് ഒന്നു നീട്ടിത്തുപ്പി വിളിച്ചു. മണിക്കുട്ടാ... മണി.

അമ്മ ദേഷ്യമാംവിധമൊന്നു നോക്കി

തനിക്കും തരാനാവുമോ? അന്നെയും വിളിക്കണത്.

മണിക്കുട്ടാ ര ര... ഒരു പാക്കറ്റ് പാട്ടമോ. ആരോ കുടിച്ചമർത്തി നീട്ടിയും കുറുകിയും ചോദിച്ചു.

മണിക്കുട്ടാ അങ്ങട്ട് ചെല്ലാ.

അച്ഛന്റെ ആളാണേ!

താൻ കടിച്ചമർത്തി വിറയോടെ നടന്നടുത്തു. അയാളും തന്നെ ഗ്രഹിച്ചു. കൈകാലുകൾ മരപ്പായിരുന്നു. കണ്ണുകളും ജ്വലിച്ചിരുന്നുവോ? ചെമ്പൻ താടി മേലിൽ ഉരസി.

മണിക്കൊരു പാഷ്ട് പാടുമോ?

ആ ദിശയറിയാത്ത കണ്ണുകളും എന്നോടു ചോദിച്ചു.

പാട്ടോ? തനിക്ക് ആകെ അറിയാവുന്നത് കാക്കയോട് ചോദിക്കുന്ന ആ കുസൃതിയാണ്.

''കാകൃതി കാകൃതി കാക്കേ
നിന്റെ
കൃതി കൃതി കൂടെവിടെ
കാക്ക മറുപടിയെന്നോണം നീട്ടിപ്പാടും''

'വാകൃതി വാകൃതി വടക്ക്
മാകൃതി മാകൃതി മവേൽ'

മ്ളാവിലെ അരുണേട്ടൻ പാടിത്തന്നതാണ്. അതൊന്നു പാടിയാലോ?

'സുന്ദരി സുന്ദരി മന്ദിയൊട്ടോ, വേറൊരുവൻ. ഏത് സുന്ദരി?

അടിച്ചുതളിക്കുന്ന പാറുവിന്റെ മകള്. വെള്ളാരം കല്ല് പൊട്ടിച്ച് പഞ്ചസാരയാക്കി കളിക്കുമ്പോഴും പാടാറുള്ള ആ ഏറുപാട്ടോ? കേൾക്കാനും കൂടി ശേലില്ല.!

മണിക്കുഷ്ടാ.. പാടടോ അച്ഛന്റെ നാക്ക് മടിച്ചില്ലായിരിക്കും.

'മച്ചിനകത്താണെടാ മച്ചിപ്പാറ്റ
മനസ്സിലെ മണിച്ചെപ്പിലാണോ
തൊള്ളകരച്ചാൽ ഉള്ളിയും തിന്നും
മോഹം കേറിയാ മച്ചിപ്പാറ്റ'

മീൻകാരൻ ശ്രീയിക്കിന്റെ നാവിലൂറി വന്ന ആനാല്യപാട്ട് തന്നെ തട്ടിവിട്ടു പാട്ട് രസിച്ചെന്നോണം പലരും കൈകൊട്ടി, കുറുപിലർ ഉറക്കെ ചിരിച്ചും കള്ളിന്റെ ലഹരി കാട്ടിത്തുടങ്ങി.

ആ ചെമ്പൻതാടി അടുത്തുവിളിച്ച് ഒരു മിഠായി സമ്മാനിച്ചു.

താൻ കയ്യിലമർത്തിയ മിഠായിയുമായി വടക്കേത്തളത്തിലേക്ക് തന്നെ നടന്നു.

മിഠായി തിന്നണോ?

അമ്മ പറഞ്ഞിട്ടുണ്ട്, 'പരിചയമില്ലാത്ത ആരും ഒന്നും തന്നാൽ വാങ്ങിച്ചുകൂടാ'

അവർ മിഠായിൽ എന്തോ മയക്കുമരുന്നു പുരട്ടിട്ടുണ്ടാവും— എന്നിട്ട് പിടിച്ചു കൊണ്ടുപോയി കണ്ണ് പൊട്ടിച്ച് പിച്ചതെണ്ടിയ്ക്കും.

ഇവിടെ ചെമ്പൻ താടിയും തനിക്ക് അപരിചിതൻ.

പറമ്പിലേയ്ക്കെറിഞ്ഞു മിഠായി.

അമ്മയെ തേടി വരാന്തയിലെത്തിയപ്പോഴും അമ്മ മനോരമ വായിക്കുന്നു. ശല്യപ്പെടുത്തിയാൽ തല്ലുകിട്ടും

അമ്മയുടെ ഓരം ചാരിയിരുന്നപ്പോഴും വെറുതെ പത്രത്തിലേയ്ക്കു നോക്കി.

പത്രത്താളുകളിൽ മരിച്ചവരുടെ ചിത്രം. വെറുതെ അമ്മയോട് ചോദിച്ചു. അതെന്താ?

വിഷമദ്യം കടിച്ച് മരിച്ചവരാ

വിഷമദ്യം അതെന്തൂട്ടാ? ചോദിക്കണമെന്നുണ്ടായിരുന്നു. ചോദിച്ചില്ല.

—മരണം—

അതായി ചിന്ത. കണ്ണടയുന്നു.

ശിരസ്സറ്റ ആ ശവം വാരിയെല്ലുകളുന്തിയ ഒരു പട്ടി കടിച്ചുവലിക്കുന്നു. മണിയനീച്ചകൾ വലം വയ്ക്കുന്നു. ആ കാഴ്ച കാണാൻ ചെമ്പൻ താടി കൊണ്ടു പോകുന്നു.

ആ ജഡത്തിന്റെ കണ്ണുകൾക്ക് ജീവനുണ്ടായിരുന്നു. ആ കണ്ണുകൾ തന്നെ ഉറ്റുനോക്കുന്നു. ഭയങ്കരമായ ശ്വാസംമുട്ടലായി.

അതാ ചെമ്പൻതാടിയും തന്നെ തുറിച്ചുനോക്കുന്നുണ്ട്. ആരോടും പറയാനാവാത്ത വിമ്മിഷ്ടം.

കിടപ്പുമുറിയിലെ കട്ടിലിൽ തന്നെ ചായിക്കുമ്പോഴാണ് ഉറക്കമുണർന്നത്.

മണിക്കുട്ടാ ചോറുണ്ണുന്നില്ലേ? അമ്മ ചോദിച്ചു, ഒരു കടമയെന്നോണം അച്ഛനോടും.

പെരുവിരൽ നിലത്തൂന്നി അച്ഛനതാ വരുന്നു. കാലുറയ്ക്കാത്തതാവാം.

പിന്നെ താൻ ഭയാനകമായ ഇരുട്ടിലേയ്ക്കും. ദുഃസ്വപ്നങ്ങളുടെ ശ്രേണി തന്നെയുണ്ടായിരുന്നു അന്ന്.

ആ ചെമ്പൻതാടി കഴുത്തിലമർത്തി രക്തം കുടിക്കുന്നു. പച്ചമാംസം രുചിയോടെ നുണയുന്നു.

അതാ വീണ്ടും ആ ചെമ്പൻതാടി മരിച്ചിരിക്കുന്നു. വെള്ളത്തുണിയിൽ പൊതിഞ്ഞിരിക്കുന്ന അയാളുടെ പല്ല് ഇളിക്കുന്നു.

കൈ നീട്ടുന്നു

തന്റെ പാട്ടിന്റെ പാരഡി പാടുന്നു.

'മദ്യപാനമാണെടാ മനസ്സിലൊരാനന്ദം
ഉള്ളി ഉള്ളിൽ ചെന്നാൽ
സ്വർഗ്ഗലോക മാണെടാ
ആരോ അലറി കണ്ണുതുറന്നു.

മാറത്തലച്ചു അമ്മ കരയുന്നു. അച്ഛൻ തറയിൽ കിടന്നു പിടയ്ക്കുന്നു. വായിൽ നിന്നും നുരയും പതയും രക്തം കലർന്ന് ബഹിർഗ്ഗമിക്കുന്നു. വീണ്ടും പിടയ്ക്കുന്നു. എന്തോ അസ്വസ്ഥതയെന്നോണം.

തന്റെ വെള്ളലിച്ചിപ്പിടച്ചിയെ കഴുത്ത് പിരിച്ചുകൊല്ലുമ്പോഴും താൻ പ്രാർത്ഥിച്ചിട്ടുണ്ട്, 'അച്ഛനും ഇതുപോലെ വരണമെന്ന്'

യാഥാർത്ഥ്യമാകുന്നുവോ? തല രണ്ട് വട്ടം അലച്ചു. പിന്നെ ചലിച്ചില്ല. കരഞ്ഞെന്ന് താനോർക്കുന്നു. എന്നാലത് എന്നന്നേയ്ക്കുമുള്ള കരച്ചിലായിരുന്നു.

മണിക്കുട്ടനൊരു പുതിയ ചോദ്യമുണ്ടായി 'എന്റച്ഛൻ എവിടെ'?

അമ്മേട്ടൻ വരുമ്പോ ചോദിക്കണം. "മണിക്കുട്ടന് ഒരുപിടി ചോദ്യങ്ങളുണ്ടാവും." അമ്മേട്ടൻ

"എന്റെ അച്ഛനെവിടെ'?

കനൽ മൂടിയ നരകത്തിലോ

അതോ

തേനും വയമ്പും നിറയ്ക്കുന്ന സ്വർഗ്ഗത്തിലോ?

ജിനീഷ് ഒ. ററി
VII th Batch
Class No. 616

# സ്മരണിക

* പ്രിയപ്പെട്ട ദേവമാതാ, ഞാൻ യാത്രയാവുന്നു. രണ്ടു സംവത്സരങ്ങൾ ഇവിടെ തീരുന്നു.

    * താഴെ, കോളേജ് റോഡിൽ ഇരുന്ന് മുതിർന്ന വിദ്യാർത്ഥികൾ പാട്ടു പാടുന്നു. അവരിൽ വിരഹ വേദന നിറഞ്ഞുനിൽക്കുന്നു.

* സുഹൃത്തുക്കളെ ഓർമ്മിക്കാൻ, അവരുടെ കുറിപ്പുകൾക്കുവേണ്ടി ഓടിനടക്കുന്നവർ ഒരുപക്ഷേ എന്നെ കാണുന്നില്ലായിരിക്കാം.

    * ബദാം ചുവട്ടിൽ പതിവായി ആരെയോ കാത്തുനിൽക്കുന്ന പെൺകുട്ടി ഇന്ന് ജനൽപടിയിൽ പിടിച്ചുകൊണ്ട് തേങ്ങുന്നു.

* ദേ, കെമിസ്ട്രി ലാബിന്റെ വരാന്തയിൽ നിന്ന് ഒരു പൊട്ടിച്ചിരി. അത് ഒന്നാം വർഷക്കാരുടേത് ആയിരിക്കാം.

    * ഓർക്കുന്നോ നീ? പ്രാക്ടിക്കൽ ക്ലാസ്സുകൾ കഴിഞ്ഞ് ടീച്ചേഴ്സിന്റെ കണ്ണിൽപ്പെടാതെ റീഡിംഗ് റൂമിൽ പോകുന്നതും വൈകി, വീട്ടിലേയ്ക്ക് യാത്രയാവുന്നതും വേണ്ട. എല്ലാം മറന്നിട്ട് നമുക്ക് അനാത്മാർത്ഥതയുടെ പുറം ചട്ടയണിഞ്ഞ ജീവിതത്തിലേയ്ക്കിറങ്ങാം.

* വിരസമായ ക്ലാസ്സുകൾ കട്ട് ചെയ്ത് എന്റെയൊപ്പം പള്ളിയിൽ ലൈബ്രറിയിൽ, കാന്റീനിൽ ഒക്കെ പൊട്ടിച്ചിരിച്ചു നടന്ന 'ഗൂവർസം ഫലമായ' കൂട്ടുകാരികളെ നിങ്ങളും പൊയ്ക്കഴിഞ്ഞോ?

    * എങ്കിലും സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ഒരു ഉദ്യോഗസ്ഥന്റെ അവസാന തേങ്ങൽ പോലെ, ഒരു കടലാസ്ചീട് മാത്രം തന്ന് നിന്റെ മടിയിൽ നിന്ന് എന്നെയിറക്കിവിടുകയാണോ അമ്മേ?

* എങ്കിലും ദേവമാതാ നിന്റെ സുന്ദരമായ ശരീരത്തിൽ നഖം കൊണ്ട് ഞാൻ എന്റെ പേര് കുറിച്ചിടട്ടെ. കാലം മായ്ക്കുമെന്നറിയാമെങ്കിലും.

    * എന്നെ ഉപദേശിച്ചിട്ടുള്ള മൂന്ന് നാല് അദ്ധ്യാപികമാർക്കും, ഒരദ്ധ്യാപകനും വേണ്ടി ഞാൻ ഇവിടെ കുറിയ്ക്കട്ടെ, നിങ്ങളോടുള്ള സ്നേഹബഹുമാനങ്ങൾ ഈ നാളുകളിൽ നിറഞ്ഞു നിൽക്കട്ടെ.

MUTHUKUTTY MATHEW
II P D C
416 V Batch

PRASANTH E. S.
I PDC 7th batch
No. 622

# നേരമ്പോക്ക്

അന്നു ഞാൻ കലാലയാങ്കണത്തിൽ നിൽക്കുമ്പോഴും
കണ്ടുഞാൻ കലാലയാങ്കണത്തിലൊരുയുവതിയെ
ഉടഞ്ഞു ഞങ്ങൾ തന്നക്ഷികൾ പരസ്പരം
ഉടക്കി നിന്നു ഞങ്ങൾതൻ കണ്ണുകൾ തമ്മിൽ

പുഞ്ചിരി വിടർന്നു അവൾതന്നധരത്തിൽ
പുഞ്ചിരിതൂകിനിന്നു ഞാനുമവൾക്കുനേരെ
കാത്തുനിന്നു പിറ്റേന്നുമവൾക്കുവേണ്ടി
കാത്തുനിന്നോരോനിമിഷവും യുഗങ്ങളായ് തോന്നിച്ചുവെങ്കിലും

ഒടുവിലെൻ മാലാഖയെ സഖികളൊത്ത് ദൂരത്തായ് കാണുംനേരം
നെഞ്ചിൻ ചട്ടക്കൂടിടിച്ചു തകർക്കുമാറെൻ ഹൃദയം തുടികൊട്ടി
അവളെൻ ചാരത്തുകൂടി നടന്നു പോകുംനേരം
കണ്ടുഞാൻ കടക്കണ്ണാലൊരുനോട്ടമെറിഞ്ഞതെന്നിലേക്ക്

ഒരുനാൾ ഞങ്ങൾ കണ്ടു തേൻമാവിൻചോട്ടിൽവച്ച്
ചെറുപുഞ്ചിരിയോടെ അംഗലേയത്തിലെന്നോട് ചൊല്ലിനാൾ
അവളെന്നെ പ്രേമിക്കുന്നു ജീവനു തുല്യം പോലും
അതുകേട്ടുനിന്നുഹർഷപുളകിതനായ് നിമിഷങ്ങളോളം ഞാൻ

കാലം ദിനങ്ങളെ നിമിഷങ്ങൾപോൽ പിന്നോട്ടെറിഞ്ഞുപോയ്
വളർന്നു ഞങ്ങൾ തൻപ്രേമം അന്നാളുകളിലെല്ലാമെങ്കിലും
തളിർത്തുപൂത്തുകായ്ച്ചു തരുക്കൾകാലചക്രംവീണ്ടുംതിരിഞ്ഞു
കാലത്തിൻ കുത്തൊഴുക്കാൽ തിരശ്ശീലവീണു കലാലയജീവിതത്തിൽ

അന്നൊരു നാളവളെന്നോട്ചൊല്ലിനാൾ—
' എന്നെ മറക്കൂ ഇതെല്ലാമൊരു നേരമ്പോക്ക് '"

PRASANTH E. S.
I P.D.C. 7th balch
No. 622

# മരണം

വിടരുവാൻ വെമ്പുന്ന മൊട്ടുകളറിയുന്നോ
മരണത്തിൻ പാതയിതെന്നസത്യം
വിടർന്നു വിലസുന്ന പുഷ്പങ്ങളറിയുന്നോ
കൊഴിഞ്ഞുപോകുമതെന്നസത്യം
മൂളി പറക്കുന്ന മധുപങ്ങളറിയുന്നോ
ചരമത്തിൻ പാതയിതെന്ന സത്യം
പുഞ്ചിരി തൂകുന്ന പിഞ്ചുകുഞ്ഞറിയുന്നോ
മരിച്ചുപോകുമതെന്ന സത്യം
ധനത്തിനുവേണ്ടി തമ്മിലടിക്കുന്ന മർത്യൻ—
നിനക്കുന്നോ മണ്ണായ്തീരുമവനെന്ന സത്യം
''മരണം സത്യം സത്യമതാകുകിൽ
സത്യമസത്യമാകില്ല സത്യം''

RAJANICHAND C
II DC Chemistry
No. 126

# സമസ്യ

ഒരു നീലാസന്ധ്യതൻ സ്പർശനം പോൽ
ഒരായിരം തിരകൾ തന്നാരവം പോൽ
അരുണാഭമാം ഒരു സൂര്യോദയം പോൽ
ആരണ്യഭൂമിയിലാരാത്രി പുഷ്പം പോൽ
പെയ്തിറങ്ങിയവളെൻ ഹൃദയത്തിൽ
ഒരു ശുഷ്കഭൂമിയിൽ മഴയെന്ന പോൽ

നിൻ സ്നേഹവർഷത്തിൽ, തളിരണിഞ്ഞെൻമനം
നിന്നെ ഞാൻ നിത്യവും നിനച്ചിരുന്നു
നിൻ ലോല ശബ്ദമെൻ പ്രാർത്ഥനാ ഗീതമായ്
നിൻ ദിവ്യ രൂപമെൻ സ്വപ്ന സാഫല്യമായ്
വിശ്വ സംഗീതത്തിൻ മാസ്മരനാളികം
ബന്ധിച്ചില്ലേ പ്രിയേ, എന്നെയും നിന്നെയും?

ചിന്നിച്ചിതറി, യെൻ കിനാമാളിക
വാടിക്കരിഞ്ഞു, വെൻ സ്വപ്നമാല്യം
നിത്യവുമെന്നെ തുണച്ച ഈ നഗരവും
നിന്ദാശരങ്ങൾ തൊടുത്തു സഹർഷം
പരിശുദ്ധ സ്നേഹത്തിൻ പാവനസങ്കല്പം
പാപചിന്തയോ ഈ മായാനരകത്തിൽ?

നിസ്തുലം നിർമ്മലം പുണ്യമീ സ്നേഹം
സ്ഥാനമോ, പക്ഷെ അഴുക്കുചാലിൽ
ഇന്നു ഞാൻ കേവലമൊരു മർത്ത്യനല്ലോ
സ്നേഹം കൊതിക്കയോ, മനമില്ലാ,
യെങ്കിലും പതറുന്നു ഗതകാലസ്മരണയിൽ
ചോദ്യശരമൊന്നുയരുന്നു, വാ ചിന്തയിൽ

"സ്നേഹം ശാപമായിരുന്നുവോ, യെന്നും,
സ്നേഹിച്ചിരുന്നില്ലേ, ഹൃദയങ്ങളൊരിയ്ക്കലും?"

# മഹത്‌വചനങ്ങൾ

1. അവനവൻ ചെയ്യുന്നതെറ്റ് സമ്മതിക്കുന്നത് പരാജയമല്ല വിജയമാണ്.
— ഗാന്ധിജി

2. ഞാനെന്നഭാവം പൂർണ്ണമായും ഇല്ലാതാകുന്നിടത്ത് മാത്രമേ സമ്പൂർണ്ണശാന്തി ലഭിക്കൂ.
— ശ്രീബുദ്ധൻ

3. ചിന്തിക്കാതെ പഠിക്കുന്നത് വ്യർത്ഥമാണ്, പഠിക്കാതെ ചിന്തിക്കുന്നതും.
— കൺഫ്യൂഷിയസ്

4. കഠിനാദ്ധ്വാനത്തിന് എന്തിനെയും കീഴടക്കാനാവും — ഹോമർ

5. മറ്റുള്ളവരുമായി പങ്കിടുന്ന സിദ്ധികൾ ഉയരങ്ങളിലേക്ക് നയിക്കുന്ന ചിറകുകളാണ്. സ്വന്തം കാര്യത്തിന് ഉപയോഗിക്കുന്നവ ഭൂമിയിൽ ബന്ധിപ്പിക്കുന്ന ഭാരങ്ങളാകുന്നു
— ആനിബസൻറ്

6. മദ്യപാനം എന്ന് ജനങ്ങൾ ഉപേക്ഷിക്കുന്നുവോ അന്നേ ദാരിദ്ര്യം ഇല്ലാതാകൂ.
— മാർട്ടിൻ ലൂഥർകിംഗ്

7. കീടം വസ്ത്രത്തെയെന്നപോലെ അസൂയ മനുഷ്യനെ കാർന്നുതിന്നുന്നു.
— നെപ്പോളിയൻ

8. സ്വഭാവത്തിൽ ലാളിത്യം കാണിക്കുന്നതുകൊണ്ട് ആരുടെയും മഹത്വം കുറഞ്ഞുപോകുന്നില്ല.
— ജോൺ മോർലി

9. തന്നത്താൻ മനസിലാക്കാൻ സാധിക്കുമ്പോൾ മാത്രമേ ഒരാൾക്ക് വിദ്യാഭ്യാസംകൊണ്ട് തൃപ്തിപ്പെടാനാവൂ.
— ഡോ. എസ്. രാധാകൃഷ്ണൻ

10. അനുകരണം കൊണ്ട് ആരും ഇതുവരെ മഹാനായിട്ടില്ല.
— സാമുവൽ ജോൺസൺ

11. മൗനം വാചാലതപോലെ ശക്തമാണ് — വില്യംജയിസൺ

12. അധഃസ്ഥിതനെയോർത്ത് വേദനിക്കുന്ന വ്യക്തിയെ ഞാൻ മഹാത്മാവ് എന്നു വിളിക്കും. അല്ലാത്തവൻ ദുരാത്മാക്കളായിരിക്കും.
— സ്വാമി വിവേകാനന്ദൻ

13. നിങ്ങളുടെ നാവുകളെ നിയന്ത്രിക്കുക. അതുകൊണ്ട് എത്രയോപേർക്ക് ദുഃഖിക്കേണ്ടി വന്നിട്ടുണ്ട്.
— മുഹമ്മദ്നബി

14. ലോകം മാറ്റത്തെ വെറുക്കുന്നു. എന്നാൽ മാറ്റത്തിലൂടെ മാത്രമേ പുരോഗതി ഉണ്ടായിട്ടുള്ളൂ.
— അലക്സാണ്ടർപോപ്പ്

15. കർമ്മം ചെയ്യുക. ദുഃഖവും നിരാശയും അകറ്റാനുള്ള ഏകവഴി അതാണ്
— G. H. ലെവിസ്

16. എല്ലാ അപകടങ്ങളുടെയും കാരണം അഹംഭാവമാണ്
— ജോൺ റസ്കിൻ

17. പേരിൽ എന്തിരിയ്ക്കുന്നു? — വില്യം ഷേക്സ്പിയർ

18. നിങ്ങൾക്ക് എല്ലാവരെയും കുറെക്കാലത്തേയ്ക്കും കുറെ പേരെ എല്ലാകാലത്തേക്കും വഞ്ചിക്കാൻ കഴിയും. എന്നാൽ എല്ലാവരേയും എല്ലാകാലത്തേക്കും സാധ്യമല്ല
— എബ്രഹാംലിങ്കൺ

19. ഞാനൊരു കുറ്റവാളിയല്ല, പക്ഷെ ഒരു ദേശസ്നേഹിയാണ്
— ഭഗത്സിംഗ്

20. അവസരം നിങ്ങളെ അന്വേഷിച്ച് ഒരിക്കലേവരൂ. പിന്നീട് നിങ്ങൾ അങ്ങോട്ട് ചെല്ലുക തന്നെ വേണം.
— റോബർട്ട് ഹോപ്പ്

21. ചിരിക്കുമ്പോൾ ആയിരങ്ങളും കാണും കൂട്ടിന് കരയുമ്പോൾ സ്വന്തം നിഴൽ മാത്രം
— ഉമർഖയ്യാം

22. അസത്യം എത്രബലം പ്രാപിച്ചാലും സത്യമായി തീരാൻ പോകുന്നില്ല.
— ടാഗോർ

23. സ്വന്തം മനസ്സ് മാറ്റാൻ കഴിയാത്തവർക്ക് മറ്റൊന്നിനെയും മാറ്റാൻ കഴിയുകയില്ല
— ബർണാഡ്ഷാ

24. അന്തസ്സുള്ള ഏതുജീവിതത്തിന്റെ പിന്നിലും അടംഗ്യമായ അച്ചടക്കത്തിന്റെ ശക്തികാണും.
— സോഫോക്ലിസ്

25. ദുർബലന് ഭരണാധികാരിബലം, കുട്ടികൾക്ക് കരച്ചിൽ ബലം, മൂഢന് മൗനം ബലം, കള്ളന് അസത്യം ബലം.
— ചാണക്യൻ

BOVAS ABRAHAM
II DC B.Com. Cl. No. 577

# ദൈവസ്നേഹം

ദൈവ സ്നേഹത്താൽ നിറയും പ്രഭാതം
ദൈവസൃഷ്ടിയാൽ നിറഞ്ഞിടും പ്രപഞ്ചം
പ്രപഞ്ചത്തിൽ ദൈവത്തിന്റെ ദിവ്യത്വം കാണാം
എന്തോ ഒന്ന് എത്തിപ്പിടിക്കുവാൻ
തിരക്കു കൂട്ടീടും മർത്ത്യഗണം
പ്രഭാതം മുതൽ പ്രദോഷം വരെ
എന്തിനോ വേണ്ടി തിരക്കു കൂട്ടുന്നവർ
എത്രയോ പേരെ കണ്ടുമുട്ടുന്നു
പിന്നീടവരെയോർക്കുവാൻ കഴിയുന്നില്ല.
ഓർക്കുവാൻ കഴിയുന്നവർ ചിലർ മാത്രം
മനസിന്റെ വേദന ആരോടു പറഞ്ഞിട്ടും
നീറുന്ന ജീവിത പ്രശ്നങ്ങൾ തൻ നടുവിൽ
കഴഞ്ഞീടും മർത്ത്യഗണം
നിൽക്കൂ! ഒന്നു ഞാൻ നിന്നോടു ചോദിക്കട്ടെ
നിന്റെ യാത്രക്കു ലക്ഷ്യമുണ്ടോ സോദരാ
എന്തിനിങ്ങനെ വെമ്പൽ കൂട്ടുന്നു
ഇത്രവേഗം നീ ഓടുന്നതെന്തിന്
സമാധാന ദായകനായ് നിന്നെ
മാറോടണക്കുവാൻ ആരുണ്ട് സോദരാ
ഒന്നു ഞാൻ നിന്നോടു ചൊല്ലീടാം
നിന്നെ സ്നേഹിക്കുവാൻ നിന്നെ കരുതുവാൻ
നിൻ വേദന മാറുവാൻ നിൻ മുറിവുകൾ കെട്ടുവാൻ
മതിയായവൻ അവൻ മാത്രം
അവൻ ആരെന്നു ഞാൻ ചൊല്ലീടാം
കാൽവരിയിലേക്കൊന്നു നോക്കിടു നീ
അവിടല്ലോ ശാന്തി തൻ ഉറവിടം
നിന്നെ അണക്കുവാൻ നിന്നെ സ്നേഹിക്കുവാൻ
ആശ്വാസ ദായകനായെത്തിടും യേശുനാഥൻ
അവൻ താനല്ലയോ ലോകരക്ഷകൻ

BEENA MOL K. K.
Ist PCD Six th batch
Class No: 544

# മായേടത്തി

തെങ്ങുകളും വാഴകളും ഇടകലർന്ന ആ തൊടിയിലൂടെ ഞാൻ നടന്നു. അതാ അവിടൊരു അണ്ണാറക്കണ്ണൻ. ഞാൻ കല്ലുപെറുക്കി എറിഞ്ഞു്, പക്ഷെ കല്ല് മറ്റൊരിടത്തേക്കു് പോയി. നടന്നു് ഞാൻ കുളത്തിന്റെയരികിൽ എത്തി.

അവിടെ ദാ, മായേടത്തിയിരിക്കുന്നു. മായേടത്തി, ഉച്ചയൂണും കഴിഞ്ഞു് വീട് മയങ്ങുമ്പോൾ ഇവിടെ വന്നിരിക്കുക പതിവാണ്. ഞാൻ സന്തോഷത്തോടെ പടവുകൾ ഇറങ്ങി മായേടത്തിയുടെ അടുത്തെത്തി.

“മായേടത്തീ...”

ഞാൻ വിളിച്ചു.

“പോ...ചെക്കാ ഇവിടുന്നു്.” മറുപടി ദേഷ്യത്തോടെ

അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചതു്, മായേടത്തി കരയുകയായിരുന്നു. ഞാൻ ദുഃഖത്തോടെ കുളത്തിന്റെ പടവുകൾ കയറിത്തുടങ്ങി, ഉടനെ,

‘ഉണ്ണീ...’ മായേടത്തിയായിരുന്നു.

കരഞ്ഞുകൊണ്ടു് മായേടത്തി എന്റെയടുക്കൽ ഓടിയെത്തി. എന്നെ കെട്ടിപ്പിടിച്ചു് ഇടത്തെ കവിളിൽ ഉമ്മ തന്നു.

ഉണ്ണിക്കു് എന്നോടു് പിണക്കോണ്ടോ?”

ഞാൻ ഇല്ലെന്ന മട്ടിൽ തലയാട്ടി. എന്റെ പിണക്കമെല്ലാം ആ ഉമ്മയിൽ ലയിച്ചു് ഇല്ലാതായിരുന്നു.

“എന്തിനാ കരയണതു്?”

ഞാൻ ചോദിച്ചു

“അതെന്റെ കുട്ടനു് മനസ്സിലാവില്ല്യാ”

“അതെന്താ...?”

“മോൻ ചെറ്യ കുട്ടിയല്ലേ, ഇനി കുട്ടൻ പൊയ്ക്കോ. അമ്മ അന്വേഷിക്കണുണ്ടാവും.”

ഞാൻ തിരിച്ചു നടന്നു. എനിക്ക് വേഗന്ന് വല്യതാവണന്ന് തോന്നി. എന്നാപ്പിന്നെ മായേടത്തി പറഞ്ഞ് മനസ്സിലാവൂലോ.

ഞാൻ വീട്ടിലേയ്ക്ക് ചെന്നു കയറിയപ്പോഴും അമ്മ അച്ഛനോട് മായേടത്തീടെ കല്യാണക്കാര്യം തിരക്കുന്നതുകേട്ടു. ഇന്നലെ അമ്മ എന്റെ മായേടത്തിയോട് വഴക്കുകൂട്ടുന്നതും മുഖത്തടിക്കുന്നതും ഞാൻ കണ്ടതാണ്.

എന്റെ മനസ്സ് ചില ഊഹാപോഹങ്ങളാം നടത്തി. പക്ഷേ കല്യാണം നടക്കുമ്പോഴും എല്ലാർക്കും സന്തോഷമാണല്ലോ. അപ്പുറത്തെ ലക്ഷ്മിയേടത്തിക്ക് വേളിക്കെത്രയോ മുമ്പേ സന്തോഷം തുടങ്ങിയതാണ്. പക്ഷേ എന്റെ മായേടത്തിക്ക് മാത്രമെന്താ കരച്ചിൽ? അതിന്റെ ഉത്തരം എനിക്ക് കിട്ടിയില്ല. മായേടത്തിയോട് ചോദിക്കാൻ ധൈര്യം വന്നുമില്ല. ഒന്നു ചോദിച്ചതല്ലേ, അപ്പം പറഞ്ഞു മനസ്സിലാവൂലാ, ചെറിയ കുട്ട്യല്ലേന്നൊക്കെ. സത്യമാണോ എന്തോ.

അത്താഴമുണ്ടിട്ട് ഞാൻ അമ്മയോട് ചേർന്ന് ഉറങ്ങാൻ കിടന്നു. പൂമുഖത്ത് അച്ഛനും മററാരൊക്കെയോ ഗൗരവമായി സംസാരിക്കുന്നുണ്ടായിരുന്നു.

അപ്പുറത്തെ മുറിയിൽ മായേടത്തി അപ്പോഴും കരയുന്നുണ്ടായിരുന്നു.

SHINE C. MATHEW
I PDC



To,

ചന്ദ്രലേഖ,
കാതൽദേശം
പെരുവണ്ണാപുരം.

Dayasin Ravi
I PDC

നീ അയച്ച Love Story കിട്ടി. സുഖമോ ദേവീ, തമ്മിൽ തമ്മിൽ ഒരു നോക്കു കാണുവാൻ ഈ വർത്തമാന കാലത്ത് ഭൂമിയിലെ കിരീടമില്ലാത്ത രാജാക്കന്മാർ സമ്മതിക്കുമോ?

ഒരു മെയ്മാസപ്പുലരിയിലെ ഈ തണുത്ത വെളുപ്പാൻകാലത്ത് തലയണമന്ത്രം ചൊല്ലി കൂട്ടിനിളം കിളിയായ് നീ വരില്ലേ. ഒരു സായംസന്ധ്യയിൽ താഴ്വാരത്തിലൂടെ ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടത്തിൽ വഴിയോരക്കാഴ്ചകൾ കണ്ടു നടന്ന സന്ദർഭത്തിൽ കാണാമറയത്ത് നിനക്ക് ചക്കരയുമ്മ തന്നത് ആരും അറിയരുത്. നമ്മളും തമ്മിൽ കണ്ടുമുട്ടിയതിന്റെ മൂന്നാം പക്കം അപ്പൂപ്പന്റെ വീട്ടിൽവച്ച് കാതോട് കാതോരം കിന്നാരം ചൊല്ലിയിരുന്നതും, ഇടവഴിയിൽ ഒരു കാലൊച്ച കേട്ടപ്പോൾ ഞാൻ മതില് ചാടി കിടന്നതും ധിം തരികിട തോം എന്നു വീണതും ആരോടും പറയാതെ. April 18ന് പട്ടണപ്രവേശം നടത്തിയപ്പോൾ അപ്പാൻ എന്ന മാഫിയാ സംഘം അധിപൻ എന്ന കാലാൾപ്പട പോലെ വന്ന് എന്നെ വിചാരണ നടത്തിയപ്പോൾ വെറും വടക്കുനോക്കിയന്ത്രം പോലെ നിന്ന തോൽക്കുമ്പോൾ എനിക്കെന്നും ചിരിയോട് ചിരിയാണ്.

New Year-ൽ നമുക്ക് ദശരഥത്തിൽ കയറി മണിവത്തൂരിലെ ആയിരം ശിവരാത്രി കാണാൻ പോകണം. അവിടെ, മൂന്നാംമുറ പ്രയോഗിക്കാൻ ഒരു CBI ഡയറി കുറിപ്പുമായി ഒരു അങ്കിൾ വരും. വെള്ളാനകളുടെ നാടായ വിയറ്റ്നാം കോളനിയിൽനിന്നും മണിത്താലിയും കൊണ്ട് വിവാഹാനന്തരം നമുക്ക് പാർക്കാൻ മുന്തിരിത്തോപ്പുകൾ ചെറിയ ലോകവും വലിയ മനുഷ്യരും ഉള്ള ഈ ലോകത്തിൽ ഇന്ദ്രജാലങ്ങളുമായി നിന്റെ മുഖം എന്റെ മനസ്സിൽ ഒരു തൂവൽ പക്ഷിയെപോലെ മായാത്ത ചിത്രമായി നിൽക്കണം. നിന്നെ ഒരു നോക്ക് കാണുവാൻ നാടോടിയെ പോലെ ഞാൻ ദേശാടനം ചെയ്യുന്നു. ഒന്നിങ്ങു വന്നെങ്കിൽ ഇത്തിരിനേരം ഒത്തിരി കാര്യങ്ങളുമായി Butterflies-നെ പോലെ ചാഞ്ചാടാമായിരുന്നു.

എന്നെന്നും ഓർമ്മയിൽ മാത്രം. ശേഷം കാഴ്ചയിൽ

സസ്നേഹം,

ഗുരു

# സ്നേഹകാവ്യം

നിന്നുള്ളിൽ പ്രേമത്തിന്റെ തെളിനീരു തിരയുന്നു
എന്നുള്ളിലാനന്ദത്തിൻ സംഗീതമുണരുന്നു,
ദേവാംഗണങ്ങളെ തഴുകിക്കൊണ്ടൊരു
ദേവതയായി നീ വന്നു, എൻ ജീവനിൽ നീ വന്നു.

സപ്തസ്വരങ്ങൾ പാടുമീവേളയിൽ
ദേവീ നിൻ ഗാനാലാപം ശ്രുതിമധുരം,
ആശ്രുതിയിൽ മയങ്ങും ദേവനായ് എന്നെ
നിൻ മനസ്സിൽ ധ്യാനിപ്പതില്ലോ ദേവീ മറന്നീടല്ലേ

മോഹനാംഗിയാം നിൻ ലീലാവിലാസങ്ങൾ
എന്നുള്ളിൽ സ്നേഹത്തിൻ ഗീതമുണർത്തി
ഈ നിമിഷം മുതൽ എൻ മനസിൽ
നിനക്കായി, ഒരു വാടി തുറന്നീടുന്നു.

ശലഭങ്ങളായ് നാം പാറിനടക്കുമ്പോൾ
സ്നേഹമാം മധു നീ എനിക്കു നൽകി
ഈ പ്രേമസങ്കല്പങ്ങൾ ചേതോവിഹാരങ്ങൾ,
ദേവീ നിൻ സ്നേഹം മാത്രം അനശ്വരം

ജോസഫ് ജോൺ
I PDC IInd Batch
No. 155

# ഒരു കൊച്ചു പൂമൊട്ടിന്റെ ദുഃഖം

മോഹത്തിൻ സാഗരം തന്നിലകപ്പെട്ട
അലകടലിൽ മുങ്ങുന്ന എന്നുള്ളിലെപ്പോഴോ
കൈയെത്തുമകലത്തിലെത്തിപ്പിടിക്കുവാൻ
ഒരുകൊച്ചു വൈക്കോൽത്തുരുമ്പു ഞാൻ കാണുന്നു.

രാവിന്റെ അന്ത്യയാമത്തിലെപ്പോഴോ ഞാൻ
അറിയുന്നു കൊച്ചു പൂമൊട്ടിന്റെ വേദന
അതിനുള്ളിലെപ്പോഴും വിടരാൻ കൊതിക്കുന്ന
ഒരുനവ്യ സംഗീതം അലയടിച്ചുയരുന്നു.

ഒരു വിഷുപ്പുലരിയിൽ ജന്മമെടുത്തവർ
കൊച്ചു പൂമൊട്ടിന്റെ സോദരരായുള്ളോർ
അവരോ ഹൃദയത്തിലേറെയുൽഫുല്ലരായ്
വിടരുന്നു ആ വിഷുപ്പുലരിതൻ വേളയിൽ

ഒന്നല്ല, രണ്ടല്ല മൂന്നാണ് പൂക്കളാ
പനിനീർ മലർച്ചെടിയിൽ വിടർന്നു വിലസീടുവോർ
ഉതിരുന്നു കളിതമാശകളും ചിരികളും
മലരേ മനോഹരം ജീവിതം സുന്ദരം

ആമോദ ചിത്തരായ് പരിലസിച്ചീടുന്ന
മലരിന്റെ മുമ്പിലേക്കാരോ വരുന്നുവോ
മധു നുകർന്നീടുവാൻ എത്തുകയാണവർ
അളി തന്നെ മുമ്പിലും പൂമ്പാറ്റ പിന്നിലും

എന്താണവർ തമ്മിലൊരു കൊച്ചു ഭാഷണം
ജീവിതം മധുരതരമെന്നത്രെ നിശ്ചയം
വിഷുവിന്റെ മേളങ്ങളെങ്ങും സമാപിച്ചു
സമയം കടന്നുപോയ് ഇരുട്ടുംകൂടി രാത്രിയായ്

(മറുപുറം)

ചൊല്ലിയെൻ പ്രേമകാവ്യത്തിൽ
പുഞ്ചിരിയോടെ നോക്കി നിന്നവരും
എൻ വാക്കുകൾ നിന്ദിച്ച കേട്ടവരും
എവിടെ എങ്ങോ പോയ് മറഞ്ഞു

സൗന്ദര്യം തേടി പറന്നുപോയി
അഗ്നിയെ ചുറ്റും ശലഭങ്ങളും പോലെ
മാംസനിബദ്ധമല്ല രാഗമെന്ന ആശാൻ
ഈരടികൾ ഓർത്തുവെങ്കിൽ

മഞ്ഞുകണത്തോളം സ്നേഹം കനിഞ്ഞെന്നാ-
ലേകിടാം മാമലയോളവും ഞാൻ
സർവ്വവും കാലം നമിക്കുന്നോരീശ്വര
പ്രേമ ലാവണ്യമെന്നോർത്തുകൊൾക

കാലമാം യവനികക്കുള്ളിൽ മറഞ്ഞ
എൻ അനിയത്തിപ്രാവിൻ ഓർമ്മയ്ക്കായി

Thankachan N.J.
II PDC
II Batch



# എന്റെ
# അനിയത്തിപ്രാവിന്...

സ്നേഹത്തിൻ പൊൻമണി മുത്തുകളായിരം
മേനിയായ് പൂത്തിടും കന്നി വയൽ
ആടിമാടി കരവന വീഥികളിൽ
നിലാവിൽ മങ്ങിയ മരുഭൂമികളിൽ
കാത്തു കാത്തൊരാ അനിയത്തിപ്രാവിനെ
കണ്ടുമുട്ടി ഞാൻ ക്യാംപസിലെവിടെയോ

മുജ്ജന്മ ബന്ധത്തിലെന്നപോൽ നിൻ
മുഖമെന്നിൽ നിറഞ്ഞുനിന്നു.
നീ വളർന്നതും നിന്നിൽ യൗവന
ശ്രീ വിടർന്നതും നോക്കിനിന്നു

നീ ചിരിച്ചുള്ള ചിരിയിൽ സ്നേഹ
മുത്തുകൾ പൊഴിഞ്ഞതും നോക്കിനിന്നു

നിൻ ചെഞ്ചൊടികളിൽ ഒരു മദന ഗീതമായ്
ഓമലേ എൻ മോഹം ഉണർന്നുവെങ്കിൽ
എന്നു ഞാൻ ആശിച്ചോരുഴറി
നടന്നൂ ചോലമരത്തണലിലൂടെ

എൻ മോഹാർദ്ര സ്വപ്നങ്ങളിൽ
നടനമാടും ദേവിയായ് നീ
നന്ദവനത്തിൽ കതിർമണ്ഡപത്തിൽ
നവവധുവായ് നീ വന്നു

ഷാജഹാൻ തീർത്തൊരാ താജ്മഹലും
നിൻ ആശയാൽ തീർത്ത പ്രേമസൗധവും
മാരിവിൽ തീർത്തൊരു മായപ്രപഞ്ചത്തിൽ
നാം ഒന്നായിത്തീരുന്ന ആ നിമിഷം

(മരുപ്പറം)

മരത്തിൽ കണ്ടുള്ളൊരു കൊച്ചു പൂമൊട്ടിനെ
തഴുകിത്തലോടി ഉറക്കാൻ ശ്രമിക്കയായ്
സുഖദ സ്വപ്നങ്ങളെ കൺനിറയെ വീക്ഷിച്ച്
കൺതുറന്നപ്പോഴോ ഹൃദയം തകർന്നു പോയ്

വിഷുവിന്റെ പിറ്റേന്ന് നേരം പുലർന്നപ്പോൾ
അന്തരാത്മാവിലിടിമുഴക്കങ്ങളായ്
കേഴുന്നു കാണുന്നു ആ കൊച്ചു പൂമൊട്ട്
സോദരിമാരുടെ ദയനീയമാമന്ത്യം

മണ്ണിൽ പുതഞ്ഞു കിടക്കുന്നിതളുകൾ
ഓരോ ദളങ്ങളും വാടിക്കരിഞ്ഞുപോയ്
നവ നവ്യ സൗരഭ്യം കാറ്റിൽ പരത്തിയ
സൗന്ദര്യമൊന്നുമേ ഇതിനില്ല നിർണ്ണയം

ഇന്നലെപ്പൂക്കളെത്തഴുകുവാൻ കാറ്റു വന്നു
ജീവിതം സുന്ദരം— കിളികൾ ചിലച്ചു
വിടർന്നു നിന്നീടുന്ന പൂക്കളെ നോക്കിയാ
അണ്ണാറക്കണ്ണനും കുശലങ്ങൾ ചോദിച്ചു

ഇന്നോ ഇതിന്നന്ത്യമെത്ര ദയനീയം
കൊച്ചു പൂമൊട്ടിന്റെ ദുഃഖമനിയന്ത്രിതം
നാളെ ഞാൻ വിടരുമൊരു കൊച്ചു പൂവായ് മാറും
എന്നാലെന്നന്ത്യവുമിതുതന്നെയല്ലയോ

വയ്യെനിക്കെന്നോടെ ജീവിതം തുടരുവാൻ
മരണത്തെപ്പുൽകുവാൻ പൂമൊട്ടു മോഹിച്ചു
വിടരാൻ കൊതിച്ചൊരാ കൊച്ചു പൂമൊട്ടിന്നു
വിടരാതിരിക്കുവാൻ മൂകമായ് കേഴുന്നു.

Siyamol George
II PDC
IV Batch
No. 385

# സ്വാതന്ത്ര്യം

മലമുകളിലെ മാളികവീട്ടിലെ
മഞ്ഞക്കുറിയിട്ട തമ്പ്രാക്കൾ
ഗാന്ധിത്തൊപ്പിയും തലയിൽവെച്ചുകൊണ്ടിവഴി
പോയവർ തമ്പ്രാക്കൾ

മൂവർണ്ണക്കൊടിവെച്ച കാറിലിരുന്നു
തമ്പ്രാന്മാര് വിളിച്ചുപറഞ്ഞു
കോരനും ചീരനും ചാത്തനും നാട്ടിലെ
തെണ്ടികൾക്കൊക്കെയും സ്വാതന്ത്ര്യം

കോരാ, ചാത്താ നിങ്ങളറിഞ്ഞില്ലേ
നമുക്കും നമുക്കും സ്വാതന്ത്ര്യം
തമ്പ്രാന്മാര് പറയണ കേട്ടില്ലേ
നമുക്കും നമുക്കും സ്വാതന്ത്ര്യം

തപ്പുകൊട്ടടീ തകിലുകൊട്ടെടീ
തുമ്പിതുള്ളടീ പെണ്ണാളെ

തമ്പ്രാന്മാര് പറയണകേട്ടില്ലേ
നമുക്കും, നമുക്കും, സ്വാതന്ത്ര്യം

വിശപ്പുകെട്ടിയ കൂടാരങ്ങളിൽ
തളർന്നുറങ്ങും കറുത്ത മനുഷ്യർ
കണ്ണും കാതും തുറക്കൂ നിങ്ങടെ
ചങ്ങലക്കണ്ണികൾ പൊട്ടിച്ചെറിയൂ

പ്രവീൺ കെ. എസ്.
II D. C. Ecos.

ചെറുകഥ

# പാടാതെപോയ ഗാനം

ബോവസ് എബ്രാഹം
II D. C. B Com.

ബെൻസൺ ഇന്ന് പതിവിലും നേരത്തെ ഉണർന്നു. കിടക്കയിൽ നിന്നും എഴുന്നേററ് തലയിണയിൽ ചാരി ഇരുന്നു. മുടിയിൽ മെല്ലെ തടവിക്കൊണ്ട് ചില്ലുജനാലയിലൂടെ പുറത്തേക്ക് നോക്കി. അധികനേരം പുറത്തേക്ക നോക്കിയിരിക്കാൻ അവനെ മനസ്സനുവദിച്ചില്ല മേശയുടെ പുറത്തിരുന്ന പുസ്തകക്കൂട്ടങ്ങളുടെ ഇടയിൽനിന്നും ഒരു കടലാസുകഷണം വലിച്ചെടുത്തു. ഒന്ന് നിവർന്നിരുന്നുകൊണ്ട് കടലാസിൽ എഴുതിയിരുന്ന ഗാനം അവൻ ഈണത്തിൽ പാടി.

മനസിൽ ചിറകുവിരിച്ചെത്തിയ ചിന്തകൾ കടലാസിലെ പിടി അയച്ചു. തന്നിൽനിന്നും പിടിവിട്ടുപോയ കടലാസ് മേശപ്പുറത്തുവച്ച് സ്വപ്നലോകത്തിലേക്ക് അവൻ യാത്രചെയ്തു. ഇന്ന് കോളേജ് ദിനാഘോഷമാണ്. ഒന്നു കലക്കണം! അതുമാത്രം പോരാ താനൊരു ഹീറോയായി വിലസണം. മധുരമായി പാടാനുള്ള തന്റെ കഴിവ് എല്ലാവരെയും ഒന്ന് കാണിക്കുകതന്നെ വേണം. അങ്ങനെ അവരുടെ കൈയ്യടി ഏററുവാങ്ങി കസറണം. തന്റെ ഗാനം എല്ലാവരും കേട്ടില്ലെങ്കിലും അവള് കേൾക്കണം. 'മിനി' തനിക്ക് ഏററവും ഇഷ്ടപ്പെട്ട—തന്റെ പ്രിയങ്കരിയായി... 'മിനിക്കുട്ടി'. താൻ നല്ലൊരു ഗായകനാണെന്നറിയുമ്പോൾ അവൾ തന്നെ ശരിക്കും ഇഷ്ടപ്പെടും! ഗാനം ഇഷ്ടപ്പെട്ടാൽ അവളുടെ പ്രതികരണമെന്താവും? 'കൺഗ്രാജുലേഷൻസ്'' എന്നെങ്കിലും പറയാതിരിക്കില്ല.

'മിനി' അവളെത്ര സുന്ദരിയാണ്. ആ റോസാപുഷ്പത്തെ താനെന്നാണ് ദർശിക്കാനിടയായത്? തന്റെ സുഹൃത്ത് ആദ്യമായി 'മിനി'യെ കാണിച്ചുതന്ന നിമിഷം ബെൻസൺ മുന്നിൽകണ്ടു. 'എന്റെ അയൽപക്കമാ നീ വേണമെങ്കിൽ ഒന്ന് മുട്ടിനോക്ക്'! എന്ന് സുഹൃത്ത് പറഞ്ഞപ്പോൾ തനിക്ക് നിർവ്വികാരതമാത്രം. പിന്നീട് പലപ്പോഴായി താൻ മിനിയെ പരിചയപ്പെടാൻ ക്ലാസിൽ ചെന്നു. അവൾ ഒഴിഞ്ഞു മാറാൻ ശ്രമിച്ചു. പിന്നീട് അവൾ തന്നെ നോക്കുകയും പുഞ്ചിരിക്കുകയും ചെയ്യാൻ തുടങ്ങി സംസാരിക്കുവാൻ ഇതുവരെ സാധിച്ചില്ല അതിന് മാത്രമുള്ള ധൈര്യം തന്നിൽ ഉദയം ചെയ്തിട്ടുണ്ടോ? ബെൻസൺ തന്നോട് ഒരു ചോദ്യം വ്യർത്ഥമായി നടത്തി.

തിളങ്ങുന്ന കണ്ണുകളും സൗമ്യമായ നടത്തവും തന്നെ കാണുമ്പോൾ പുഞ്ചിരിക്കാറുള്ള മുഖവും അവളുടെ ആകാരസൗഷ്ഠവവും തന്നിൽ നിന്നും മായിക്കാനാവുന്നില്ല. അവൾ തന്നെ ഇഷ്ടപ്പെട്ടിരിക്കുമോ? ഇതങ്ങനെയുള്ള പലപ്പോഴും ഉണ്ടാക്കാറുള്ള സാധാരണക്കാരനായി കോളേജിലെത്താറുള്ള തന്നെ അവൾ മനസിൽ

പൂജിച്ചിരിക്കയാണോ? അവരെക്കാളും തനിക്കുള്ള ഒരു യോഗ്യത അവൾ ഒരു പ്രീഡിഗ്രി വിദ്യാർത്ഥിനിയും താൻ അവസാനവർഷ ബിരുദ വിദ്യാർത്ഥിയും ആയിരുന്നു എന്ന മാത്രം. എന്തായാലും തനിക്ക് മിനിയെ ഇഷ്ടപ്പെട്ടു പുതിയ സ്വപ്നങ്ങളുമായി ബെൻസൺ ഇരുന്നു.

വാതിലിൽ മുട്ടിവിളിക്കുന്ന അമ്മയുടെ സ്വരമാണ് ബെൻസനെ ചിന്തയിൽ നിന്നും ഉണർത്തിയത്. മോനെ.... ബെൻസാ ...ഇതാ കാപ്പി ഇന്നെന്താ നീ കോളേജിൽ പോകുന്നില്ലേ? അമ്മയുടെ ചോദ്യം ഉടൻ എത്തി.

'ഇന്ന് കോളേജ് ദിനാഘോഷമാണ്. കോളേജ് വിദ്യാർത്ഥികളുടെ ഗാനമേളയുണ്ട്. അതിൽ പാടാൻ ഞാനൊരു ഗാനം പ്രാക്ടീസ് ചെയ്യുകയായിരുന്നു. ബെൻസൺ ആവേശത്തോടെ പറഞ്ഞു. തിരിച്ചൊന്നും പറയാതെ കാപ്പി മേശപ്പുറത്ത് വച്ച് അമ്മ അപ്പോഴും പോയിക്കഴിഞ്ഞിരുന്നു. വീണ്ടും ആ ഇരുപ്പ് തുടരുവാൻ തോന്നിയില്ല. അവൻ കിടക്കയിൽ നിന്നും എഴുന്നേറ്റ് കോളേജിലേക്ക് പോകുവാനൊരുങ്ങി. അശാന്തമായിരുന്ന മനസ്സിൽ നിറഞ്ഞ മോഹങ്ങളുമായി അവൻ കോളേജിലേക്ക് നടന്നു. കോളേജ് ദിനാഘോഷമായതുകൊണ്ട് ജീൻസും ഷർട്ടുമിട്ട് സുന്ദരനായ തന്നെ മിനി ഒന്നു കാണട്ടെ! കൈയിലുണ്ടായിരുന്ന ബുക്ക് ചുരുട്ടിപ്പിടിച്ചുകൊണ്ട് സഹപാഠികൾക്കിടയിലൂടെ അവൻ ലൈബ്രറിയിലേക്ക് നടന്നു. പ്രതീക്ഷിച്ചതുപോലെ അവിടെ മിനി കൂട്ടുകാരികളുമൊത്ത് കൊച്ചുവർത്തമാനങ്ങൾ പറഞ്ഞിരിക്കുന്നു. തിളങ്ങുന്ന നീലനിറമുള്ള ചുരിദാറുമിട്ട് കൂട്ടുകാരികളോടൊപ്പം ചിരിച്ചിരിക്കുന്ന മിനിയെ കണ്ടപ്പോൾ ബെൻസന്റെ നയനങ്ങൾ വിടർന്നു. അല്പനേരം അവളെ നോക്കി നിന്നു. 'മിനിക്കുട്ടി' ഒന്നു പുഞ്ചിരിക്കുക മാത്രം ചെയ്തു.

ലൈബ്രറിയിൽ നിന്നെടുത്ത വാരികയിലെ ഇഷ്ടനോവൽ വായിച്ച് അവൻ അല്പനേരമിരുന്നു. പിന്നീട് മുഖമുയർത്തിനോക്കിയപ്പോൾ താനും പുസ്തകങ്ങളാൽ നിറയപ്പെട്ട അലമാരകളും ചില സ്റ്റാഫംഗങ്ങളും മാത്രം ലൈബ്രറിയിൽ ശേഷിച്ചിരുന്നു. മിനിയും കൂട്ടുകാരികളും പോയിക്കഴിഞ്ഞു.

മുകളിലത്തെ നിലയിൽ കോളേജ് ദിനാഘോഷങ്ങളുടെ ഉദ്ഘാടനവും വിദ്യാർത്ഥികളുടെ ആരവങ്ങളും നടക്കുമ്പോഴും അവന്റെ ചിന്തകൾ 'മിനിക്കുട്ടി'യിൽ നിറഞ്ഞു നിന്നു.

സമയം ഇഴഞ്ഞ് നീങ്ങിക്കൊണ്ടിരുന്നു. കോളേജ് വിദ്യാർത്ഥികളുടെ ഗാനമേള ആരംഭിക്കുകയായി. കോളേജിലെ മ്യൂസിക് ക്ലബ്ബ് അംഗങ്ങളോടൊപ്പം വേദിയുടെ പുറകിലെത്തിയ ബെൻസൺ സദസ്യരെ ആകമാനം വീക്ഷിച്ചു. തന്റെ സഹപാഠികൾ — അദ്ധ്യാപകർ — എവിടെ അവൾ... തന്റെ പ്രിയപ്പെട്ട മിനി — വേദിയുടെ തൊട്ടുമുമ്പിൽ ആരാധനാ മനോഭാവത്തോടെ പുഞ്ചിരിക്കുന്ന മുഖവുമായി മിനി കൂട്ടുകാരികളോടൊപ്പം ഇരിക്കുന്നതുകണ്ടപ്പോൾ അവനൊന്നു നെടുവീർപ്പിട്ടു 'ഭാഗ്യം.' തന്റെ ഗാനം കേൾക്കുവാനവളെത്തിയല്ലോ. താൻ മധുരമായി പാടുമെന്നുള്ളത് അവളറിഞ്ഞിട്ടുണ്ടാവില്ല. തന്റെ ഗാനം 'മിനിക്കുട്ടി' ഇഷ്ടപ്പെടാതിരിക്കില്ല. അവൾക്കു മാത്രമല്ല എല്ലാവർക്കും ഇഷ്ടപ്പെടും. അവൻ അഭിമാനം കൊണ്ടു് തന്റെ കഴിവ് കാട്ടാനുള്ള... കയ്യടിയേറ്റുവാങ്ങാനുള്ള വേദി... കോളേജിന്റെ അഭിമാനമായ ഗായകനാകാനുള്ള... സുവർണ്ണനിമിഷം... ഗാനാലാപനത്തിനായി വേദിയിലെത്തിയപ്പോഴും

നെയ്തുകൂട്ടിയ സ്വപ്നങ്ങൾ അവനെ അനുഗമിച്ചിരുന്നു.

പ്രതീക്ഷയുടെ ഏതോ നിമിഷങ്ങളിൽ ബെൻസന്റെ ഗാനം ആരംഭിച്ചു. വിധിയുടെ കടന്നുകയറ്റം ഗാനത്തിന്റെ ഈണത്തിന് കോട്ടംസംഭവിപ്പിച്ചിരുന്നു. സിരകളിൽ ഒരു പടർന്നുകയറ്റം..... ഒരു നിമിഷം! കൈകൾ വിറയ്ക്കുന്നു... കാലുകൾ ഉറയ്ക്കാത്തതുപോലെ.... തന്നെ താൻ നിയന്ത്രിച്ചുകൊണ്ട് അവൻ ഗാനം വീണ്ടും പാടുവാൻ ശ്രമിച്ചു ശബ്ദം പുറത്തേക്ക വരുന്നില്ല... സദസ്യർ കൂവുന്നു. ചിലർ 'ഇറങ്ങിപ്പോടാ' എന്നു കമന്റടിക്കുന്നു ...പെൺകുട്ടികൾ പുച്ഛിച്ച് ചിരിക്കുന്നു....തന്റെ എല്ലാമായ മിനിക്കുട്ടി പോലും പരിഹസിച്ചു ചിരിക്കുന്നു. സർവ്വശക്തിയും സംഭരിച്ച് അവൻ ഉള്ളിൽനിന്നും പുറത്തേക്ക ഗാനത്തെ സൃഷ്ടിക്കുവാൻ നോക്കി. തന്റെ നാവുകൾ ബന്ധിക്കപ്പെട്ടിരിക്കുന്നു. ബെൻസനെന്ന കൊച്ചു കലാകാരൻ പരാജയപ്പെട്ടിരിക്കുന്നു. ഉറയ്ക്കാത്ത ചുവടുകളുമായി അവൻ വേദിയിൽനിന്നും പിൻവാങ്ങി. വിയർപ്പൊഴുകിയ മുഖം തുടച്ച് നിർജ്ജീവമായ മനസ്സുമായി അവൻ കോളേജ് വരാന്തയിലൂടെ നടന്നു. അപ്പോഴും കൂവലും പരിഹസിച്ചുള്ള ചിരിയും അവനെ പിൻതുടർന്നു. നിശ്ചലമായ മനസ്സിനോട് അവൻ ചോദിച്ചു. തന്റെ നാവിനെന്തുപറ്റി?....വിധി—തന്നോട് എന്ത് ക്രൂരതകാട്ടിയിരിക്കുന്നു. തന്റെ പ്രതീക്ഷകളെല്ലാം മരിച്ചിരിക്കുന്നു. വിധി ഒരു വശംതളർന്ന രോഗിയാക്കി ബെൻസനെ മാറ്റിക്കഴിഞ്ഞിരുന്നു, കിടക്കയിൽകിടന്ന് പാടാത്ത ഗാനത്തെ പറ്റി ബെൻസൺ ഓർത്തു. 'മിനിക്കുട്ടി' വേണ്ടായിരുന്നു ഒന്നും വേണ്ടിയിരുന്നില്ല. അപ്പോഴും 'പാടാതെപോയ ഗാനം' പല കഷണങ്ങളായി കാറ്റിൽ പറക്കുന്ന രംഗം അവന്റെ കണ്ണുകളെ ഈറനണിയിച്ചു.



# രണ്ടാം ജന്മം

ജൈത്രയാത്രയ്ക്കൊരന്ത്യയാമം
നിശയുടെ ഇരുളം നീക്കാൻ
യാതനകളകറ്റാൻ
നമുക്കൊരപ്സര രാജകുമാരി

ദൈവപുത്രി നമ്മെ വിട്ടകലുന്നുവോ
കൂടുവിട്ടകലുന്ന പക്ഷിയെപ്പോലെ
മാലാഖയായ് നിന്നൊരു കാൽവരിക്കുന്നേ
നീയെൻ സഖിയെ കവർന്നെടുക്കുന്നുവോ?

സുസ്മേരവദനേ സ്വപ്ന വർണ്ണാങ്കിതേ
നിനക്കെന്റെ താരാട്ട് ഞാൻ
ഞാനോ നികൃഷ്ടനാം ഭാഗ്യാന്വേഷി
എന്നോട് പിണങ്ങല്ലേ കളിക്കുടുക്കേ

നിൻ പുഞ്ചിരി പൂക്കൾതൻ വശ്യതയിൽ
ഞാനോർത്തുപോകുന്ന രാധ മാധവരെ
അമ്പലപ്പൂവോ നീയാമ്പൽപ്പൂവോ
ചെമ്പകഗന്ധിയോ അപ്സരസ്സോ?

ദേവലോകശില്പിയാം മല്ലീസായകൻ
തന്നയല്ലോ നിന്റെ രൂപഭംഗി
കുബേര പുത്രീ നിൻ തങ്കവെളിയിൽ
തഴുകിയാലെ എനിക്ക് നിർവൃതിയാകൂ....

നീ നന്ദനവനിയിലെ രാജ്ഞിയോ
അതോ ഗോസലകലത്തിലെ സുന്ദരിയോ
എന്നെ മദിച്ചൊരു അപ്സരസ്സേ
ഞാനൊരു ഹംസത്തെ നിനക്കയയ്ക്കട്ടെ?

**HARIKUMAR** II D. C. Ecos

ചെറുകഥ

# നിനക്കുവേണ്ടി മാത്രം...

വിനോദ് കെ. ജെ. I P.D.C.

തുറന്നിട്ട ജാലകത്തിലൂടെ വിദ്യ തിമിർത്തുപെയ്യുന്ന മഴയെ നോക്കിനിന്നു. മഴത്തുള്ളികൾ ഇലകളിൽ വീഴുന്ന ശബ്ദം ഒരു സംഗീതം പോലെ അനുഭവപ്പെട്ടു. കാററത്ത് മരങ്ങൾ മാദകയെപ്പോലെ ആടിക്കുഴയുന്നു.

''വിദ്യേ, ഞാൻ മഴയെ പ്രേമിക്കുന്നു അത് എന്റെ ആത്മാവാണ്''' ഉണ്ണ്യേട്ടന്റെ വാക്കുകൾ.

''ഒ. ഉണ്ണ്യേട്ടന് കിറുക്കാ''

'കിറുക്കല്ല, സത്യം സുന്ദരിയായ ഒരു മാലസയെപോലെ ഇവളെന്നെ മോഹിപ്പിക്കുന്നു. എന്റെ പ്രതീക്ഷകൾക്ക് മഴത്തുള്ളിയുടെ വെമ്പലാണ്, എന്റെ ദാഹത്തിന് മഴയുടെ ആർജ്ജവമാണ്''

''അപ്പോ, എന്നെ മറന്നോ?''

''ഇവൾ എന്റെ രോമകൂപങ്ങളെ ഉണർത്തി എന്റെ ആവേശത്തെ ജ്വലിപ്പിക്കുന്നു

'ഞാനും ഉണ്ണ്യേട്ടന്റെ മഴത്തുള്ളിയായിക്കോട്ടെ''

'നീയൊരു മഴത്തുള്ളിയായി എന്നെ തഴുകണം ഒരു മഞ്ഞുകണമായി എന്നെ കുളിരണിയിക്കണം. ഒരു വായുകണമായി എനിക്കു ജീവൻ നല്കണം.'

'എന്നിട്ട് നമ്മൾ എന്തു ചെയ്യും'

'എന്റെ ചൂടുകൊണ്ട് ധാരാളം മഴത്തുള്ളികൾ നിർമ്മിക്കും'

'അവർ നമ്മുടെ ദാഹത്തിന്റെ പ്രതീകങ്ങളായിരിക്കും അല്ലേ.'

'അതെ, നീയെന്നെ തഴുകിയതിന്റെ നീയെന്നെ കുളിരണിയിച്ചതിന്റെ, നീയെനിക്കു ജീവനേകിയതിന്റെ ഫലമായിരിക്കും അവ.'

'അതെ, നമുക്ക് മാത്രം അവകാശപ്പെട്ട സ്വപ്നം?'

'ആ സ്വപ്നത്തിന് നിറമുണ്ടോ?'

'ഉണ്ട് മഞ്ഞിന്റെ നിറം'.

'അതിന്റെ ഗന്ധം അറിയുന്നുണ്ടോ?'

'എന്റെ ആത്മാവിനെ മയക്കുന്നതാണാഗന്ധം'

'എനിക്കും ആ ഗന്ധം ആസ്വദിക്കണം.'

'അതിന് നീയെന്നെ തഴുകിയില്ല, നീയെന്നെ കുളിരണിയിച്ചില്ല നീയെനിക്ക് ജീവനേകിയില്ല'

'ഇപ്പോൾ എന്റെ രക്തം തിളയ്ക്കുന്നു'

'അതിന് സമയമായില്ല.'

'ഇനിയും എത്ര വൈകും'

'നീ മഴത്തുള്ളിയാകുന്നതുവരെ'

'ഞാൻ മഴത്തുള്ളിയായാൽ എന്നെ ദാഹത്തോടെ പാനം ചെയ്യില്ലേ'

'തീർച്ചയായും.'

'ആ മഴത്തുള്ളി പററിപ്പോകുമോ?'

ഇല്ല, ഒരിക്കലുമില്ല. അതാണ് എന്റെ ആത്മാവിനെ പച്ചപിടിപ്പിക്കുന്നത്''

'ആ പച്ചപ്പിൽ ലില്ലിപൂക്കളുണ്ടാകുമോ?'

'എല്ലാ പൂക്കളുമുള്ള സ്വർഗ്ഗവാടിയായിരിക്കും അത്'''

അവിടെ മാലാഖമാരുണ്ടോ?''

''അവിടെ മഞ്ഞിന്റെ നിറമുള്ള ചിറകുള്ള മാലാഖമാരുണ്ട്.''

'അവർ നമുക്ക് കാവൽ നില്ക്കുമോ?

'നമ്മളെ മലർശയ്യയിൽ കിടത്തിയിട്ട് അവർ വെളിയിൽ കാവൽ നില്ക്കും.'

'അവിടെ സ്വർഗ്ഗീയഗാനം ഉണ്ടാകുമോ?'

'നമ്മളിൽ നിന്ന് പുത്തൻ സ്വർഗ്ഗീയഗാനങ്ങൾ ഉണ്ടാകും.'

'അതിൽ നമ്മൾ മയങ്ങുമോ?'

'നമ്മുടെ ഗാനങ്ങൾകേട്ട് പുതിയ മാലാഖമാരുണരും. അവർക്ക് മഞ്ഞിന്റെ നിർമ്മലതയായിരിക്കും.'

'ഉണ്ണ്യേട്ടാ, നമ്മൾ ഇപ്പോൾ എവിടെയാണ്''

'നമ്മൾ ആകാശനീലിമയിൽ''

'എന്നാണ് നമ്മുടെ സ്വപ്നം വിധിയാകുന്നത്'

'അറിയില്ല'

'ഉണ്ണ്യേട്ടന് മോഹിക്കുന്നില്ലേ?'

അതിന് സമയമായില്ല.

'ഞാൻ എത്രനാൾ കാത്തിരിക്കണം?'

'നീ മഴത്തുള്ളിയാകുന്നതുവരെ'

'ഞാൻ കാത്തിരിക്കും.'

സംസാരിച്ചുകൊണ്ടിരുന്നപ്പോൾ തങ്ങളെ മഴ നനയിച്ചിരുന്നു. മഴമൂലം വസ്ത്രങ്ങൾ ശരീരത്തോട് ഒട്ടിപ്പിടിച്ചിരുന്നു. വിദ്യയ്ക്ക് നാണമായി അവൾ ഇരുകൈകളും മാറത്ത് ചേർത്തു പിടിച്ചു അന്ന് ആ മഴമുഴുവൻ നനഞ്ഞ് അവർ സംസാരിച്ചു.

മഴ എപ്പഴോ കുറഞ്ഞിരുന്നു വിദ്യ അതൊന്നും അറിഞ്ഞില്ല. ക്ലോക്കിൽ മണിമുഴങ്ങിയപ്പോൾ അവൾ തെല്ലൊന്നു ഞെട്ടി സമയം ആറായി ആറരയാകുമ്പോൾ അമ്പലത്തിൽ സന്ധ്യാപൂജയ്ക്കായി നട തുറക്കും. ഇത്തിരി വേഗം നടന്നാൽ പത്തുമിനിറ്റുകൊണ്ട് അമ്പലത്തിൽ എത്താം.

അനിയത്തി മാധവിയേയും കൂട്ടി അവൾ അമ്പലത്തിലേക്ക് നടന്നു.

ഉണ്ണിയുടെ പിറന്നാളും അടുത്തുവരികയാണ്. സ്വർഗ്ഗീയഗാനം ആലപിച്ച് മാലാഖമാർ തങ്ങളെ വരവേൽക്കുകയാണ്. അവർ അവിടെ തങ്ങൾക്കായി കിടപ്പറയൊരുക്കി കാത്തിരിക്കുകയായിരിക്കും

താനിപ്പോൾ മഴത്തുള്ളിയായിരിക്കുന്നു. ഇനി തനിക്ക് ഉണ്ണ്യേട്ടനെ തഴുകാം, കുളിരണിയിക്കാം. ജീവൻ നല്കാം. അങ്ങനെ പുതിയ മഴത്തുള്ളികളും, പുതിയ ഗാനവും, പുതിയ മാലാഖമാരും ഉണ്ടാകും.

തൊഴുത് ഇറങ്ങിയപ്പോൾ അവൾ സ്വപ്നത്തിന്റെ നിറം കണ്ടു. മഞ്ഞിന്റെ ഗന്ധമറിഞ്ഞു.

''ചേച്ചി എന്തിനാ ഉണ്ണ്യേട്ടന്റെ പേരിൽ പുഷ്പാർച്ചന കഴിച്ചത്.'' മാധവിന്റെ കണ്ണുകളിൽ ഭീതിയുടെ നിഴലാട്ടം ഉണ്ടായിരുന്നു.

വിദ്യ നാണത്തോടെ പുഞ്ചിരിച്ചതു മാത്രമേയുള്ളൂ. മാധവിന്റെ നേരെ നോക്കുവാൻ അവൾക്ക് ജാള്യതതോന്നി.

പടവുകൾ ഓരോന്ന് ഇറങ്ങുമ്പോഴും വിദ്യയുടെ മുഖത്ത് ഭാവങ്ങൾ മാറിമറിയുന്നത് മാധവി ശ്രദ്ധിച്ചു

''ഉണ്ണ്യേട്ടാ. നില്ക്കൂ— ഇതാ ഞാൻ മഴത്തുള്ളിയായി... ''

വിദ്യ പുലമ്പി. അതൊരു അലർച്ചയായി അതൊരു തേങ്ങലായി

ഉണ്ണ്യേട്ടൻ ആകാശക്കോണിലെ അനന്തതയിൽ അവൾക്കായി മലർശയ്യ വിരിച്ച് കാത്തിരിക്കുന്നു

ജനങ്ങൾ വിദ്യയെ രൂക്ഷമായി നോക്കി സഹതാപത്തോടെ മൂക്കിൽ വിരൽ വച്ചു.

''കുട്ടിയ്ക്ക് ഭ്രാന്താ ചങ്ങലയ്ക്കിടകാ വേണ്ടേ''

# സ്വപ്നരഥങ്ങൾ തേടി

അസ്തമിക്കാത്ത നിൻ ഓർമ്മകൾതൻ കണങ്ങൾ
മനസ്സിൻ കോണിൽ മയങ്ങീടവേ
ആ മങ്ങിയ സ്വപ്നങ്ങളെ തൊട്ടുണർത്തുമീ
ദുഃഖസാന്ദ്രമാം.... ഏകാന്തതകിനിയുമീതമസ്സും
അവയെൻ അകതാരിൽ ഊഷ്മളമാം കവിതപോൽ
ഉയർത്തെഴുന്നേൽപ്പിനായി കാത്തുനിന്നിടുന്നു
ആ ദുഃഖസ്മൃതികൾതൻ വാതായനങ്ങൾ
തുറപ്പൂ ... അറിയാതെ .... ഞാനാ സ്വപ്നരഥത്തിലേറി
കനവുകൾതൻ കൂട്ടുകാരിയായി
നിൻ വിഷാദ സുന്ദരമാം വദനവും
സ്വപ്നം മയങ്ങും മിഴികളും
എന്നിൽ ചിറ്റോളങ്ങൾ സൃഷ്ടിക്കവേ
കാലത്തിൻ കേളി നടനങ്ങളിലെപ്പോഴോ
അറിയാതെ നീയെൻ പ്രിയ സഖിയായി
ഒരുകൊച്ചു സൗഹൃദത്തിൻ തൂവൽസ്പർശമായി വന്നതും
സ്നേഹത്തിൻ മന്ദമാരുതനായി
സന്തോഷമലയടിക്കും ദിനങ്ങൾ പൊരിഞ്ഞതും
വെറും മിഥ്യയോ.... മിഥ്യകൾ തൻസീമകൾ തേടി
ഞാനലയുന്നു

ദുഃഖങ്ങളാം ബന്ധനങ്ങൾ തൻ ഭാണ്ഡങ്ങൾ
ഉലയ്ക്കമീ ഭ്രാന്തമാം മനസ്സിൽ
മഞ്ഞിൻകുളിരണിയിച്ച പ്രിയ സഖി
കാലപ്രവാഹത്തിൽ തെന്നി.... തെന്നി നാം നീങ്ങവേ
പുത്തൻതുരുത്തുകൾ തേടിയലയും പ്രയാണത്തിൽ
ഇടർച്ചകൾതൻ സ്പന്ദനങ്ങൾ നാം അറിഞ്ഞതില്ലേ ?
കാലചക്രത്തിൻ അടിയിലമർന്ന്
കൊഴിഞ്ഞുവീഴുമീ ബന്ധങ്ങളിൽനിന്നു-
തവാകം നൈമിഷികമാം— യാന്ത്രിക ബന്ധങ്ങൾ
ആ ബന്ധനങ്ങൾക്കിടയിൽ പകച്ചുനിൽക്കുമീ
എൻമുൻപിൽ

മിഥ്യകൾ നഗ്നനൃത്തമാടീടവേ
മിഥ്യകൾതൻ പൊരുൾതേടിയലയും എന്നെ
നീ അവയുടെ അർത്ഥങ്ങൾ പഠിപ്പിച്ചു
അകലുന്നമനസ്സിൻ തലങ്ങളിൽനിന്നു-
യരുമീ തേങ്ങലിൻ അലകളിൽ
നാം ...അലയുന്ന തോണികളായി
പുതിയ അർത്ഥതലങ്ങൾ തേടി....
സ്വപ്നരഥങ്ങൾ....തേടി.... അലയുന്നു ഞാൻ
ഏകാകിനിയായ്

Praveena Celestine I D. C. Bot.

# എന്തിന് ?

എന്തിനു മാനം കരയുന്നു
ഇടിനാദം കൊണ്ടലറുന്നു
കാപ്പിരി വർണ്ണം പൂണ്ടൊരു
മുകിൽനിര കണ്ണീർതൂവി കേഴുന്നു?

എന്തിനു കാറ്റുപരിക്കുന്നു
കദനം പൂണ്ടു കലങ്ങുന്നു
കടലിൽ നെടുവീർപ്പെന്ന കണക്കി-
കരയിലലഞ്ഞു തിരിഞ്ഞു നടക്കുന്നു?

എന്തിനു കതിരോൻ താഴുന്നു
കതിരിൻ ചോരകലക്കുന്നു
ചെന്നിണമൊഴുകും കടലിൻനടുവിൽ
ചെന്നുമരിക്കുവാൻ മുങ്ങുന്നു?

എന്തിനു തിങ്കം കേഴുന്നു
വിളറിവെളുത്തു നടക്കുന്നു
വാനമേഘത്തിൻ കണ്ണുതുടയ്ക്കാൻ
മുകിലാംകൈലേസേന്തുന്നു?

എന്തിനു ഉഗ്രക്കരം തെട്ടുന്നു
വാനിൽനിന്നു വിറക്കുന്നു
പൊടിയും വിയർപ്പും കലർത്തി-
കിരണം മണ്ണിലേക്ക് പൊഴിക്കുന്നു?

വഞ്ചന മുന്നിലുയർന്നിട്ടോ,
വൻചതി പത്തിവിരിച്ചിട്ടോ?
ക്രൂരത നാട്ടിലുയർന്നിട്ടോ
കള്ളന്മാർ നാടുഭരിച്ചിട്ടോ?

Prince N. C. I P. D. C.

# കൈവിട്ടുപോയതും കാത്ത്...

രാജേഷ് മോഹനൻ II P. D. C.

ഉദയസൂര്യന്റെ നേർത്ത കിരണങ്ങളിൽ ആരാമത്തിലെ പുഷ്പങ്ങളിൽ പറ്റിയിരിക്കുന്ന മഞ്ഞുകണങ്ങളും മഴവില്ലിന്റെ നിറംപോലെ തിളങ്ങുന്നു. ഇളംകാറ്റിൽ ഇളകിയാടുന്ന പൂക്കളുടെ സുഗന്ധം എങ്ങും പരക്കുന്നു. 'അള്ളാഹു'വിനെ മനസ്സിൽ ധ്യാനിച്ച് 'ആമിനുമ്മ' തൊടിയിലേക്കിറങ്ങി. അവർക്ക രാവിലെ മുതൽ ധൃതിപിടിച്ച ജോലികളാണ്. മക്കൾ ഉണരുമ്പോഴേക്കും അവർ അത്യാവശ്യം പണികളും തീർത്തിരിക്കും. നാട്ടുകാർ അവരെ സ്നേഹപൂർവ്വം 'അത്താ' എന്നേ വിളിക്കാറുള്ളു. അത്രയ്ക്ക് സ്നേഹമയിയാണ് അവർ. സ്നേഹിക്കാൻ മാത്രം അറിയാവുന്ന ഹൃദയത്തിനുടമയാണവർ.

''ഉമ്മാ — ഉമ്മാ ഇങ്ങോട്ട് ഒന്ന് വന്നേ'' ബഷീറ് നീട്ടി വിളിച്ചു. ആമിനുമ്മയുടെ മൂത്തമകനാണ് ബഷീർ. ആമിനുമ്മ വേഗം അകത്തേയ്ക്കു നടന്നു.

''എന്താണ്ടാ ബഷീറേ, രാവിലെ കിടന്നലറണത്'' 'ഉമ്മാ, വേണുന് കാപ്പികൊടുത്തോ''?

''ഇല്ലെടാ ഓൻ നല്ല ഉറക്കത്തിലായിരുന്നു ശല്യപ്പെടുത്തേണ്ടെന്ന് വിചാരിച്ചു''

''ഉമ്മാ എന്തു പണിയാ കാണിച്ചെ, വേണുന് രാവിലെ കാപ്പികൊടുക്കണമെന്ന് അറില്ലേ! ഇങ്ങട് തരൂ ഞാൻ കൊടുക്കാം.' 'ബഷീർ' കാപ്പിയുമായി വേണുവിന്റെ മുറിയിലേക്ക നടന്നു.

'ആമിനുമ്മ' മകനെ നോക്കി അഭിമാനം കൊണ്ടു. തറവാട്ടിൽ വേലയ്ക്കുനിന്നിരുന്ന വാല്യക്കാരി മരിക്കുമ്പോഴും തന്റെ കൈപിടിച്ചേൽപ്പിച്ചതാണ് വേണുവിനെ. ആ കൊച്ചുകുട്ടിയിൽനിന്ന് അവൻ എത്ര ദൂരം മുന്നോട്ടുപോയിരിക്കുന്നു. നാട്ടിൽ ഇതിന്റെ പേരിൽ എത്ര കോലാഹലങ്ങളാ അരങ്ങേറിയത്. 'ഹിന്ദു'വിന്റെ മകനെ 'മുസ്ലീം' വളർത്തുന്നത് തൊപ്പിവെച്ച സംസ്കാരത്തിനു രസിച്ചില്ല. അവസാനം തറവാട്ടിൽനിന്ന് ആട്ടിയിറക്കിയപ്പോഴും 'വേണും', ബഷീറും തനിക്ക് സ്വന്തം മക്കളായിരുന്നു. ആരോടും താൻ വേർതിരിവ് കാണിച്ചിരുന്നില്ല. ബഷീറിനും അങ്ങനെതന്നെയായിരുന്നു. ഇന്നും അങ്ങനെ തന്നെയാണ് രണ്ടുപേരും.

'ഉമ്മാ എന്താ ആലോചിക്കുന്നത്'?' വേണുവിന്റെ ശബ്ദം ഉമ്മയെ ചിന്തയിൽ നിന്നുണർത്തി.

''അല്ലാ എന്താണ് മോനേ, ഇന്ന് എണീക്കാൻ വൈകിയോ''?

'വേണു പൂജാമുറിയിലായിരുന്നു'

''ആഹാ! ഇന്നെന്താണ് മോനേ വിശേഷിച്ച്'' പെട്ടെന്ന് വേണുവിന്റെ മുഖം വാടുന്നത് ഉമ്മ ശ്രദ്ധിച്ചു.

''ഉമ്മാ, അന്ന് എന്നെ ഉമ്മയുടെ കൈകളിൽ ഏൽപ്പിച്ചിട്ട് പിരിഞ്ഞുപോയ എന്റെ അമ്മയുടെ പിറന്നാൾ ദിവസമാ ഇന്ന്. അത് ഞാൻ ഒരിക്കലും മറക്കാറില്ല

''എല്ലാം വിധിയാണ്ടാ മോനേ, പടച്ചോന്റെ ഓരോ ഇടപാടുകള്''

''അതെ ഉമ്മാ പടച്ചോൻ കരുണയുള്ളവനാ. അല്ലെങ്കിൽ എവിടെയെങ്കിലും, അനാഥാലയത്തിൽ, വളരേണ്ടിയിരുന്ന എനിക്ക്, സ്വന്തം മകനെപ്പോലെ എന്നെ സ്നേഹിക്കുന്ന ഉമ്മായെ ലഭിക്കുമായിരുന്നോ?

എന്നെ അനുജനായി സ്നേഹിക്കുന്ന എന്റെ ഇക്കായെ എനിക്ക് ലഭിക്കുമായിരുന്നോ? വേണുവിന്റെകണ്ണുകളും നിറഞ്ഞുതുളുമ്പി ഒപ്പം ഉമ്മയുടെയും, ബഷീറിന്റെയും.

"അതൊക്കെ പോട്ടെ. ഓഫീസിൽ പോകാൻ നേരമായി ഞാൻ റെഡിയാകട്ടെ"

വേണു വേഗം തെങ്ങിയിറങ്ങി ഉമ്മ ചോദിച്ചു "മോനിപ്പോൾ ഓഫീസിൽ ഭയങ്കര തിരക്കാണല്ലേ?"

"അതെ ഉമ്മാ ഭയങ്കരതിരക്കാ. ഇപ്പോൾ എം. ഡി യായിട്ട് പ്രമോഷനും കിട്ടില്ലേ?"

"മോനേ എത്ര ഉയരത്തിലായാലും വന്നവഴി മറക്കരുത്."

"ഇല്ല ഉമ്മാ എന്നെ ഇന്നത്തെ ഞാനാക്കിയ എന്റെ ഉമ്മയോടുള്ള കടപ്പാട്, ഞാനൊരിക്കലും മറക്കില്ല ഈ ലോകത്ത് എനിക്ക് കടപ്പാടുണ്ടെങ്കിൽ അത് ഉമ്മയോടു മാത്രമാണ്"

"ഇല്ല മോനേ പടച്ചോനോടുള്ള കടപ്പാട് മാത്രം മതി അതൊരിക്കലും മറക്കുകയും ചെയ്യരുത്. വേണു ഓഫീസിൽ പോകാൻ ഇറങ്ങി. ഒപ്പം ബഷീറും അവരുടെ പോക്ക് നോക്കി ആമിനുമ്മ അഭിമാനംകൊണ്ടു.

നാട്ടിലെ പഴമക്കാരായ മുസ്ലീം പ്രമാണിമാർക്ക് ആമിനുമ്മയുടെ വേണുവിനോടുള്ള പെരുമാററം അത്രയ്ക്ക് പിടിച്ചിരുന്നില്ല. പണ്ടുമുതലുള്ള അവരുടെ അനിഷ്ടത്തിനു മൂർച്ച കൂടുകയായിരുന്നു. ബഷീറിനേയും, വേണുവിനേയും ആമിനുമ്മയിൽ നിന്നും അകററാൻ അവർ പഠിച്ച പണി പതിനെട്ടും നോക്കി ഒരിക്കൽ അവർ 'ബഷീറിനോടിക്കാര്യം പറയുകയും ചെയ്തു ബഷീറിന്റെ സ്നേഹം, സ്വത്തും, എല്ലാം വേണു തട്ടിയെടുക്കുന്നു എന്നാണ്'. അവർ ബഷീറിനോടു പറഞ്ഞത്. പക്ഷെ ബഷീറിന് ദേഷ്യമാണു വന്നത്. അവരോട് പുച്ഛത്തോടും, ദേഷ്യത്തോടും, അവൻ മറുപടി കൊടുത്തു.

"ഉമ്മച്ച് ഞങ്ങൾ രണ്ടാളും, ഇല്യതാങ്ങടെ കണ്ണിൽ അല്ലാനൊണെങ്കിൽ ആ കണ്ണുകൾ മൂടിയേക്ക. നിങ്ങടെ തലയിലെ നാറിയ തൊപ്പിയും, ദുഷിച്ച മനസ്സും വൃത്തിയാക്കാൻ നോക്ക്" ബഷീറിന്റെ പരുക്കൻ ശബ്ദത്തിനു മുമ്പിൽ അവർ ചൂളിപ്പോയി. എങ്കിലും, എന്തോ തീരുമാനിച്ചുറപ്പിച്ച പോലെയാണ്, അവർ മടങ്ങിയത്

അന്ന് വേണുവിനെ കാത്ത് ഒരു കത്ത് കിടപ്പുണ്ടായിരുന്നു. വേണു ഓഫീസിൽ നിന്നു വന്നതേ ഉമ്മാ കത്ത് അവനു നൽകി. കത്ത് പൊട്ടിച്ചു വായിച്ച വേണുവിന്റെ മുഖത്ത് വിവിധ ഭാവങ്ങൾ മിന്നിമറയുന്നത് ഉമ്മ കണ്ടു. "ആരുടെ കത്താ മോനേ അത്" ഉമ്മ ചോദിച്ചു.

'ഉമ്മാ; ഞാൻ പറയാറില്ലേ 'ഗൗരി' യെപ്പററി അവളുടെ കത്താണിത്. അവളുടെ അച്ഛൻ മരിച്ചുപോയിന്നു"

"മോളെ ഇവിടെ കൊണ്ടുന്ന് പാർപ്പിക്കത്തില്ലേ നിനക്ക് മോളുവിടെ ഒററയ്ക്കല്ലേ"

"ഉമ്മാ അത്"

"ഒന്നുമില്ല മോളെ നീ എത്രയും വേഗം വിളിച്ചോണ്ടു വരണം". ഉമ്മാ താക്കീതുപോലെയാണതു പറഞ്ഞത്

"ശരി ഉമ്മാ", വേണു, അത്രയും മാത്രമേ പറഞ്ഞുള്ളു.

അന്നു രാത്രി മുഴുവൻ വേണുവിന്റെ മനസ്സിൽ ഗൗരിയായിരുന്നു. കുട്ടിക്കാലത്തെ ഓർമ്മകളായിരുന്നു. മുററത്തെ തേൻമാവും കുളക്കരയും വേണുവിന്റെ മനസ്സിൽ നിറഞ്ഞുനിന്നു. ഗൗരിയെ കൂട്ടിക്കൊണ്ടു വരണം

വേണു മനസ്സിൽ കരുതി

അന്ന് വൈകുന്നേരം, തെരുവിലൂടെ നടക്കുകയായിരുന്ന ബഷീറിനെ ആരൊക്കെയോ ചേർന്ന് പിന്നിൽ നിന്നാക്രമിച്ച് തലയ്ക്കടിയേററ്, മരണാസന്നനായി റോഡിൽ കിടന്ന അവനെ, നാട്ടുകാർ താങ്ങിയെടുത്ത് ആശുപത്രിയിൽ എത്തിച്ചു.

വേണുവിനെ ആരോ വിവരമറിയിച്ചു. വേണു ആശുപത്രിയിൽ എത്തി. വേണുവിനെ കണ്ടതും ആമിനുമ്മ ഉച്ചത്തിൽ കരയാൻ തുടങ്ങി. വേണു ഉമ്മയെ ആശ്വസിപ്പിക്കാൻ ശ്രമിക്കവെ ഉമ്മ പൊട്ടിത്തെറിച്ചു

''വേണ്ട വേണു നീയിതു ചെയ്യുമെന്ന് ഞാനൊരിക്കലും വിചാരിച്ചില്ലെടാ. നിനക്കും ബഷീറിനും ഒരുപോലെയേ ആഹാരം വിളമ്പിയിട്ടുള്ളു എന്നിട്ടു നീ ഞങ്ങളോട്'' ആമിനുമ്മ വിതുമ്പുകയാകയായിരുന്നു.

''ഉമ്മാ — ഉമ്മാ എന്താണീപ്പറയുന്നത് ഞാനൊന്നും ചെയ്തിട്ടില്ല''

''വേണ്ട നീയിനി ഒന്നും പറയണ്ട ഇവിടെ നിൽക്കുകവേണ്ട, പൊയ്ക്കോ, എങ്ങോട്ടെങ്കിലും''

''ഉമ്മാ ഞാനല്ല, ഇക്കായെ ഉപദ്രവിച്ചത്. ഞാനെന്തിനാണുമ്മാ എന്റെ ഇക്കായെ, ഉമ്മയെ, ആരോ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചിരിക്കയാ''

''ഇല്ല ... ഇല്ല നീയിവിടെ വേണ്ട, പൊയ്ക്കോ എന്റെ കൺമുമ്പീന്നു പൊയ്ക്കോ. നിനക്ക് ഞാൻ തന്ന സ്നേഹം വെറും പഴങ്കഥയായിക്കരുതിക്കോളാം. പൊയ്ക്കോ''

''ഉമ്മാ'' വേണുവും കരഞ്ഞുപോയി.

വേണുവിന് വേറെ വഴിയൊന്നുമില്ലായിരുന്നു. വേണു പറയുന്നതൊന്നും ആ ഉമ്മ കേട്ടില്ല. കാരണം തെററിദ്ധാരണ കനൽ ഉമ്മയുടെ മനസ്സിൽ എരിയുകയായിരുന്നു. വേണു കണ്ണീരൊപ്പി ഇറങ്ങി നടന്നു. വേണു തന്റെ ദുർവിധിയെ പഴിച്ചു. എല്ലാം കാണുന്ന ദൈവം തന്റെ ദുർവിധി കാണുന്നില്ലേ? തന്റെ എല്ലാമായ ഉമ്മ തന്നെ ആട്ടിയിറക്കി. താനിനി എങ്ങോട്ടുപോകും. തന്നെ ആർക്കും വേണ്ട. വേണു സ്വയം പഴിച്ച് അനന്തതയിലേക്ക് നടന്നു.

ബഷീറിന്റെ അസുഖം ഭേദമായി. മുറിവുകളും ഉണങ്ങി. അവന് സംസാരിക്കാമെന്നായി. അവൻ ഉമ്മയോട് ചോദിച്ചു.

''ഉമ്മേ, വേണൂനെ കണ്ടിട്ട് ഒത്തിരി ദിവസമായല്ലോ''

''ഞാനവനെ പറഞ്ഞുവിട്ടു''

''ഉമ്മാ, വേണുവല്ല എന്നെ ഉപദ്രവിച്ചത്. ഉമ്മയെ വേണുവിൽനിന്നും തെററിക്കുവാൻ ആ ഹാജിയാരും കൂട്ടരും ചെയ്തതാ''

'പടച്ചോൻപോലും പൊറുക്കാത്ത തെററാണു മോനെ ഉമ്മാ ചെയ്തത്. അവൻ എവിടെയാണെങ്കിലും തിരിച്ചെത്തണേ''

ബഷീർ തന്റെ പ്രിയപ്പെട്ട സഹോദരനെ തേടി അലഞ്ഞു.

പക്ഷെ ഒരു സത്യം തെളിഞ്ഞുകിടപ്പുണ്ടായിരുന്നു. വേണു തന്റെ അമ്മയുടെ അടുത്തേക്ക് പോയി എന്ന സത്യം.







വിവാഹ പട്ടുസാരികൾ
കാഞ്ചീപുരം, ബനാറസ് സാരികൾ
വിവിധതരത്തിലുള്ള കോട്ടൺ സാരികൾ,
റെഡിമെയ്ഡ് ഡ്രസ്സുകൾ, ചുരിദാറുകൾ.
ഷർട്ടിംഗ്, സ്യൂട്ടിംഗ്സ് എന്നിവയുടെ
വിപുലമായ ശേഖരം.

സാരികൾക്ക് മാത്രമായി A/c വിഭാഗം



SREESHYLAM

# ശ്രീശൈലം
## സിൽക്ക്സ് & സാരീസ്

പോസ്റ്റോഫീസിന് എതിർവശം, ഏറ്റുമാനൂർ

Ph: 537501, 538201

ഗുണമേന്മയും വിലക്കുറവും ശ്രീശൈലത്തിന്റെ വിജയം